Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മീനം 12—ബുധനാഴ്ചതോറും—പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 മാർച്ച് 25 | ലക്കം 31



അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനി

# ആ പരിഹാരപ്രദക്ഷിണം

(കെ. സി. ചാക്കോ എം. ഏ, എം. എസ്സ്.)

ഞാനുംകൂടി ഉൾപ്പെട്ട ആ ജനക്കൂട്ടം എന്തു ചെയ്യുകയാണ്? ഞാൻ ആലോചിച്ചു. മുൻപോട്ടും പുറകോട്ടും ഇരുവശങ്ങളിലേക്കും ഞാൻ കണ്ണോടിച്ചു. കണ്ണെത്താത്ത ദൂരത്തിൽ ഒരു വലിയ ജനക്കൂട്ടം. നാലടിനീളമുള്ള ഓരോ മരക്കുരിശും ഉയർത്തിപ്പിടിച്ച് കൊന്തജപിച്ചുകൊണ്ട് പൊതുനിരത്തിന്റെ പാർശ്വഭാഗങ്ങളിൽക്കൂടി നടക്കുന്നു. ആ യാത്ര പോകുന്നവഴിയോ, ചിലയിടങ്ങളിൽ ജനബഹുലം, മററു ചില യിടങ്ങളിൽ വിജനം. ആരാണിവർ? എന്താണിവർ ചെയ്യുന്നതു്? എന്തിനാണിവർ ഇതു ചെയ്യുന്നതു്? ഞാൻ തുടന്നു് എന്നോടുതന്നെ ചോദിച്ചു.



ആരാണിവർ? തൃശ്ശൂർ ഭദ്രാസനപ്പള്ളിയായ ലൂർദിലെ ഇക്കൊല്ലത്തെ പൊതുധ്യാനത്തിൽ സംബന്ധിച്ച ഭക്തജനങ്ങളാണവർ. അവരുടെ കൂട്ടത്തിൽ എല്ലാ പ്രായത്തിലും എല്ലാ അന്തസ്സുകളിലും എല്ലാ തൊഴിലുകളിലും പെട്ടവർ ഉണ്ടു്—ധനികരും ദരിദ്രരും, ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും, വൈദികരും അൽമായരും, അഭ്യസ്തവിദ്യരും അക്ഷരജ്ഞാനമില്ലാത്തവരും, രോഗികളും അരോഗദൃഢഗാത്രരും, അപ്പനും മകനും, അമ്മയും മകളും, സഹോദരനും സഹോദരിയും. ചുരുക്കത്തിൽ, എല്ലാവരും ഒരുപോലെ സഹകരിച്ച ഒരു ചടങ്ങായിരുന്നു അതു്. ജീവിതത്തിലെ ഏറിയഭാഗവും അക്രമികളോടും കള്ളന്മാരോടും ഇടഞ്ഞും മല്ലിട്ടും കഴിഞ്ഞിട്ടുള്ള ഒരു അധികാരി ആ ജനവ്യൂഹത്തിന്റെ മുൻപിൽ കുരിശുമേന്തി നടക്കുന്നതാണു് ആദ്യം എന്റെ ശ്രദ്ധയിൽപ്പെട്ടതു്. ദിവസംതോറും ബഹുശതം രോഗികളെ പരിശോധിച്ചും ചികിത്സിച്ചും ശുശ്രൂഷിച്ചും കഴിയുന്ന ഒരു ഭിഷഗ്വരൻ അടുത്തതു്. അനേകം ദേവാലയങ്ങൾക്കു് രൂപവും ബലിഷ്ഠതയും കൊടുത്ത ഒരു ശില്പകലാവിദഗ്ധനെയും അതിനിടയിൽ ഞാൻ കണ്ടു. മനുഷ്യനെ മനുഷ്യനിൽനിന്നു് അകററുന്ന ഒരു വലിയ ശക്തിയായ പണം ഏതാണ്ടു് അസംഖ്യമായും അലക്ഷ്യമായും കൈകാര്യം ചെയ്യുന്ന ബാങ്കുകാർ, കച്ചവടക്കാർ, വ്യവസായികൾ തുടങ്ങിയവരും അതിൽ കുറവായിരുന്നില്ല. ലോകത്തിന്റെ ധാർമ്മികോന്നമനത്തിനു് ഏററവും സഹായം നൽകുന്ന അദ്ധ്യാപകഗണവും അക്കൂട്ടത്തിൽ പ്രതിനിധീകരിക്കപ്പെട്ടിരുന്നു. ഇവരുടെയെല്ലാം ജീവിതത്തെശ്ശുശ്രൂഷിച്ചും ധന്യമാക്കിയും ഏറിയകൂറും സുജീവിതം കഴിച്ചുപോരുന്ന കുടുംബനാഥമാരും കൂടെപ്പിറപ്പുകളും എണ്ണത്തിൽ മററവരുടെ മുൻപിൽത്തന്നെയായിരുന്നു. തവിട്ടുകുപ്പായങ്ങൾക്കുമീതെ കിലുങ്ങുന്ന മണിക്കൊന്തകളും വലിച്ചുമുറുക്കിയ അരക്കെട്ടും ധരിച്ചു് മുണ്ഡിതശിരസ്കരായ കപ്പൂച്ചിൻ സന്യാസികളും ഈ നൂചിതഘോഷയാത്രയുടെ നടുവിൽ കാണാനുണ്ടായിരുന്നു.

ഇവർ എന്താണു ചെയ്യുന്നതു്? അവർ ഒരു പരിഹാരപ്രദക്ഷിണം നടത്തുകയാണു്. പരിഹാരപ്രദക്ഷിണം! ധ്യാനഗുരുക്കന്മാർ അവരെ ധരിപ്പിച്ചതുപോലെ, സ്വന്തം പാപങ്ങൾക്കും ലോകത്തിന്റെ പാപങ്ങൾക്കുംവേണ്ടി പരസ്യമായ ഒരു പരിഹാരാർത്ഥന നടത്തുകയാണവർ! അതുകൊണ്ടാണു് പരിഹാരപ്രവർത്തനത്തിന്റെ മകുടോദാഹരണമായ ഗാഗുൽത്തായിലെ ബലിയെ അനുസ്മരിപ്പിക്കുന്ന ഒരു ക്രൂശിതരൂപം ആ പരിഹാരയാത്രയുടെ ഏററവും ആകർഷകമായ അംശമായി നിയന്ത്രിച്ചിരുന്നതു്. പതിമൂന്നടി വലിപ്പം വരുന്ന ഒരു ക്രൂശിതരൂപം രഥത്തിൽ ഘടിപ്പിച്ചു്, പ്രദക്ഷിണത്തിന്റെ ഏതാണ്ടു നടുവിലായി കൊണ്ടുപോകപ്പെട്ടിരുന്നു. കഴിഞ്ഞ ശതാബ്ദജൂബിലിയാഘോഷങ്ങളിൽ തൃപ്പൂണിത്തുറ നിന്നു രാജപാതവഴി ആഘോഷമായി എറണാകുളത്തു കൊണ്ടുവന്നു സ്ഥാപിച്ചിരുന്ന അതേരൂപംതന്നെ. രണ്ടാമത്തെ ക്രിസ്തു എന്നറിയപ്പെടുന്ന ആ വിശുദ്ധൻ—അസ്സീസിയിലെ മഹാഭിക്ഷുവായ കർമ്മയോഗി—മിശിഹായോടുകൂടി ലോകരക്ഷയ്ക്കായി പരിഹാരമപ്പിക്കാനുള്ള ആഗ്രഹത്താൽ ദിവ്യനാഥന്റെ തിരുമുറിവുകളുടെ പ്രതിരൂപം സ്വശരീരത്തിൽ ഏററുവാങ്ങുവാൻ ഭാഗ്യംലഭിച്ച ആ മഹാപുണ്യവാൻ വിരിച്ച കൈകളോടുകൂടി ലോകത്തിനു് അനുഗ്രഹാശിസ്സുകൾ പ്രാർത്ഥിച്ചുകൊണ്ടു മുട്ടിന്മേൽനിന്നു് പരിഹാരയാത്രയെ നയിക്കുന്നതായി സജ്ജീകരിച്ചിരുന്ന ഒരു രൂപം പ്രത്യേകം ഔചിത്യം നിറഞ്ഞതായിരുന്നു.

എന്തിനാണിവർ ഇതു ചെയ്യുന്നതു്? ഉത്തരംപറയുവാൻ വിഷമിക്കുന്ന ഒരു ചോദ്യം! ഉത്തരം പറഞ്ഞാലും അറിഞ്ഞാലും അതു മനസ്സിലേക്കിറങ്ങാൻ എളുപ്പമില്ലാത്ത ഒരു ചോദ്യം. സുഖത്തിന്റെയും സന്തോഷത്തിന്റെയും സമൃദ്ധിയുടെയും പ്രസക്തിയുടെയും പിന്നാലെ വെമ്പൽകൊണ്ടു കുതിച്ചോടുന്ന ഒരു ലോകത്തിനു് അംഗീകരിച്ചു് ആദരിച്ചു പ്രകീർത്തിക്കുവാൻ പ്രയാസമുള്ള ഉത്തരംനൽകുന്ന ഒരു ചോദ്യം! മാനുഷികമായ മാനദണ്ഡങ്ങൾ വച്ചളന്നാൽ വിഭ്രമജനകമായ ഒരു പെരുമാററം. സുഖത്തിനും കീർത്തിക്കും സമ്പത്തിനുംവേണ്ടി പ്രകൃത്യാ ചായുന്ന ഈ ജഡത്തെ അമർത്തി, അസുഖങ്ങളെ അവഗണിച്ചു്, ഇരുവശങ്ങളിലുംനിന്നു് തങ്ങളുടെ പ്രവൃത്തികളുടെ ഗാംഭീര്യത്തെ മനസ്സിലാക്കാതെ തങ്ങളുടെ സ്ഥിരതയെ ചോദ്യംചെയ്തുകൂടി തങ്ങളെ അപമാനിച്ചേക്കാവുന്നകൂടെപ്പിറപ്പുകളുടെ മുൻപിൽ, കുരിശു് ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഈ ജനക്കൂട്ടത്തിന്റെ നടപ്പു്! എന്താണിതിന്റെ അർത്ഥമെന്നോ?

ഞങ്ങളോടുകൂടി മൂകമായി നീങ്ങിനീങ്ങിവന്ന ആ പ്രസംഗവേദിയിലേക്കു ഞാൻ കണ്ണോടിച്ചു: ഏതാണ്ടു രണ്ടായിരംകൊല്ലങ്ങൾക്കുമുൻപു് ഗാഗുൽത്തായിൽ ആദ്യമായി ഉയർത്തിനാട്ടിയ സജീവമായ ആ ബലിവേദിയുടെ അനുസ്മരണമായ കുരിശുരൂപത്തിലേക്കു്. അനന്തനായ ഒരു സ്നേഹസ്വരൂപൻ കേവലം ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചു് രൂപം നൽകി അനുഗ്രഹിച്ച ലോകത്തേക്കു പ്രവേശിപ്പിച്ച മനുഷ്യൻ—തന്റെ സകല ഐശ്വര്യങ്ങൾക്കും നിദാനമായ ആ ദൈവത്തോടു പ്രതിഷേധിച്ചു്, തന്നെ ധിക്കരിച്ചു് നിന്ദിച്ചു്, കൃതഘ്നനായി തന്നിൽനിന്നു് ഓടിപ്പോയതും പോകുന്നതും പോകുവാനിരിക്കുന്നതും കണ്ടറിഞ്ഞു് അതിനു പരിഹാരമായി സ്വയം ബലിയപ്പിച്ച ആ ദൈവകുമാരൻ തന്നെയല്ലേ ഇതിന്റെ അർത്ഥം അസന്ദിഗ്ധമായി വിളിച്ചറിയിക്കുന്നതു്! വചനം മാംസമായി നമ്മോടുകൂടി വസിച്ചതു എന്തിനെന്നു് നാം അനുസ്മരിക്കുന്നോ? പാപപങ്കിലമായ നമ്മുടെ മാംസബന്ധങ്ങളിൽ താല്ക്കാലികമായി തങ്ങി ഒതുങ്ങിനില്ക്കുന്ന നമ്മുടെ നിത്യജീവനെ നിത്യനാശത്തിൽനിന്നു് സമുദ്ധരിക്കുവാൻ. സുഖവും ധനവും കീർത്തിയുംനോക്കി ദൈവത്തെ ധിക്കരിക്കുന്ന സ്വാർത്ഥമതികളായ നമ്മുടെ കൃതഘ്നതയെ തന്റെ തിരുശരീരത്തിലെ പീഡാനുഭവങ്ങൾവഴി പരിഹരിക്കുവാനായിരുന്നില്ലേ അതു്?

പഴയനിയമത്തിൽ ദൈവത്തിനു ബലിയായി അപ്പിക്കപ്പെട്ടുവന്ന കുഞ്ഞാടിനെപ്പോലെ ലോകത്തിന്റെ പാപങ്ങളെപ്രതി ബലിവസ്തുവായിത്തീന്ന "ദൈവത്തിന്റെ കുഞ്ഞാടു്" എന്നു പറഞ്ഞുകൊണ്ടല്ലേ വി. സ്നാപകയോഹന്നാൻ ഈശോയെ നമുക്കു് ആദ്യമായി ചൂണ്ടിക്കാണിച്ചുതന്നതു്?

പാപം ഏതായാലും, അതിന്റെ ഗൗരവമോ ലാഘവമോ നോക്കാതെ, നമുക്കറിയാം അമിതമായ ഒരു സുഖാനുഭൂതിയാണെന്നു്. ന്യായവും പ്രകൃതിയും അനുവദിക്കുന്നതിൽക്കവിഞ്ഞുള്ള ആശകളുടെ സാഫല്യമല്ലേ പാപം. അങ്ങനെ അനുവദനീയമല്ലാത്ത, അതിരുകടന്ന അനുഭവങ്ങളിൽനിന്നു് പാപിക്കു ലഭിക്കുന്ന സംതൃപ്തി ദൈവത്തിന്റെ നീതിയിൽ പരിഹരിക്കപ്പെട്ടേ മതിയാവൂ. ഒന്നുകിൽ ഇവിടെ, അല്ലെങ്കിൽ മററു് എവിടെയെങ്കിലും. കൂടുതൽ സുഖത്തിനും സംതൃപ്തിക്കും ഉള്ള പരിഹാരം, കൂടുതൽ ദുഃഖവും പ്രയാസങ്ങളും ആകുന്നു. സൃഷ്ടവസ്തുക്കളോടുള്ള അമിതമായ പക്ഷത്തിനു പരിഹാരം, അവയോടു് തത്തുല്യമായ വിരക്തി ഉണ്ടാവുകയാണല്ലോ. അങ്ങനെ അനുവദനീയമായ സുഖസന്തോഷങ്ങളെപ്പോലും പരിത്യജിച്ചാണു് നാം പരിഹാരം അനുഷ്ഠിക്കേണ്ടതു്. വേണമെങ്കിൽ തന്റെ സമീപത്തു വിതറിക്കിടന്ന കല്ലുകളെപ്പോലും അപ്പമാക്കി ഭക്ഷിക്കാൻ കഴിയുമായിരുന്ന മിശിഹാ നാല്പതുദിവസത്തെ ഉപവാസത്തോടുകൂടിയല്ലേ ലോകത്തിനു നന്മചെയ്യാൻ പുറപ്പെട്ടതു? ആദ്യം തന്നെ, "അനുതപിക്കുക, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം സമാഗതമായിരിക്കുന്നു." (St. Math. IV, 17) എന്നു പറഞ്ഞുകൊണ്ടു് താൻ വി. സ്നാപകയോഹന്നാന്റെ പരിഹാരത്തിനുള്ള ആഹ്വാനത്തെ ഉറപ്പിച്ചു. വി. യോഹന്നാൻ പറഞ്ഞിരുന്നു, "അനുതാപത്തിനു് അനുയോജ്യമായ ഫലം കൂടി നിങ്ങൾ പുറപ്പെടുവിക്കുക" (St. Mark III, 8) "ക്ഷാരംപൂശി ചാക്കുവസ്ത്രങ്ങൾ ധരിച്ചു" അനുതാപം പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനെക്കൂടി ദിവ്യരക്ഷകൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

(തുടരും)

---

## ഗോവയിൽ നടന്ന തിരുക്കർമ്മകോൺഗ്രസ്സ്

ഗോവയിൽ ശൗര്യാർ പുണ്യവാന്റെ തിരുശരീരപ്രദർശനത്തിൽ ആകെ 15 ലക്ഷം ജനങ്ങൾ സംബന്ധിച്ചതായി കണക്കെടുത്തിരിക്കുന്നു. തിരുശരീരം വീണ്ടും ഒരു പളുങ്കുപേടകത്തിൽ നിക്ഷേപിച്ചു മുദ്രവയ്ക്കുന്നതിനുമുമ്പായി തിരുസഭയുടെ ആരാധനാക്രമങ്ങൾ സംബന്ധിച്ചു് മൂന്നുദിവസത്തേക്കു് ഒരു കോൺഗ്രസ് നടന്നു. പരിപാവനമായ തിരുക്കർമ്മങ്ങളുടെ പൂജ്യതയ്ക്കു ഹാനിതട്ടത്തക്കവണ്ണം അവിടവിടെ നുഴഞ്ഞുകയറിക്കാണുന്ന അശ്രദ്ധകളെ പരിഹരിക്കുന്നതിലേക്കു് വേണ്ട മാർഗ്ഗങ്ങളെ നിർദ്ദേശിച്ചുകൊണ്ടു പല വൈദികപ്രമുഖന്മാരും പ്രസംഗിച്ചു. ഉപസംഹാരത്തിൽ ഗോവാപാത്രിയക്കീസു തിരുമനസ്സുകൊണ്ടു പറഞ്ഞു: രണ്ടുമൂന്നു നൂററാണ്ടുകളായി ഗോവയിലെന്നപോലെ മററു സ്ഥലങ്ങളിലും തിരുക്കർമ്മസംബന്ധമായിട്ടുള്ള പല ചില്ലറ ന്യൂനതകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഈ കോൺഗ്രസ്സും ഇവിടെ നടന്ന പ്രസംഗങ്ങളും അവയെല്ലാം ശുദ്ധീകരിക്കുന്നതിനു പ്രയോജനപ്പെടാതിരിക്കയില്ല.



1953 മാർച്ചുമാസത്തിൽ തൃശ്ശൂർ ലൂർദ്ദ് ഭദ്രാസനപ്പള്ളിയിൽ കപ്പൂച്ചിൻ സഭക്കാരായ ബ. വൈദികർ ധ്യാനിപ്പിച്ചപ്പോൾ നടത്തിയ പരിഹാരപ്രദക്ഷിണം.

## പഴയനിയമത്തിലെ പുരോഗമനപരമായ

# മറെറാരു പ്രണയകഥ ×

(എൻ. എക്സ്. കുര്യൻ ബി. എ., ബി. എൽ.)

ഗാഥ

പൊല്ലോലയൊരേദന്റെ മേദുര മാധുര്യം
അല്പമായെങ്കിലും മർത്ത്യനേകാൻ
കല്പിച്ചുതമ്പുരാനൻപെഴും ദാമ്പത്യ
കല്പകല്പവനമിബ്ഭുവിയിൽ.

ഭർത്താവിനെ അന്വേഷിച്ചു പോയ വധുവിന്റെ കഥ മാത്രമല്ല വധുവിനെ അന്വേഷിച്ചുചെന്ന വരന്റെ കഥയും ബൈബിളിൽ കാണാം. ആദ്യത്തേതിൽ വധു ദരിദ്ര. രണ്ടാമത്തേതിൽ വരൻ കേവലം ദരിദ്രൻ. എന്നാൽ ഈ രണ്ടുവിഭാഗത്തിലേയും വധൂവരർ ഒരു കാര്യത്തിൽ യോജിച്ചിരുന്നു. ദൈവഭയഭക്തിയിൽ. ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കുന്നവർക്ക് ഐഹികജീവിതത്തിലും സൗഭാഗ്യം കൈവരുമെന്നുള്ള സംഗതി ഈ രണ്ടു കഥയും പഠിപ്പിക്കുന്നു.

അസ്സീറിയാക്കാർക്ക് അടിമപ്പെട്ടു ജീവിച്ചിരുന്ന തോബിയാസ്സിനു ഐഹികമായ യാതൊരു സമ്പത്തുമില്ലായിരുന്നു. എന്നുമാത്രമല്ല, കണ്ണുകൾ രണ്ടും പൊട്ടിപ്പോയുമിരുന്നു. വാർദ്ധക്യവും ദാരിദ്ര്യവും ബാധിച്ച് ഇദ്ദേഹം മരണത്തെ പ്രതീക്ഷിച്ചുജീവിച്ചു. തന്റെ ഏകപുത്രനായ കൊച്ചുതോബിയാസ്സിനു പിതൃസ്വത്തായി തന്റെ ആശിസ്സുമാത്രമേ നൽകാനുണ്ടായിരുന്നുള്ളൂ. ആയതു നൽകപ്പെട്ടതോടുകൂടി കഥയിലേക്കു പ്രവേശിക്കാം:—

പിതാവുതോബിയാസ്സ് പ്രസ്താവിക്കുകയാണു്,

ഗാഥ

(1) ഓമനേതാവകം തുമുഖം കാണുവാൻ
മാമകനേത്രങ്ങൾകാംക്ഷിക്കുന്നു.
എന്തു ഞാൻ ചെയ്യുമീ ബാഷ്പങ്ങളെങ്കിലും
നിന്തങ്കവക്ത്രം തലോടിടട്ടെ.
(2) ചെല്ലമേയെന്നുടെയാശിസ്സല്ലാതൊരു
ചില്ലിക്കാശില്ല നിനക്കു നൽകാൻ
ഉള്ളഴിഞ്ഞുള്ള തെന്നോമനേയേകുന്നു
ഉള്ളംതെളിഞ്ഞു നീ വാങ്ങിക്കൊൾക.
(3) ഏവം വചിച്ചവൻ പുത്രന്റെ മൂർദ്ധാവിൽ
പാവനചുംബനംചേർത്തനേകം
കെട്ടിപ്പിടിച്ചു കവിൾത്തടം രണ്ടിലും
പൊട്ടക്കണ്ണൂറും കണ്ണീരൊഴുക്കി.

ഉത്തമന്മാരായ പുത്രന്മാർക്ക് അവരുടെ പിതാക്കന്മാരുടെ ഉള്ളഴിഞ്ഞ അനുഗ്രഹങ്ങൾക്കുപ്പുറമായ പിതൃസ്വത്ത് വല്ലതും വേണമോ! ഭാവിയിലുണ്ടാകാൻ പോകുന്ന മഹാഭാഗ്യങ്ങളുടെ സൂചനയെന്നപോലെ പുത്രന്റെ മുഖത്ത് അപ്പോഴുണ്ടായ ഭാവഭേദം കാണുക:—

ഉല്പന്നവാത്സല്യമുൽഭ്രതമാക്കിയ
നിഷ്പാപബാഷ്പാ പൂരണ്ടാവക്ത്രം
തണ്ടാരിൽ മാതുതാൻ കൊണ്ടാടി മാനിക്കും
താണ്ഡവമണ്ഡലമായിമാറി.

തന്റെ നല്ലകാലത്തു തോബിയാസ്സ് സ്വദേശത്തു ഒരു സ്നേഹിതനു കുറ വെള്ളിനാണയങ്ങൾ വായ്പകൊടുത്തിരുന്നു. അതു പണ്ടുപണ്ടേ കാലഹരണപ്പെട്ടുപോയി. എങ്കിലും നല്ല നിലയിലിരിക്കുന്ന ആ കടക്കാരൻ വല്ലതുമെങ്കിലും പൂർവ്വസ്നേഹിതന്റെ നിർദ്ധനനായ പുത്രനു കൊടുക്കാതിരിക്കുകയില്ലാ എന്നുള്ള വിശ്വാസത്തിൽ കൊച്ചുതോബിയാസ്സിനെ പിതാവു വിദൂരദിക്കിലുള്ള അയാളുടെ ഭവനത്തിലേക്ക് അയക്കുന്നു. യാത്രാരംഭത്തിൽത്തന്നെ കൊച്ചുതോബിയാസ്സിനു് ഒരു കൂട്ടുകാരനേയും ലഭിക്കുന്നു. ഇവർ രണ്ടുപേരുംകൂടി ദീർഘയാത്ര കഴിച്ച് കഷ്ടപ്പെട്ട്, ഒരു നദിയുടെ തീരത്തു ചെല്ലുന്നു. ദാഹം ശമിപ്പിക്കാൻ കൊച്ചുതോബിയാസ്സ് നദിയുടെ വക്കത്തിറങ്ങി. അപ്പോളിതാ ഒരു ഭീമമത്സ്യം,

ഗാഥ

യോനായെ കണ്ണും തൊടാതെ വിഴുങ്ങിയ
പീനശരീരനാം മത്സ്യംപോലെ
വാനവർകോനുമായ് വീണ്ടും പൊരുതുവാൻ
മൈനാകംനീററിൽനിന്നെന്നപോലെ
മന്നവകന്യയെ കൊന്നശിച്ചീടുവാൻ
പന്നഗംവന്നു മുതിന്നപോലെ
കാണായിതന്നേരം ചണ്ഡകളേബരൻ
മീനമൊന്നോടിയടുത്തുമുന്നിൽ.

ദൈവാധീനംകൊണ്ടു് കൊച്ചുതോബിയാസ്സിനോടു മത്സ്യം തോററു. അതിനെ കൊന്നു കുടലും എടുത്തുകൊണ്ടു് അവർ യാത്രതുടങ്ങി. രാജിസ് എന്ന നഗരത്തിൽ എത്തിയപ്പോൾ അവിടെ

ഗാഥ

(1) രാജാധിരാജനിൽ ഭക്തിയും സമ്പത്തും
രാജാനുയോജ്യമാം പ്രാഭവവും
യോജിച്ചുരാജിച്ചു റാഗുവേല ക്കാലം
രാജീസെന്നുള്ളൊരാ ദേശംതന്നിൽ
(2) സന്താനമായവന്നൊന്നേയുള്ളായവൾ
സന്താനസൂനങ്ങൾ മാനിക്കുന്ന
മന്ദാരസൗന്ദര്യ്യദർശനംതന്നെയാം
ചെന്താമരാക്ഷിമാർ മൗലിമാല
(3) സൗന്ദര്യംപോലുള്ള സൗശീല്യസമ്പത്തു-
മൊന്നിച്ചു മിളിച്ചോരീവരാംഗിയുടയവംശമാം വാനിൽ വിളങ്ങിയ
സ്ഫീതാഭതൂകിനതുനിലാവായ്.

സമ്പത്തിലും ഒരു സന്താനരത്നത്തിന്റെ പിതൃത്വത്തിലും അനുഗ്രഹീതനായ റാഗുവേൽ ദാനധർമ്മത്തിലും അതിഥിസല്ക്കാരത്തിലും സുപ്രസിദ്ധനായിരുന്നു. ആകയാൽ അന്നത്തെ രാത്രി കഴിക്കുന്നതിനു് നമ്മുടെ വഴിയാത്രക്കാർ, കൊച്ചുതോബിയാസ്സും സ്നേഹിതനും, അദ്ദേഹത്തിന്റെ ഭവനത്തിൽ ചെന്നു. പിതാവും പുത്രിയും അവരെ സന്തോഷപുരസ്സരം സ്വീകരിച്ച് അത്താഴസദ്യയും നല്കി. അപ്പോൾ കൊച്ചുതോബിയാസ്സ് സ്നേഹിതന്റെ പ്രേരണയാൽ റാഗുവേലിന്റെ പുത്രി സാറായെ തനിക്കു സഹധർമ്മിണിയായി നൽകണമെന്നു് അവളുടെ പിതാവിനോടപേക്ഷിച്ചു. ഇതു് വിചിത്രമായ ഒരു അഭ്യർത്ഥനയല്ലേ?

എന്തുകൊണ്ടെന്നാൽ ജീവിതത്തിനു പോംവഴിയില്ലാത്ത ഈ വഴിപോക്കനു്

അത്താഴംമാത്രം പോരാതിഥേയാത്മജ
പത്നിയുമാകണം ചിത്രംചിത്രം.

ഇനി ഈ സാറായുടെ ചരിത്രം കേൾക്കണം.

ശീലവും പേലവരൂപവും മേളിച്ചീലോലായതാക്ഷിയാൾ ലാലസിക്കേ
ബാലരും വൃദ്ധരും ആലോലചിത്തരായ്
വേലംകൊതിച്ചിവളേവരിപ്പാൻ.
സമ്മോഹസംക്രാന്തർ ഏഴുപേരുദ്യമി-
ച്ചിമ്മഞ്ജുളാംഗിയെ ഉദ്വഹിപ്പാൻ
പാമ്പിൻഫണത്തിലെ മാണിക്യംപൂണുവാൻ
സംഭ്രാന്തിപൂണ്ടോർതൻയത്നംപോലെ

എന്നാൽ,

തണ്ടാരിൻതുമുഖം കണ്ടാനന്ദിക്കുവാൻ
ചണ്ഡാലൻ ചന്ദ്രനു് ശേഷിയുണ്ടോ?
തണ്ടലർതുണ്ഡത്തിൽ ചുംബനമപ്പിക്കാൻ
ചണ്ഡാംശുതന്നെ ചരിച്ചിടേണം
കല്യാണരാത്രിയിൽത്തന്നെ കണവരെ
കൊല്ലാനടുത്ത കൊടുംപിശാചിൻ
കൈയിലകപ്പെട്ടിയേഴു പൂരുഷരും
നിര്യാണമാർന്നു നിലംപതിച്ചു.
നാട്ടാരിവാർത്തകൾ കേട്ടപ്പോൾ കന്യയിൽ
കെട്ടിപ്പുലർത്തിയപശ്രുതികൾ
എങ്കിലും ദൈവഹിതം നിറവേറുവാൻ
മങ്കയാൾപ്രാർത്ഥിച്ചുഭംഗമെന്യേ
"ലോകാപവാദം സഹിക്കാനശക്തയായ്
നാകാധിരാജാ ഭവിച്ചിരുന്നാൻ
ആകയാൽ സർവ്വേശ നീകനിഞ്ഞെന്നുടെ
ശോകാപശാന്തിവരുത്തിടേണേ"
സത്തുക്കൾ ദൈവത്തോടർത്ഥിപ്പതെങ്ങാനും
വ്യർത്ഥമായ് തീർന്നതായ് കേട്ടിട്ടുണ്ടോ
കാലജ്ഞനാകുന്ന തമ്പുരാൻ വേണ്ടൊരു-
കാലത്തതിൻ ഫലം കൈവരുത്തും.

ഇങ്ങനെ വിവാഹോദ്യമക്ക് അപകടം നിറഞ്ഞ ഈ പെൺകൊടിയെ വരിക്കാനാണു് കൊച്ചുതോബിയാസ്സിന്റെ സംരംഭം. ഇവർ യാത്രക്കാരാണെങ്കിലും ഇക്കഥകൾ ഒക്കെ ഇവക്കും മനസ്സിലായി. പോരെങ്കിൽ റാഗുവേൽ തന്നെ ഇതു് പ്രസ്താവിക്കയുംചെയ്തു. മഹാസിദ്ധനായ തോബിയാസ്സിന്റെ പുത്രനാണു് ഈ യുവാവെന്നും ആ പുണ്യവാനു് വേറെ മക്കളില്ലെന്നും റാഗുവേൽ ഗ്രഹിച്ചിരുന്നു. കൊച്ചുതോബിയാസ്സ് പറകയാണു്.

ചെമ്മേഗ്രഹിച്ചു ഞാനീവാർത്തയെങ്കിലും
എന്മനസ്സിന്നില്ലിളക്കമേതും
ചിന്മയചോദനാകൊണ്ടു തുനിഞ്ഞുഞാൻ
ഇമ്മാന്യകന്യയെ ഉദ്വഹിപ്പാൻ.
അല്ലലിനുള്ളൊരു കാരണമേതുമി-
ക്കല്യാണംകൈവരുത്തീടുകില്ല
അല്ല, മരണമാണെങ്കിലും ദൈവേഷ്ടം
ഉല്ലംഘിച്ചീടുവാൻ ആരുപാരിൽ?

അപ്പോൾ സാറ എന്തുചെയ്യുകയായിരുന്നു.

താതൻപഥികനോടോതിയ വാക്യവും
ചേതോഹരന്റെ മറുപടിയും
വാതിൽമറയിൽ മറഞ്ഞു മതിമുഖി
കാതുകുളുർക്കെ ശ്രവിച്ചുനിന്നു.

സാറായെ വിളിച്ചു പിതാവ് സമ്മതം ചോദിച്ചു. അവൾ കൊച്ചുപെണ്ണല്ലല്ലോ. തോബിയാസ്സിനെ കണ്ടപ്പോൾ സാറായ്ക്കു മനസ്സിലായി, ഈ യുവാവുമാത്രമാണ് തന്റെ മനസ്സിനു യോജിച്ച മണവാളൻ എന്ന്. എങ്കിലും അവളുടെ ചിത്തവൃത്തി ഇങ്ങനെയായിരുന്നു.

തിങ്കളും സൂര്യനും സങ്കുലമായൊരു
പങ്കജംപോലവേ മങ്കതന്നിൽ
ശങ്കയും പ്രേമവും സങ്കീർണ്ണമായവൾ
സങ്കടംപൂണ്ടു പാരംകുഴങ്ങി.

(തുടരും)

x Rights reserved

## വിട്ടുപകരണങ്ങൾ

(ശിവറാം)

അത്യന്തം നിശ്ശബ്ദമായിരുന്നു ശ്മശാനത്തിലേക്കുള്ള ആ യാത്ര. ആ കുഞ്ഞിന്റെ മുഖത്തേക്കു് ഒന്നു നോക്കാൻ ആരും ധൈര്യപ്പെട്ടില്ല. അബദ്ധത്തിൽ നോക്കിയവർ കണ്ണുനീർ തുടച്ചു് ഏങ്ങിക്കരയുകയാണു്. ആരും കരഞ്ഞുപോകും ഒന്നരവയസ്സുമാത്രം പ്രായമുള്ള രഘുവിന്റെ ആ കിടപ്പുകണ്ടാൽ. അവനെന്താണൊരു കുററം ലോകത്തിനു ചെയ്തിട്ടുള്ളതു? എന്തെല്ലാം പ്രത്യാശകൾ അവനിൽക്കൂടി അവന്റെ മാതാപിതാക്കൾ കണ്ടിരുന്നു. എല്ലാം പോയി. ആ കുഞ്ഞ് ഒരപകടത്തിൽ കുടുങ്ങി. ആ അപകടം അതിന്റെ ജീവനുംകൊണ്ടുപോയി. എന്നന്നേക്കുമായി. തകർന്നു കേടുവന്നു നിന്നുപോയ ഏതു് യന്ത്രവും മനുഷ്യനാൽ നന്നാക്കി വീണ്ടുമോടിക്കാൻ സാധിച്ചേക്കും. എന്നാൽ ഇന്നുവരെയും മനുഷ്യശരീരത്തിന്റെ ഭാഗങ്ങൾ കേടുവന്നാൽ മാററിയിടാനോ നിന്നുപോയാൽ നടത്താനോ ആരാലും സാധ്യമായിട്ടില്ല.

രഘുവിനെന്തുപററിയെന്നറിയുന്നതു് വീട്ടുകാർക്കു് ഒരു പാഠമായിരിക്കും. അന്നു് അവന്റെ വീട്ടിൽ ഒരുകുല കായ് വറുത്ത് ഉപ്പേരിയുണ്ടാക്കി. ഒന്നരവയസ്സുള്ള രഘുവിനു് അവന്റെ ചേച്ചി ഒരു ഉപ്പേരി തിന്നാൻകൊടുത്തു. രഘു അതു് തിന്നുതീർക്കാൻ ആർത്തിയോടെ വായിലേക്കിട്ടു. അവനതറിയാതെ വിഴുങ്ങി. ഉപ്പേരിക്കഷണം തൊണ്ടയിൽ തങ്ങി. അങ്ങോട്ടുമില്ല ഇങ്ങോട്ടുമില്ല എന്ന നിലയിൽ അതവന്റെ തൊണ്ടയിൽ തറച്ചിരുന്നു. കുട്ടിയുടെ ശബ്ദമടച്ചുള്ള നിലവിളികേട്ട് അവന്റെ അമ്മയും അയൽവാസികളുമെല്ലാംഓടിയെത്തി. പലതുംപലതുംചെയ്തു. ഒടുക്കം ആശുപത്രിയിലും കൊണ്ടുപോയി. പിച്ചുകുഞ്ഞല്ലേ—അവിടെ ചെന്നപ്പോഴേക്കും അതിന്റെ ശ്വാസം നിലച്ചുപോയിരുന്നു. പാവം! അങ്ങനെ ആ ഓമനമുഖം എല്ലാവരും കാൺകെ മറഞ്ഞുപോയി.

വീടുകളിൽ കുട്ടികളെ നോക്കാൻ സാധാരണ മൂത്ത കുട്ടികളെയാണു് അമ്മമാർ ചുമതലപ്പെടുത്താറുള്ളതു്. അതിൽനിന്നും എന്തെല്ലാം വന്നുകൂടാമെന്നുള്ളതിനൊരുദാഹരണമാണു് രഘുവിന്റെ ദയനീയമായ കഥ. ബലൂണിന്റെ കഷണങ്ങൾ, ഉപ്പേരി, മാങ്ങയുടെ തൊലി, വലിയ തേങ്ങാക്കൊത്തു്, ചക്കച്ചുള ഇതൊക്കെ കുഞ്ഞുങ്ങൾ എടുത്തു വായിലിടും. അവ കുഞ്ഞുങ്ങളുടെ തൊണ്ടയിൽ തങ്ങാനും ശ്വാസനാളങ്ങളെ അടയ്ക്കാനും കാരണമാകുന്നവയാണു്. അതിനാൽ നമ്മെത്തന്നെ അവലംബിച്ചു്, നമ്മെത്തന്നെ വിശ്വസിച്ചു്, നമ്മെ അനുസരിച്ചു വളരുന്ന കുഞ്ഞുങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഒരു കുടുംബത്തിലുള്ള എല്ലാ അംഗങ്ങളും വേണ്ടത്ര ശ്രദ്ധപതിപ്പിക്കണം. അമ്മമാരാണു് വീട്ടിൽത്തന്നെ എപ്പോഴുമുണ്ടായിരിക്കുന്നവർ. അവർ അവരുടെ വീട്ടിലുള്ള എല്ലാ സ്ഥാനങ്ങളും കൂടെക്കൂടെ പരിശോധിക്കയും അപകടമുണ്ടാക്കുന്നതിനു് കാരണമായ ചുററുപാടുകൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയെ നീക്കംചെയ്യുകയും സുരക്ഷിതമായ രീതിയിൽ അവിടം സൂക്ഷിക്കയും ചെയ്യണം.


തറയിൽ വെള്ളം കിടക്കുന്നതുകണ്ടാൽ ഉടൻ തുടച്ചു വൃത്തിയാക്കണം. അല്ലെങ്കിൽ പിച്ചനടന്നോടിവരുന്ന നിങ്ങളുടെകുഞ്ഞ് അതിൽഅറിയാതെ ചവിട്ടി തെററിവീണു് ചുണ്ടുപൊട്ടിക്കാൻ ഇടവരുന്നതാണു്. മാമ്പഴത്തൊലിയോ പാവയ്ക്കാക്കുരുവോ അവിടവിടെ തറയിൽ കിടക്കുന്നതു് കുട്ടികളുള്ളവീട്ടിൽ സുരക്ഷിതമല്ല.

നാം പലപ്പോഴും വളരെ നിസ്സാരമെന്നു് കരുതി തള്ളുന്ന ചെറിയ കാര്യങ്ങളാണു് പലപ്പോഴും ഭയങ്കരമായ ആപത്തുകൾക്കു് കാരണമാകുന്നതു് എന്ന കാര്യം ഒരിക്കലും വിസ്മരിക്കരുതു്.

ഈയിടെ ഒരു മീൻപിടുത്തക്കാരനു പററിയ അപകടം നേരംപോക്കുള്ളതാണു്. എങ്കിലും അതു് ഭയങ്കരവുമായിപ്പോയി.

വെള്ളത്തിൽനിന്നും പിടിച്ചെടുത്ത ഒരു ചെറിയ മീനിനെ യുവാവായ മുക്കുവൻ തന്റെ പല്ലുകളുടെയിടയിൽ കടിച്ചുപിടിച്ചുകൊണ്ടു് വേറൊരു മീനിനെ തപ്പുകയായിരുന്നു. വായിലിരുന്ന മീൻ കുതിച്ചൊരു ചാട്ടം! അതവന്റെ വയററിൽ ജീവനോടെ ചെന്നുചേർന്നു. പുതിയ ലോകമായ വയററിൽ ആ മീൻ വെറുതെ അടങ്ങിയിരുന്നില്ല അതു് വയററിൽക്കിടന്നു് ഓടാനും

(ശേഷം 10-ാം പേജിൽ)



"വയറാകെ തകന്നു വേദനയെടുത്തതുകൊണ്ടാ മുക്കുവൻ ഞെളിഞ്ഞു നിലവിളിച്ചു."

പ്രഭാഷണം

# നമ്മുടെ പ്രദക്ഷിണങ്ങൾ

(ഓശാനഞായർ: മത്തായി 21; 1—9)

പ്രശസ്തിയുടെ പ്രകാശവലയത്തിൽനിന്നും ഓടിയകലുകയായിരുന്നു ക്രിസ്തുവിന്റെ പതിവു്. എന്നാൽ അണയാറായ ദീപം അവസാനമായിട്ടൊന്നു് ആളിക്കത്തുന്നതുപോലെ, മരണത്തോടേററം അടുത്തിരുന്ന ദിവ്യരക്ഷകൻ സ്വന്തം വ്യക്തിമാഹാത്മ്യം അല്പനേരത്തേക്കു വിജയഭൃതിയാൽ വിരാജിക്കുവാൻ അനുവദിച്ചു. അന്നു് തികച്ചും രാജകീയമായ ഒരു സ്വീകരണമാണു ജറുസലം നിവാസികൾ അവിടുത്തേക്കു നൽകിയതു്. അവരുടെ ആനന്ദവായ്പിനു് അതിരില്ലായിരുന്നു. അവർ വഴിയിൽ വിരിച്ച വെള്ളവസ്ത്രം, കരങ്ങളിലേന്തിയ വൃക്ഷശാഖകൾ, ആലപിച്ച "ദാവീദിന്റെ പുത്രനു ഓശാന......" എന്ന മംഗളഗാനം, ഇവയെല്ലാം അവരുടെ ആത്മാർത്ഥതയെ വിളിച്ചറിയിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ആ ആരാധ്യപുരുഷൻ അവസരം കഴിഞ്ഞ ടിക്കററുപോലെയും പഴകിയ ചെരിപ്പുപോലെയും ഓട്ടപ്പെട്ട പാത്രംപോലെയും ജനസാമാന്യത്താൽ തിരസ്കരിക്കപ്പെട്ടുമെങ്കിലും ഓശാന ഞായറാഴ്ചയിലെ അവരുടെ എതിരേല്പ് മാതൃകാപരമായിരുന്നുവെന്നു് ഏവരും സമ്മതിക്കും.

ജാഥകളുടെയും ഘോഷയാത്രകളുടെയും ജൈത്രയാത്രകളുടെയും കാലമാണിതു്. ഒരു തൊഴിലാളിയെ പിരിച്ചുവിട്ടാൽ പ്രതിഷേധസൂചകമായ ജാഥ, സ്റ്റാലിൻ മരിച്ചാൽ ദുഃഖസൂചകമായ ജാഥ, പണ്ഡിററു നെഹ്റുവും മററുമന്ത്രിമാരും നാട്ടുകാണുവാൻ വരുമ്പോൾ ഘോഷയാത്ര, നിയമസഭാതിരഞ്ഞെടുപ്പിലോ മുനിസിപ്പൽ തിരഞ്ഞെടുപ്പിലോ ജയിച്ചാൽ ജൈത്രയാത്ര—ഇങ്ങനെ പോകുന്നു ഇന്നത്തെ പരസ്യപ്രകടനങ്ങളുടെ നീണ്ട പട്ടിക. കൂടാതെ മതാത്മകമായ ചില പരസ്യപ്രകടനങ്ങളുമുണ്ടു്. നാമവയെ പ്രദക്ഷിണങ്ങൾ എന്നു വിളിക്കുന്നു. ഈശോയുടേയും പരി. മാതാവിന്റെയും പുണ്യവാന്മാരുടേയും പുണ്യവതികളുടേയും ബഹുമാനാർത്ഥമത്രെ നാമവ നടത്തുന്നതു്. എന്നാൽ ആ സന്ദർഭങ്ങളിലെല്ലാം ജറുസലം നിവാസികളുടെ ആത്മാർത്ഥമായ ഉത്സാഹപ്രകർഷം നാം പ്രകടിപ്പിക്കാറുണ്ടോ? അതില്ലെങ്കിൽ സാധാരണ ലൗകികജാഥകളിലും ഘോഷയാത്രകളിലും ജൈത്രയാത്രകളിലും പ്രകടിതമാകുന്നിടത്തോളം ഉണർവും ഉന്മേഷവുമെങ്കിലും നാം പ്രദർശിപ്പിക്കാറുണ്ടോ? ഈ വസ്തുതകളെപ്പററി നാം അവധാനം ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പ്രദക്ഷിണങ്ങളിൽവച്ചു സർവ്വപ്രധാനമായതു് ദിവ്യകാരുണ്യ പ്രദക്ഷിണമാണു്. എല്ലാഇടവകകളിലും കൊല്ലംതോറും അപ്രകാരമൊരു പ്രദക്ഷിണം നടത്തുക പതിവാണു്. പ്രധാനപ്പെട്ട ജൂബിലികളുടെ അവസരത്തിലും ദിവ്യകാരുണ്യനാഥന്റെ നേർക്കു് ഇപ്രകാരം ഭക്തി പ്രകടിപ്പിക്കാറുണ്ടു്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എറണാകുളം പട്ടണം വമ്പിച്ചതോതിലുള്ള രണ്ടു ദിവ്യകാരുണ്യപ്രദക്ഷിണങ്ങൾ ദർശിക്കുകയുണ്ടായി. ഇപ്പോൾ ശ്രുശ്രുതം അഭിവന്ദ്യമെത്രാൻ തിരുമനസ്സിലെ പൗരോഹിത്യ രജതജൂബിലി പ്രമാണിച്ചു് അത്തരമൊരു പ്രദക്ഷിണത്തിനുവേണ്ട ഒരുക്കങ്ങൾ ധൃതഗതിയിൽ ചെയ്തുവരുന്നുണ്ടു്. ദേശീയമോ സാർവ്വദേശീയമോ ആയ ദിവ്യകാരുണ്യ കോൺഗ്രസ്സുകളും അവസാനിക്കുന്നതു് ഒരു പരസ്യപ്രദക്ഷിണത്തോടുകൂടിയാണു്. സ്പെയിനിലെ ഒരുപ്രധാനനഗരമായ ബാഴ്സിലോണയിൽ ഇക്കഴിഞ്ഞവർഷം സമ്മേളിച്ച 35-ാമത്തെ സാർവ്വദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്സ് ഉപസംഹരിച്ചതു് ജൂൺ 1-ാംനു നഗരവീഥിയിലൂടെ ദിവ്യകാരുണ്യനാഥൻ നടത്തിയ ജൈത്രയാത്രയോടുകൂടിയാണു്.

ഈദൃശങ്ങളായ ദിവ്യകാരുണ്യപ്രദക്ഷിണങ്ങളെല്ലാം ജറുസലം നഗരത്തിൽക്കൂടി ഓശാനഞായറാഴ്ച ക്രിസ്തുനാഥൻ നടത്തിയ ജൈത്രയാത്രയുടെ പ്രതിച്ഛായകളാണു്. അന്നു് അവിടുത്തെ ദൈവത്വം മാത്രം മറഞ്ഞിരുന്നുവെങ്കിൽ, ഇന്നു് അവിടുത്തെ ദൈവത്വവും മനുഷ്യത്വവും മറഞ്ഞിരിക്കുന്നു എന്ന വ്യത്യാസമേയുള്ളു പ്രധാനമായി. അന്നു് ഒരു കഴുതയുടെ പുറത്താണു് അവിടുന്നു സവാരിചെയ്തതെങ്കിൽ, ഇന്നു രത്നഖചിതവും സുവർണ്ണാങ്കിതവുമായ അരുളിക്കയിൽ ആരൂഢനായാണു് അവിടുന്നു യാത്രചെയ്യുന്നതു് എന്ന വ്യത്യാസവും ഇല്ലാതില്ല. ഇപ്രകാരം ഈശോ എഴുന്നരുളുമ്പോൾ, യഥായോഗ്യം അങ്ങയെ എതിരേല്ക്കാൻ നാം ഏറെക്കുറെ ശ്രമിക്കുന്നുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകമായിരിക്കുന്നു. വഴികളിൽ തോരണങ്ങൾ കെട്ടുന്നതിലും വെള്ളവിരിക്കുന്നതിലും പുഷ്പങ്ങൾ വിതറുന്നതിലും നാം ഉത്സുകരാണു്. അച്ചടക്കത്തിന്റെ കാര്യത്തിലും നാമൊട്ടും പുറകോട്ടല്ല. പക്ഷെ അധരങ്ങൾ ചലിപ്പിക്കുന്നതിൽ നാം വലിയ വൈമുഖ്യവും അശ്രദ്ധയും പ്രദർശിപ്പിക്കുന്നുണ്ടെന്നു പറയാതെ തരമില്ല. എറണാകുളത്തു നടത്തപ്പെട്ട രണ്ടു പ്രദക്ഷിണങ്ങളിലും, ഉച്ചഭാഷിണിയിൽക്കൂടി ചൊല്ലിക്കൊടുത്ത പ്രാർത്ഥനകളും സുകൃതജപങ്ങളും ചൊല്ലുന്നതിനും ഭക്തഗാനങ്ങൾ ഏററുപാടുന്നതിനും അധികമാരും ഉണ്ടായിരുന്നില്ല. "ദാവീദിന്റെ പുത്രനു് ഓശാന, ദൈവനാമത്തിൽ വരുന്നവൻ അനുഗൃഹീതനാകുന്നു, ഉന്നതങ്ങളിൽ ഓശാന" എന്ന ജയഘോഷം ജറുസലം നഗരത്തിലെ അന്തരീക്ഷത്തിൽ മാറെറാലികൊണ്ടതുപോലെ, നമ്മുടെ പ്രാർത്ഥനാഗാനങ്ങളും സുകൃതജപങ്ങളും വായുവിൽ അലതല്ലേണ്ടതാണു്. ആബാലവൃദ്ധം ജനങ്ങളും, പണ്ഡിതപാമരഭേദമെന്യേ അതിൽപങ്കുവഹിക്കണം. മാത്രമല്ല, ദിവ്യകാരുണ്യനാഥൻ നമ്മുടെ അടുക്കൽക്കൂടി കടന്നുപോകുമ്പോൾ നാം ഭക്തിപൂർവ്വം മുട്ടുകുത്തിനിൽക്കുകയും ഹൃദയപൂർവ്വം അങ്ങയെ ആരാധിക്കുകയും ചെയ്യേണ്ടതാണു്.

റിഡംപ്റററിസ്റ്റു് സന്യാസസഭയിൽപ്പെട്ട ഒരു വൃദ്ധസഹോദരൻ പ. കുർബാനയുടെ മുമ്പിൽ മുട്ടുമടക്കി ആചാരം ചെയ്യുന്ന വിധം പലരുടേയും ശ്രദ്ധയെ ആകർഷിച്ചുവന്നു. ദിവ്യകാരുണ്യനാഥന്റെ നേർക്കു പ്രദർശിപ്പിക്കേണ്ട ആദരവിനെപ്പററിയുള്ള നിശ്ശബ്ദമായ ഒരു പ്രസംഗമായിരുന്നു അതു്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മുഴങ്കാലുകൾ മടക്കുക എന്നതു് ഏററവും ശ്രമാവഹമായിരുന്നെങ്കിലും മുട്ടു നിലത്തു തൊട്ടെങ്കിൽ മാത്രമേ അദ്ദേഹത്തിനു തൃപ്തിവരുമായിരുന്നുള്ളു. തത്സമയം ആ വയോവൃദ്ധനു് അനുഭവപ്പെട്ടുവന്ന വേദന ദുസ്സഹമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ അന്തരംഗത്തിൽ കുടികൊണ്ടിരുന്ന വിശ്വാസചൈതന്യം അതു സഹിക്കുന്നതിനു വേണ്ട പ്രചോദനം നൽകിവന്നു. പാവപ്പെട്ട ആ സന്യാസസഹോദരന്റെ മാതൃക പരി. കുർബാനയുടെ മുമ്പിൽ വർത്തിക്കേണ്ടതു് എങ്ങനെയെന്നു നമ്മെ പഠിപ്പിക്കുന്നു. ദിവ്യകാരുണ്യ പ്രദക്ഷിണങ്ങളിൽ സംബന്ധിക്കുമ്പോൾ പ്രത്യേകിച്ചും ഇതു നമ്മുടെ ഓർമ്മയിലിരിക്കട്ടെ.

അടുത്തകാലത്തു്, ബ. കപ്പൂച്ചിൻ വൈദികരുടെ അശ്രാന്തപരിശ്രമഫലമായി പ്രചാരത്തിൽ വന്നിരിക്കുന്ന ഒന്നാണു് "പരിഹാരപ്രദക്ഷിണം." പാപബോധത്തിന്റെയും പ്രായശ്ചിത്താരൂപിയുടേയും വിനയാന്വിതമായ ഒരു പരസ്യപ്രകടനമാണതു്. ദൈവത്തെ വെല്ലുവിളിക്കുന്നമട്ടിൽ മുഷ്ടിചുരുട്ടി അന്തരീക്ഷത്തെ മർദ്ദിച്ചുകൊണ്ടും "ദിക്കെട്ടും പൊട്ടുമാറു്" ഇങ്ക്വിലാബ്വിളിച്ചുകൊണ്ടും ജാഥകൾ നടത്തുക സാധാരണമായിത്തീർന്നിരിക്കുന്ന ഈ ഘട്ടത്തിൽ, കരത്തിൽ മരക്കുരിശുമേന്തി ദൈവത്തിന്റെ പരമാധിപത്യത്തേയും പിതൃത്വത്തേയും ഏററുപറയുന്നതിന്റെ അടയാളമായി ഭക്തിദ്യോതകമായ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടു് പരിഹാരപ്രദക്ഷിണങ്ങൾ നടത്തുന്നതു് സർവ്വഥാ ആദരണീയമാണു്. ഈ നോമ്പുകാലത്തു് അത്തരമൊരു പ്രദക്ഷിണം എല്ലാ ഇടവകകളിലും നടത്തുന്നതു സമുചിതമായിരിക്കും.

എന്നാൽ ഇടവകകളിലെ തിരുനാൾപ്രദക്ഷിണങ്ങൾ പലപ്പോഴും ഒരു വിഷമപ്രശ്നമായി തീരാറുണ്ടു്. നമ്മുടെ കർത്താവിനേയും പുണ്യവാന്മാരേയും ബഹുമാനിക്കുന്നതിനും നമ്മുടെ ക്രിസ്തീയചൈതന്യം പ്രകടിപ്പിക്കുന്നതിനുമായി നടത്തപ്പെടുന്ന ആ പ്രദക്ഷിണങ്ങൾ, അവരെ അവമാനിക്കുന്നതിനും നമ്മെ മററുള്ളവരുടെ മുമ്പിൽ അവഹേളനപാത്രങ്ങളാക്കുന്നതിനും പര്യാപ്തമായി ഭവിക്കാറുണ്ടെന്നുള്ളതു വേദനാജനകമായിരിക്കുന്നു. ഏതൽക്കാരണത്താൽ, വൈദികാദ്ധ്യക്ഷന്മാർ പ്രദക്ഷിണത്തിന്റെ സമയം, അതു നടത്തേണ്ട വിധം ആദിയായവ സംബന്ധിച്ചു് പല പ്രായോഗികനിർദ്ദേശങ്ങളും നൽകിയിട്ടുണ്ടു്. ഉദാഹരണമായി, എറണാകുളം അതിരൂപതയിലെ "നിയമസംഗ്രഹ"ത്തിൽ പറഞ്ഞിരിക്കുന്നതു ശ്രവിച്ചാലും: "സഖ്യാംഗങ്ങളായ കുട്ടികളും ദർശനക്കാരും രണ്ടുനിരയായും അവരുടെ ഇരുവശങ്ങളിലായി പുരുഷന്മാർ പല നിരകളായും തഷന്മാരുടെ പുറകിലായി പട്ടക്കാരും അവസാനം സ്ത്രീകൾ പല നിരകളായും പ്രദക്ഷിണത്തിൽ ചേർന്നു ക്രമമായി നടക്കേണ്ടതാണു്. പ്രദക്ഷിണങ്ങൾ നമ്മുടെ കർത്താവിന്റെയും പുണ്യവാന്മാരുടെയും ആരാധനാവണക്കങ്ങൾക്കായിട്ടാണെന്നോർത്തു പ്രധാനകുടുംബങ്ങളിൽ പെട്ടവരും കൂടി പള്ളിസാമാനങ്ങൾ എടുക്കേണ്ടതാണു്. പ്രദക്ഷിണംപോകുന്നസമയത്തു കൊന്ത, കുട്ടികളുടെ പാട്ടു്, കൊട്ടു് എന്നിവ ഇടയിട്ടുണ്ടായിരിക്കണം. സാധാരണമായി ഒരു മണിക്കൂറിൽ കൂടുതൽ പ്രദക്ഷിണം നീളരുതു്. "നിറുത്തിക്കൊട്ടിക്കുക" എന്നതു ആചാരക്കേടും നിന്ദാസൂചകവുമാണു്." (പേജ് 59—60). ദൈവത്തിന്റെ പ്രതിപുരുഷന്മാരും ശ്ലീഹന്മാരുടെ പിൻഗാമികളുമായ മെത്രാന്മാരുടെ ആജ്ഞകളെ ധിക്കരിച്ചുകൊണ്ടുള്ള പ്രദക്ഷിണങ്ങൾ നമ്മുടെ കർത്താവിനും പുണ്യവാന്മാർക്കും പ്രസാദജനകമായിരിക്കയില്ല എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

"നിറുത്തിക്കൊട്ടിക്കുകയും" പ്രദക്ഷിണം ആവശ്യത്തിലധികം ദീർഘിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഒരു കാരണം, വിദൂരത്തുനിന്നും വളരെയധികം പണം ചെലവുചെയ്തുകൊണ്ടുവന്നിരിക്കുന്ന ബാൻറുകാരിൽനിന്നും മററും പരമാവധി മുതലെടുക്കണമെന്ന സ്വാർത്ഥചിന്തയായിരിക്കാം. പക്ഷെ "അധികമായാൽ അമൃതും വിഷം" എന്ന തത്വത്തിനു് ഇവിടേയും പ്രസക്തിയുണ്ടു്. പ്രദക്ഷിണത്തിനു മോടികൂട്ടുവാൻ കൊണ്ടുവന്നിരിക്കുന്ന ബാൻറു് അതിനെ അലങ്കോലപ്പെടുത്തുവാനുള്ള ഒരു കാരണമായി ഭവിക്കുന്നതു കഷ്ടാൽകഷ്ടതരമല്ലയോ? ചുരുക്കം ചില സന്ദർഭങ്ങളിൽ പ്രദക്ഷിണം ദീർഘിപ്പിക്കാനുള്ള കാരണം, വികാരിയോടു പകവീട്ടാൻ തിരുനാൾ നല്ലൊരവസരമായി, അസംതൃപ്തരായ ഒരുഭാഗമാളുകൾ പരിഗണിക്കുന്നുവെന്നതാണു്. വികാരിക്കെതിരായുള്ള ന്യായമായ പരാതികൾക്കുപരിഹാരം കണ്ടെത്താൻവേറെ മാർഗ്ഗങ്ങളുള്ളപ്പോൾ ഈ "പരോക്ഷസമര"പരിപാടി സ്വീകരിക്കുന്നതു അനുചിതവും ഗർഹണീയവുമായിരിക്കുന്നു. അതുനിമിത്തം, അവർ ഏതു പുണ്യവാന്റെ ബഹുമാനാർത്ഥമാണോ പ്രദക്ഷിണം നടത്തുന്നതു് ആ പുണ്യവാനെ അവമാനിക്കുകയും ചെയ്യുന്നു. മാത്രമല്ല, പ്രസ്തുത പുരോഹിതൻ തന്നെയായിരിക്കാം പിന്നീടവർക്കു പാപമോചനവും അന്ത്യകൂദാശകളും നൽകുവാനിരിക്കുന്നതു്. അദ്ദേഹത്തെ അനാവശ്യമായി കുണ്ഠിതപ്പെടുത്തിയല്ലോ എന്നതു അപ്പോളവർക്കു് എത്രയോ വലിയ മനശ്ശല്യത്തിനു ഹേതുവായിരിക്കും!

ഒരിക്കൽ ഒരിടവകയിൽ പ്രദക്ഷിണം നീട്ടാൻ ഒരു ഗൂഢാലോചന നടന്നതറിഞ്ഞു, ഫലിതപ്രിയനും നയചതുരനുമായ വികാരി അതിന്റെ പ്രണേതാക്കളെ വിളിച്ചുപറഞ്ഞു: "പ്രിയ മക്കളേ! ഇന്നത്തെ പ്രദക്ഷിണം കഴിയുന്നിടത്തോളം നീട്ടണം. ആകയാൽ സാവകാശമേ നടക്കാവൂ. പുണ്യവാന്റെ പെരുന്നാളു് കൊല്ലത്തിലൊരിക്കലല്ലേ വരികയുള്ളൂ." അന്നു യാതൊരു കുഴപ്പവുമുണ്ടായില്ലത്രെ. വികാരി പറയുന്നതിനു് എതിരുചെയ്യാൻ ഉത്സുകരായ ആ പ്രതിപക്ഷനേതാക്കൾ ജനങ്ങൾ വേഗം നടക്കാൻ വേണ്ട ഏർപ്പാടുകളെല്ലാം ഭംഗിയായി ചെയ്തു.

ഈയിടെ ഒരിടവകയിൽ വികാരിയും ജനങ്ങളും ആത്മാർത്ഥമായി യോജിച്ചുകൊണ്ടു് വി. സെബസ്ത്യാനോസിന്റെ തിരുനാൾപ്രദക്ഷിണം ഭംഗിയായും ഭക്തിസംവർദ്ധകമായും നടത്തുകയുണ്ടായി. ബാൻറും കൊട്ടും വാദ്യവുമൊന്നുമുണ്ടായിരുന്നില്ല. ബാലികാബാലന്മാരും യുവതീയുവാക്കന്മാരും വൃദ്ധന്മാരും വൃദ്ധകളും, ഇങ്ങനെ സകലമാനപേരും രണ്ടൊട്ടമായി അണിനിരന്നു. എല്ലാവരുടേയും കൈകളിൽ കടലാസുകൊടികളുമുണ്ടായിരുന്നു. പല വർണ്ണത്തിലുള്ള ആ പതാകകൾ വായുവിലങ്ങനെ പാറിപ്പറക്കുന്നതു ചേതോഹരമായ ഒരു കാഴ്ചയായിരുന്നെന്നു പറയാം. പടിഞ്ഞാറോട്ടു അഭിമുഖമായി നില്ക്കുന്ന പള്ളിയുടെ മുമ്പിൽനിന്നും വടക്കോട്ടും പടിഞ്ഞാറോട്ടും തെക്കോട്ടുമാണു പ്രദക്ഷിണവീഥി കിടക്കുന്നതു്. അതിന്റെ ഏതുഭാഗത്തും, പള്ളിപ്പറമ്പിൽ ഘടിപ്പിച്ചിരുന്ന ഉച്ചഭാഷിണിയുടെ സ്വരം ശ്രാവ്യമായിരുന്നു. ഉച്ചഭാഷിണിയിൽക്കൂടി, ഒരാൾ വി. സെബസ്ത്യാനോസിന്റെ ലുത്തിനിയ ചൊല്ലിക്കൊടുത്തു. പ്രദക്ഷിണത്തിൽസംബന്ധിച്ചിരുന്നവരെല്ലാം "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ" എന്നു പ്രത്യുത്തരിച്ചു. പിന്നീടു്, അതുപോലെതന്നെ ജപമാലയും ചൊല്ലി. ഇടയ്ക്കിടയ്ക്കു മനോഹരമായ ഗാനങ്ങളുമാലപിച്ചു. ഭക്തിചൈതന്യം ഓളംവെട്ടിയിരുന്ന ആ അന്തരീക്ഷം വെറും പ്രേക്ഷകരായി റോഡിന്റെ ഇരുവശങ്ങളിലും നിന്നിരുന്ന അക്രൈസ്തവരെപ്പോലും പുളകമണിയിച്ചു. എല്ലാ ഇടവകകളും ഈ മാതൃക അനുകരിച്ചിരുന്നെങ്കിൽ! (P. I. J.)

—

ഉർസുലൈൻ കന്യാസ്ത്രീകളുടെ രജതജൂബിലി

1903 ജനുവരിമാസത്തിലാണു ബൽജിയത്തിൽനിന്നു 4 ഉർസുലൈൻ കന്യാസ്ത്രീകൾ ആദ്യമായി ഇൻഡ്യയിലെത്തിയതു്. ആകയാൽ ഭാരതത്തിലെ ഈ സഭാശാഖ ഇക്കൊല്ലം ആരംഭത്തിൽ അവരുടെ സുവർണ്ണജൂബിലി ആഘോഷിച്ചിരിക്കുന്നു. രാജ്യത്തിന്റെ വിവിധഭാഗങ്ങളിലായി ഇപ്പോൾ ഇവിടെ അവർക്കു 7 കന്യകാമഠങ്ങളും, ഭാരതീയരും വിദേശീയരുമായി ഒരുനൂറിൽപ്പരം കന്യാസ്ത്രീകളുമുണ്ടു്. വിദ്യാലയങ്ങൾ, അനാഥശാലകൾ, ആസ്പത്രികൾ, നെയ്ത്തുശാലകൾ, ടെക്നിക്കു് ഇൻസ്റ്റിട്യൂട്ടുകൾ മുതലായി സാധുജനോദ്ധാരണാർത്ഥമുള്ള പല സ്ഥാപനങ്ങൾ അവർ സമർത്ഥമായി നടത്തിവരുന്നു.

സ്നേഹസ്മാരകം



കോയിത്തറ (കണ്ണൂർകാട്ടു)
വക്കി ജോസഫ് അവർകൾ
1953 മാർച്ച് 7-ാംനു-ശനിയാഴ്ച
75-ാമത്തെ വയസ്സിൽ
കർത്താവിൽ നിദ്രപ്രാപിച്ചു.
"കർത്താവേ, ഈ ആൾക്കു് നിത്യാശ്വാസം കൊടുക്കേണമെ."
R. I. P.

തൈക്കാട്ടുമൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.

ചെറുകഥ

# മീശക്കാരൻ

(മുട്ടത്തു വർക്കി)

ആ മീശക്കാരൻ ആരാണെന്നോ? ഈ ദേശത്തെ ഏററവും തങ്കപ്പെട്ട മനുഷ്യനാണു് അങ്ങോരെന്നു് നേരത്തെ പറഞ്ഞുകൊള്ളട്ടെ. മീശക്കാരൻ കുഞ്ഞാക്കോച്ചനെപ്പോലെ, ഇത്ര ഭക്തനും, പരോപകാരതല്പരനും, പൊതുക്കാര്യപ്രസക്തനുമായി മറെറാരു ദേഹത്തെ കാണാൻ കിട്ടുകയില്ല.

കുഞ്ഞാക്കോച്ചന്റെ മുപ്പത്താറാമത്തെ വയസ്സിലാണു് ഭാര്യ മരിച്ചതു്. ഏലിമ്മ നല്ല ഒരു സ്ത്രീ ആയിരുന്നു. അവർ മരിച്ചപ്പോഴേക്കും കുഞ്ഞാക്കോച്ചന്റെ ചിറകൊടിഞ്ഞുപോയി.



കുഞ്ഞാക്കോച്ചനു് പതിനെട്ടും ഏലിമ്മയ്ക്കു പതിനാറും വയസ്സുള്ളപ്പോഴാണു് വിവാഹം നടന്നതു്. മൂത്തമകൻ ജോണച്ചനു് ഇന്നു പതിനേഴുവയസ്സുപ്രായമുണ്ടു്; അവൻ ഇംഗ്ലീഷ് മൂന്നാംക്ലാസ്സുവരെ പഠിച്ചപ്പോൾ മേലോട്ടു കയറാൻ വിഷമമെന്നു കണ്ടു വിദ്യാഭ്യാസത്തോടും പള്ളിക്കൂടത്തോടും എന്നേക്കും യാത്രപറയുകയാണു് ചെയ്തതു്. എന്നാൽ കൃഷികാര്യങ്ങളിൽ അവൻ ഒന്നാമനാണു്. അവന്റെ ഇളയതായ പൊന്നമ്മയ്ക്കു് പതിനഞ്ചുവയസ്സായി. അവൾ പഠിക്കാൻ മിടുമിടുക്കിയാണു്. അവളിന്നു സ്കൂൾ ഫൈനലിന്റെ താഴത്തെ ക്ലാസിൽ പഠിക്കുന്നു; വീട്ടുകാര്യങ്ങളെല്ലാം അവളുടെ മേൽനോട്ടത്തിലാണു്.

പൊന്നമ്മയെ പ്രസവിച്ചതോടുകൂടിയാണു് ഏലിമ്മ രോഗിണിയായിത്തീർന്നതു്, പിന്നീടു് അവൾ പ്രസവിച്ചിട്ടേയില്ല. അങ്ങനെയിരിക്കെ മീനമാസത്തിലെ ഒരു രാത്രിയിൽ ഏലിയാമ്മ ചരമഗതി പ്രാപിച്ചു. അന്നുമുതലാണു് കുഞ്ഞാക്കോച്ചൻ മീശവളർത്തു തുടങ്ങിയതു്. ലൗകികസുഖങ്ങളോടുള്ള വെറുപ്പിനെ ലോകസമക്ഷം അറിയിക്കുന്ന കൊടിയടയാളംപോലെ ആ മീശ കറുത്തിരുണ്ടു അദ്ദേഹത്തിന്റെ മുഖത്തെ ആവരണംചെയ്തു.

പിതരാർജ്ജിതവും സ്വയാർജ്ജിതവും ആയി ധാരാളം മുതലുള്ളതുകൊണ്ടു കുഞ്ഞാക്കോച്ചനു് പിള്ളേരെച്ചൊല്ലി ഖേദിക്കേണ്ടതില്ല; കുറഞ്ഞപക്ഷം ആണ്ടിൽ രണ്ടു കണ്ടിയിൽ ചിവാനം കുരുമുളകു കിട്ടും; പത്തിരുപതേക്കർസ്ഥലത്തു് റബർത്തോട്ടമുണ്ടു്; മൂന്നേക്കറോളം കാപ്പിയാണു്. ഒന്നാംതരം ഒരു ഓടിട്ട കെട്ടിടവും.

ഭാര്യ മരിച്ചതോടുകൂടി കുഞ്ഞാക്കോച്ചൻ കൂടുതൽ ഭക്തനും പരോപകാരിയും ആയിത്തീർന്നു എന്നു പറയാതെ തരമില്ല. ഒരു ദിവസമെങ്കിലും പള്ളിയിൽപ്പോക്കു മുടക്കിയിട്ടില്ല.

കുഞ്ഞാക്കോച്ചന്റെ മുമ്പിൽ നീട്ടപ്പെടുന്ന യാചനയുടെ കൈക്കുമ്പിളുകൾ ഒരിക്കലും ശൂന്യങ്ങളാകാറില്ല. കുഞ്ഞാക്കോച്ചന്റെ ഔദാര്യം സ്വീകരിക്കാത്ത പാവങ്ങൾ ചുരുക്കമാണു്. "സൂചിക്കുഴയിൽക്കൂടെ ഒട്ടകം കടന്നുപോകുന്നതിലും വിഷമമുള്ള ഏർപ്പാടാണു് ധനികൻ സ്വർഗ്ഗത്തിൽ പോകുന്നതു്" എന്നു് പള്ളിയിൽവച്ചു് പലപ്പോഴും കേൾക്കാറുള്ള ആ വാചകം കുഞ്ഞാക്കോച്ചനെ അസ്വസ്ഥനാക്കി. താൻ ഒരു ചെറിയ ധനികനാണു്; അതുകൊണ്ടു മോക്ഷംകിട്ടാതെവരുമോ എന്നൊരു ശങ്ക. പിന്നെ കുഞ്ഞാക്കോച്ചനു് ഒരു സമാധാനമുള്ളതു്, തന്നെക്കാൾ ഏറെ തോട്ടങ്ങളുള്ളവരും പത്തും നൂറും കണ്ടി കുരുമുളകു കിട്ടുന്നവരും ഉണ്ടല്ലോ എന്നുള്ള ചിന്തയാണു്. അങ്ങനെ മുകളിലോട്ടു നോക്കിയാൽ ആശ്വസിക്കാൻ വകയുണ്ടെങ്കിലും, കീഴോട്ടുനോക്കുമ്പോൾ മനസ്സിൽ ഒരു വേവലാതി. കിടപ്പാടമില്ലാത്തവരും, കഞ്ഞികുടിക്കു വകയില്ലാത്തവരും, തന്റെ ചുററും ധാരാളമുണ്ടു്; അവരെ കാണുമ്പോൾ കുഞ്ഞാക്കോച്ചനു് അസൂയ തോന്നാറുണ്ടു്; കാരണം മോക്ഷത്തിൽ പോകുവാൻ അവർക്കു ബുദ്ധിമുട്ടേണ്ട ആവശ്യമില്ല. "നിങ്ങൾക്കുള്ളതു മുഴുവൻ വിററു സാധുക്കൾക്കു കൊടുത്തിട്ടു എന്നെ പിൻചെല്ലുക" എന്നു് മറെറാരു വാചകം. അതു് ആ പരമസാത്വികന്റെ കർണ്ണങ്ങളിൽ മുഴങ്ങാറുണ്ടു്. തന്റെ വസ്തുവകകൾ എല്ലാം വിററു പാവങ്ങൾക്കു കൊടുക്കാൻ പററുമോ. അതേതായാലും നടപ്പുള്ള കാര്യമല്ല. സാധുക്കൾക്കു ഇടയ്ക്കും പുഴയ്ക്കും വല്ലതും കൊടുക്കണമെന്നല്ലാതെ, എല്ലാം വിററു ദീപാളികുളിക്കാൻ കുഞ്ഞാക്കോച്ചൻ ഏതായാലും തയാറില്ല. പിന്നെ തനിക്കുള്ള സ്വത്തുക്കൾ ഇനിയും വർദ്ധിപ്പിക്കാതിരിക്കാൻ ശ്രമിക്കാം എന്നേയുള്ളു.

ഇമ്മാതിരിയുള്ള ചിന്താഗതികളാണു് അയൽപക്കത്തെ കൂരാൻ തോമ്മായെ സഹായിക്കുന്നതിനു് കുഞ്ഞാക്കോയെ പ്രേരിപ്പിച്ചതു്.

ആരാണു് ഈ കൂരാൻതോമ്മാ? തോമ്മായ്ക്കു കൂരാൻ എന്നു പേരുണ്ടായതിനെപ്പററി ആർക്കും ഒരറിവുമില്ല; കൊച്ചിലേമുതൽ അവൻ കൂരാൻതോമ്മാ എന്ന നാമധേയത്തിൽ അറിയപ്പെട്ടുപോരുന്നു. ഏതോ വകതിരിവുകെട്ടവർ, തോമ്മായുടെ കുത്തമോന്തയെ സൂചിപ്പിക്കാൻ ആ ഇരട്ടപ്പേരു നൽകിയതായിരിക്കാം. അതെന്തെങ്കിലുമാകട്ടെ.

കൂരാൻ തോമ്മ പരമദരിദ്രനായതുകൊണ്ടാണു് മീശക്കാരൻ കുഞ്ഞാക്കോച്ചൻ അയാളെ പരസ്നേഹത്തിന്റെ പേരിൽ സഹായിക്കാമെന്നുവച്ചതു്. കൂരാൻ തോമ്മായെ സംബന്ധിച്ചു ലോകർ പറയുന്ന പരാതി അയാൾ കുടിയനാണെന്നാണു്. കൂരാൻ തോമ്മാ കുടിക്കും; മൂക്കററം കുടിക്കും. "എടാ തൊമ്മാ, പെഴപ്പെട്ടവനെ, നെനക്കീ കുടിയൊന്നു നിറുത്താമ്മേലേ" എന്നു പ്രായംചെന്ന ആരെങ്കിലും ഗുണദോഷിച്ചാൽ കൂരാൻ പറയും "കാര്യമൊക്കെ ശരിയാ; ഇത്തിരി മരവെള്ളം മോന്തിലേൽ തോമ്മാടെ തടി നേരെ നിക്കത്തില്ല." അതു വാസ്തവമായിരുന്നുതാനും. രണ്ടുപേരുടെ പണിയെടുക്കും കൂരാൻതോമ്മാ. തോമ്മായെക്കൊണ്ടു പണിയെടുപ്പിക്കുന്നതു സാക്ഷാൽ പനങ്കള്ളാണു്; തെങ്ങാകള്ളിനു വീര്യംപോരെന്നാണു് കൂരാൻതോമ്മായുടെ തിയറി.

കൂരാൻ തോമ്മായെ കുടിയനെന്നു പഴിക്കുന്നവർ ഒരു കാര്യം സ്മരിക്കാറുണ്ടു്. പത്തൊണ്ടു സന്തതികൾ. ഉരിയും മുഴക്കുംപോലെ. മൂത്തവൾ പ്ലമേനയാണു്. പ്ലമേനായെ ഒരുത്തൻ കല്യാണംകഴിച്ചു് മലബാറിലേക്കു കൊണ്ടുപോയതുനിമിത്തം ആ ശല്യം ഒഴിഞ്ഞു. അടുത്തതു കുഞ്ഞമ്മ—അവൾക്കു് വയസ്സാണെങ്കിൽ പതിനെട്ടായി. അവളുടെ ഇളയതുങ്ങൾ ആറെണ്ണമുണ്ടു്; രണ്ടെണ്ണം ഇടയ്ക്കുവച്ചു മരിച്ചുപോയി; അതുങ്ങൾ പള്ളിയിലെ സിമിത്തേരിയിൽ കിടക്കുന്നു. കൂരാൻ തോമ്മാ പള്ളിയിൽ പോകുമ്പോഴൊക്കെ ആ കുഞ്ഞുങ്ങളെ ഓർത്തു കരയാറുണ്ടു്: കൊല്ലങ്ങൾ പത്തുപന്ത്രണ്ടു കഴിഞ്ഞിട്ടും.

ആകെ ഇപ്പോൾ കുഞ്ഞമ്മയുൾപ്പെടെ വീട്ടിലുള്ള ഏഴു സന്തതികളിൽ അഞ്ചും പെണ്ണുങ്ങളാണു്. രണ്ടെണ്ണമേയുള്ളു ആൺതരികളായിട്ടു്. ഒന്നിനു് ഏഴും മററതിനു് മൂന്നും വയസ്സുപ്രായം. പിള്ളേരിൽ പകുതിയിലധികവും കൂരാൻതൊമ്മായെപ്പോലെ കുത്തമുഖമുള്ളവരാണു്; മററുള്ളവരെല്ലാം അമ്മയുടെ ഛായയിലാണു്; അമ്മയായ തറതിച്ചേടത്തി—കാര്യസ്ഥിയാണു്—കൂരാനെപ്പോലെയല്ല—കണ്ടാൽ ചെമ്മാന്തമുള്ള ഒരു പെണ്ണുംപിള്ള. കുഞ്ഞമ്മ പ്രത്യേകിച്ചും തറതിച്ചേടത്തിയെപ്പോലെ സുന്ദരിയാണു്. എന്നാൽ എല്ലാ മക്കളിലുംവച്ചു കൂരാൻതോമ്മായ്ക്കു കുഞ്ഞമ്മയോടാണുതാനും കൂടുതൽ സ്നേഹം.

ഏററവും വിജയകരമായ മന്ത്രരോഗനിവാരണചികിത്സ— മറുപടിക്കു സ്റ്റാമ്പുസഹിതം എഴുതുക:

T. M. Research Institute,
Kurumpilavu, Trichur

ഇങ്ങനെയെല്ലാം ഉള്ള പ്രാരബ്ധക്കാരൻ ഇത്തിരി കള്ളുകുടിക്കുന്നതിൽ കുററപ്പെടുത്താനില്ല; അയാൾ ഒററയൊരുത്തന്റെ കൈകൊണ്ടുവേണം ഈ പടയെ എല്ലാം തീററിപ്പോററുക. ആർക്കും ഒരുപദ്രവവും ഇല്ല കൂരാൻതോമ്മായെക്കൊണ്ടു്. കള്ളുകുടിച്ചുകൊണ്ടു വന്നാൽ വീട്ടിലും പറയത്തക്ക ശല്യമൊന്നുമില്ല. ചിലപ്പോഴെങ്ങാൻ അയാൾ തറതിച്ചേടത്തിയെ മുടിക്കുപിടിച്ചു കറക്കി നിലത്തിട്ടാൽത്തന്നെ അതിൽ ആർക്കും പരിഭവം പറയാനില്ല; അതുനിമിത്തം തറതിച്ചേടത്തിക്കു് അവരുടെ ആമ്പ്രന്നോരോടു കോപമോ സ്നേഹക്കുറവോ ഇല്ല. "കള്ളിനോടെന്നാ പറയാനാ" എന്നു തറതിച്ചേടത്തി സമാധാനിക്കും.

ഈ വിവരങ്ങളെല്ലാം ശരിക്കറിയാവുന്ന ഒരാൾമാത്രമേയുള്ളു. മീശക്കാരൻ കുഞ്ഞാക്കോച്ചൻ. ആ ദരിദ്രകുടുംബത്തിന്റെ ദയനീയത കണ്ടു് ആ ദീനദയാപരന്റെ മനസ്സലിഞ്ഞുപോയി. അല്ലെങ്കിൽ, "ഇന്നാ തോമ്മാച്ചാ, ഇതു തിരിച്ചുതരണം" എന്നു പറഞ്ഞു നൂററിത്തൊണ്ണൂറു് രൂപാ ആരെങ്കിലും ചുമ്മാ എണ്ണിക്കൊടുക്കുമോ ഒരു പ്രോമിസറിനോട്ടുപോലും എഴുതിവാങ്ങിക്കാതെ. അങ്ങനെയാണു് അമ്പത്തേഴര സെൻറുള്ള തന്റെ പുരയിടത്തിന്മേൽ, കാളക്കച്ചവടക്കാരൻ കുഞ്ഞമ്മുറാവുത്തർക്കു പണയാധാരത്തിൻപടി കൊടുത്തു വീട്ടേണ്ടിയിരുന്നതുക കൂരാൻതോമ്മാ കൊടുത്തുവീട്ടിയതും, പുരയിടത്തിന്മേലുള്ള ബാദ്ധ്യത ഒഴിച്ചതും.

കുഞ്ഞാക്കോച്ചന്റെ പുരയിടങ്ങളിൽ കൂരാൻതോമ്മ കൂലിപ്പണിക്കു നിൽക്കുന്നദിവസങ്ങളിൽ ഒന്നും അരയും രൂപായൊക്കെ കൂലി കൂടുതൽ കൊടുക്കാറുണ്ടു്. "ഇന്നാ തൊമ്മാച്ചേട്ടാ ഇതിരിക്കട്ടെ, പോയി ഇതുവല്ലതും കഴിച്ചോ" എന്നു പറഞ്ഞുകൊണ്ടു മിക്കപ്പോഴും അയാൾക്കു കുഞ്ഞാക്കോച്ചൻ കൈമടക്കു കൊടുക്കാറുണ്ടു്. വല്യനോമ്പു വീടലിന്റെ തലേ ആഴ്ചയിൽ കൂരാൻ തൊമ്മാ കുഞ്ഞാക്കോച്ചനോടു പറഞ്ഞു "എന്നാ എന്റെ കുഞ്ഞാക്കോച്ചാ, പെസാപ്പെരുന്നാളൊക്കെയടുത്തു. പിള്ളേർക്കു പള്ളീൽ പോകാനാണെങ്കി ചട്ടേമില്ല, തുണീമില്ല. ഞാനെന്തൊന്നാ ചെയ്ക."

കുഞ്ഞാക്കോച്ചൻ മുപ്പത്തിയഞ്ചു രൂപായുടെ പച്ചനോട്ടുകളാണു് കൂരാൻ തോമ്മായ്ക്കു അന്നു കൊടുത്തതു്. എന്നാൽ ഇങ്ങനെ കൊടുക്കുന്ന തുകയെല്ലാം അയാൾ വീട്ടിൽ ചെലവാക്കുന്നുണ്ടോ, അതു മുഴുവൻ കുടിച്ചുകളയുകയാണോ എന്നു് കുഞ്ഞാക്കോച്ചൻ അന്വേഷിക്കാറുണ്ടു്.

കുഞ്ഞാക്കോച്ചൻ മിക്കപ്പോഴും കൂരാൻ തോമ്മായുടെ വീട്ടിൽ പോവുകയും അവിടത്തെ കാര്യങ്ങളെല്ലാം അന്വേഷിക്കുകയും ചെയ്തുപോന്നു. അവരെന്തു കൊടുത്താലും അദ്ദേഹം കഴിക്കും. അദ്ദേഹത്തിനു് അന്തസ്സും പൊങ്ങക്കാര്യവുമില്ല. കാശുകാരനാണെന്നൊരു ഭാവമേയില്ല.

ഒരുദിവസം കുഞ്ഞാക്കോച്ചൻ വീട്ടിൽവന്നപ്പോൾ കൂരാൻ തോമ്മാ അടുക്കളയെ ലക്ഷ്യമാക്കി വിളിച്ചുപറഞ്ഞു: "കേട്ടോ, കുഞ്ഞാക്കോച്ചനു് ഇത്ര കാപ്പി കൊടുക്കാൻ."

തറതിച്ചേടത്തിക്കു വിഷമമായി. കാരണം കാപ്പിപ്പൊടിയുണ്ടു്. ചക്കരയില്ല. "മോളേ ഓടിച്ചെന്നു് ഇച്ചിര ചക്കരമേടിച്ചോണ്ടുവാ." കുഞ്ഞമ്മയോടു തറതിച്ചേടത്തി പറഞ്ഞു.

അടുക്കളയിലെ സംസാരം കേൾക്കാമായിരുന്ന കുഞ്ഞാക്കോച്ചൻ പറഞ്ഞു: "കട്ടൻകാപ്പി മതി. മധുരം വേണമെന്നില്ല."

കുടുവൻ പിഞ്ഞാണത്തിൽ കുഞ്ഞമ്മ കാപ്പി കൊണ്ടുവന്നു്, കുഞ്ഞാക്കോച്ചനുകൊടുത്തു കുഞ്ഞാക്കോച്ചൻ അതു ഒരുമോന്തിനു കുടിച്ചു. "കുഞ്ഞമ്മേ, കാപ്പിയൊണ്ടേൽ ഇത്തിരികൂടെ കൊണ്ടുവാ" കുഞ്ഞാക്കോച്ചൻ പറഞ്ഞു. മട്ടസഹിതം ഉണ്ടായിരുന്ന കാപ്പി മുഴുവനും കുഞ്ഞമ്മ ഊററിക്കൊണ്ടുവന്നു. "കാപ്പിക്കു മട്ടൊണ്ടേ." കുഞ്ഞമ്മ തമാശു പറഞ്ഞു. "ഓ കുഞ്ഞാക്കോച്ചനു് മീശയൊള്ളതുകൊണ്ടു് കാപ്പി അരിച്ചുകുടിക്കാമല്ലോ."

കുഞ്ഞാക്കോച്ചൻ കുഞ്ഞമ്മയുടെ മുഖത്തേക്കും കഴുത്തിലേക്കും നോക്കി. "കുഞ്ഞമ്മയ്ക്കു മാലയില്ലേ—വളരെ മോശം" അദ്ദേഹം പറഞ്ഞു.

"കുഞ്ഞാക്കോച്ചൻ ഒരു മാല പണിയിച്ചുതാ. ഞാനിട്ടോളാം."

"അങ്ങനെതന്നെ."

കുഞ്ഞാക്കോച്ചൻ പോകാൻ തുടങ്ങിയപ്പോൾ കൂരാൻതോമ്മായോടു പറഞ്ഞു: "കുഞ്ഞമ്മയോ വല്ലോരോ വിട്ടാൽ കുറെ പഞ്ചസാര കൊടുത്തയക്കാം."

കുഞ്ഞമ്മ ചെല്ലുകയും രണ്ടുരണ്ടരറാത്തൽ പച്ചസാര കുഞ്ഞാക്കോച്ചൻ കൊടുക്കുകയും ചെയ്തു. എന്നുതന്നെയല്ല ഒന്നര പവന്റെ ഒരു മാല കുഞ്ഞാക്കോച്ചൻ വാങ്ങിക്കൊണ്ടുവന്നു് കുഞ്ഞമ്മയ്ക്കു സമ്മാനിക്കുകയുമുണ്ടായി. നല്ലവനായ കുഞ്ഞാക്കോച്ചനെ ദൈവം അനുഗ്രഹിക്കട്ടെ എന്നു തറതിച്ചേടത്തിയും പ്രാർത്ഥിച്ചു; കുഞ്ഞമ്മയും പ്രാർത്ഥിച്ചു.

പിന്നൊരുദിവസം കുഞ്ഞാക്കോച്ചൻ കുഞ്ഞമ്മയോടു ചോദിച്ചു: "ഞാനീ മീശ വടിച്ചുകളയാൻ പോവാ—കുഞ്ഞമ്മ എന്നുപറയുന്നു?"

"എന്റെ കുഞ്ഞാക്കോച്ചാ നല്ല കാര്യം—ഇപ്പോൾ കണ്ടാൽ പേടിയാകും." കുഞ്ഞമ്മ അനുകൂലിച്ചു.

അന്നുതന്നെ കുഞ്ഞാക്കോച്ചൻ തന്റെ ഒരുവയസ്സു്പ്രായമുള്ള മീശകളെ ഉപേക്ഷിച്ചു; ക്ഷുരകൻ കുഞ്ഞാണുവിനു് രണ്ടു രൂപാ ലഭിക്കുകയുംചെയ്തു. മീശ കളഞ്ഞപ്പോൾ കുഞ്ഞാക്കോച്ചൻ വാസ്തവത്തിൽ സുന്ദരനായി.

അടുത്ത ഞായറാഴ്ച പള്ളിപിരിഞ്ഞു് കുഞ്ഞാക്കോച്ചൻ കൂരാൻ തോമ്മായുടെവീട്ടിൽ വന്നു. കരിയും ചാണകവുംകൊണ്ടു മെഴുകി വെടിപ്പാക്കിയിരുന്ന തിണ്ണയിൽ വിരിച്ച തഴപ്പായിൽ കുഞ്ഞാക്കോച്ചൻ ഇരുന്നു. ഒരററത്തു കൂരാൻ തോമ്മായും.

"അപ്പുറെ തോമ്മാച്ചേട്ടാ" കുഞ്ഞാക്കോച്ചൻ പറഞ്ഞു.

"ഉം."

"എനിക്കൊരു വിചാരം."

"ഉം?"

"പൊന്നമ്മയെ കല്യാണം കഴിച്ചുവിട്ടാൽ പിന്നെ വീട്ടിൽ ആരുമില്ലല്ലോന്നു ഒരു ചിന്ത. അതുതന്നെയല്ല പഠിക്കുന്ന അവളെക്കൊണ്ടു വീട്ടിലെ കാര്യങ്ങളൊക്കെ നോക്കാൻ പററുമോ?"

"ജോണച്ചനെക്കൊണ്ടു വല്ലടത്തും പെണ്ണുകെട്ടിച്ചാൽ."

"എന്നാലും......" കുഞ്ഞാക്കോച്ചൻ കുറെനേരം മൗനമായിരുന്നു.

"എന്നാൽ കുഞ്ഞാക്കോച്ചൻ ഒന്നൂടെ പെണ്ണുകെട്ടു് — വല്യ പ്രായോം ഒന്നൂല്ലല്ലോ."

"അതാ എന്റെ തോമ്മാച്ചേട്ടാ ഞാൻ ആലോചിക്കുന്നതു്."

"അതിനെന്നാ ആലോചിക്കാനാ, ഇതുവല്യ കാര്യമോ മറേറാ ആണോ?'

"എങ്കിലും" കുഞ്ഞാക്കോച്ചൻ പറഞ്ഞു, "തോമ്മാച്ചേട്ടൻ ഇങ്ങോട്ടു നീങ്ങിയിരുന്നേ. ഒരു കാര്യം പറയട്ടെ."

തോമ്മാച്ചേട്ടൻ കുഞ്ഞാക്കോച്ചന്റെ തൊട്ടടുത്തിരുന്നു.

"നമ്മുടെ—" കുഞ്ഞാക്കോച്ചൻ മന്ത്രിച്ചു.

"ഉം?"

"നമ്മുടെ കുഞ്ഞമ്മയെ— സ്ത്രീധനം ഒന്നും തരണ്ടാ."

കൂരാൻ തോമ്മാ ഒന്നു ഞെട്ടി. അയാൾ ആലോചിച്ചു. കുറെനേരം മൗനമായിരുന്നതിനുശേഷം, "ഞാൻ വീട്ടുകാരത്തിയോടൊന്നാലോചിക്കട്ടെ."

"ആലോചിക്കാനൊന്നുമില്ല—അങ്ങനെതന്നെ. ഒടനെ വേണം താനും. എന്തിനുതാമസിക്കുന്നു."

"ആട്ടെ"

"ഞായറാഴ്ച ഒപ്പിക്കണം. അങ്ങനെ ആരേം അറിയിക്കുകയും ഒന്നും വേണ്ടാ—ചെറിയ തോതിൽ—എന്താ?'

"ഉം"

കുഞ്ഞാക്കോച്ചൻ പോയിക്കഴിഞ്ഞു് വിവരം തോമ്മാച്ചേട്ടൻ തറതിയെ അറിയിച്ചു. തറതിച്ചേടത്തിക്കു ആ ആലോചന അത്ര ഇഷ്ടമായില്ല. "രണ്ടാംകെട്ടുകാരനെക്കൊണ്ടു കെട്ടിക്കുന്നതിലും നല്ലതു എന്റെ പെണ്ണിനെ കണ്ടൻകായലിൽകൊണ്ടെ കെട്ടിത്താഴ്ത്തുന്നതാ." അവർ കട്ടായം പറഞ്ഞു. കുഞ്ഞമ്മ വിവരം അറിഞ്ഞപ്പോൾ പറഞ്ഞു. "അമ്പടാ, കള്ളസന്യാസി, ഇതിനാണോ ഇതിലേ കേറിം എറങ്ങിം നടന്നതു്!"

തോമ്മാച്ചേട്ടൻ ആ അഭിപ്രായങ്ങളുടെ മുമ്പിൽ ചൂളിപ്പോയി. "ചുമട്ടുകാരനാണെങ്കിലും കന്യാദാനക്കാരൻ മതി എന്റെ പെണ്ണിനു്" എന്നു അയാൾക്കും തോന്നാതിരുന്നില്ല.

പിറേറ ഞായറാഴ്ച കല്യാണം ഉറപ്പിക്കാൻവന്ന കുഞ്ഞാക്കോച്ചന്റെ ദേഹത്തേക്കു് ഒരു സ്വർണ്ണമാല വന്നു വീണു. അതു അടുക്കളയിൽനിന്നു് കുഞ്ഞമ്മ എറിഞ്ഞതായിരുന്നു. മാലയുടെ ഏറുകൊണ്ടു് കുഞ്ഞാക്കോച്ചന്റെ

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ സിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 || ERNAKULAM MARCH 25, 1953 || No. 31


## "സ്വാതന്ത്ര്യത്തിൻെറ ചേരിയിൽ"—

## പ്രതിമാസഗ്രന്ഥക്ലബ്ബ്വക

മാർഷൽ സ്റ്റാലിനു് മരണകരമായ രോഗം പിടിപെട്ടപ്പോൾ അതിൽ ഉൽക്കണ്ഠ പ്രകാശിപ്പിച്ചുകൊണ്ടു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ പാർലമെൻററിപാർട്ടി സോവ്യററ്യൂണിയനിലെ കമ്മ്യൂ: പാർട്ടിയുടെ സെൻട്രൽ കമ്മററിക്കു് ഒരു കേബിൾസന്ദേശം അയച്ചു. "മനുഷ്യവർഗ്ഗത്തിൻെറ അഗ്രഗണ്യനേതാവായ നമ്മുടെ സഖാവു സ്റ്റാലിൻെറ രോഗത്തെപ്പററിയുള്ള ഗുരുതരമായ വാർത്ത ഞങ്ങളുടെമേലും ഞങ്ങളുടെ ജനങ്ങളിൽ അനേകകോടികളുടെ മേലും ഒരു കരിനിഴൽ വീഴ്ത്തിയിരിക്കുന്നു. ഞങ്ങളുടെ സകല ചിന്തകളും നിങ്ങളോടുകൂടിയാണു്. സഖാവു സ്റ്റാലിൻെറ രോഗശമനത്തിലേക്കുള്ള പുരോഗതിയെ അവർ ഉൽക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു." പാർലമെൻററിയിലെ കമ്മ്യൂണിസ്റ്റുഗ്രൂപ്പിൻെറ നേതാക്കന്മാർ ഒപ്പിട്ടയച്ച ഈ സന്ദേശത്തിൽനിന്നു മനസ്സിലാക്കാം, ഇൻഡ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടിക്കു് സ്റ്റാലിൻെറ നേതൃത്വത്തിലുള്ള മഹത്തായ വിശ്വാസം. അതിൻെറ പ്രേരണയാലാണല്ലോ അവരുടെ ദേശഭക്തി സ്റ്റാലിൻ നേരിട്ടു ഭരിച്ചിരുന്ന സോവ്യററ്യൂണിയൻെറ നേർക്കു തിരിഞ്ഞതും, യൂറോപ്പിലേയും ഏഷ്യയിലേയും ചില രാജ്യങ്ങളെപ്പോലെ ഭാരതവും സോവ്യററുസാമ്രാജ്യത്തിൻെറ വലയത്തിൽ ഉൾക്കൊണ്ടിരിക്കണമെന്നു് അവർ ആഗ്രഹിക്കുന്നതും.

### സ്റ്റാലിൻെറ നേതൃത്വം

### ഗുണകരമോ, ദോഷകരമോ?

സോവ്യററ്യൂണിയനിലെ അപ്രതിരോധ്യ സ്വേച്ഛാധിപതിയെന്ന നിലയിൽ ആ മഹാരാജ്യത്തിൻെറ ഗുണത്തിനും ദോഷത്തിനും നേരിട്ടുത്തരവാദിത്വം വഹിച്ചിരുന്നതു് സ്റ്റാലിൻെറ ഭരണമാകുന്നു. ആ ഭരണത്തിൽ അവിടത്തെ പൗരസഞ്ചയത്തിനു് മനുഷ്യോചിതമായ ഉന്നമനമാണോ മനുഷ്യവിരുദ്ധമായ അധഃപതനമാണോ ഉണ്ടായിട്ടുള്ളതു്? സോവ്യററു് പൗരന്മാരുടെ രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവും സാംസ്കാരികവുമായ സ്ഥിതിഗതികൾ ക്യാപ്പിററലിസ്റ്റു് എന്നു് അപലപിക്കപ്പെടുന്ന രാജ്യങ്ങളെ അപേക്ഷിച്ചു് ഉയർന്നതോ താഴ്ന്നതോ? ഈ ചോദ്യങ്ങൾക്കു് പരസ്പരവിരുദ്ധങ്ങളായ മറുപടികളാണു് കേൾക്കുക. കമ്മ്യൂണിസ്റ്റുകാരും അവരുടെ അനുഭാവികളും പറയുന്നു, സോവ്യററ്യൂണിയൻ സമത്വസുന്ദരമായ രാജ്യമാണെന്നു്; തൊഴിലാളികളുടേയും കർഷകരുടേയും കാര്യത്തിൽ പ്രത്യേകിച്ചും, ആ രാജ്യം ഭൗമികപറുദീസായോടു് സമീപിക്കുകയാണെന്നു്; സോവ്യററ്യൂണിയൻ ഗവർമ്മെൻറിൻേറയോ അവരുടെ നയപരിപാടികൾക്കു് വിധേയങ്ങളായി വർത്തിക്കുന്ന സംഘടനകളുടേയോ ക്ഷണം സ്വീകരിച്ചു് ആ രാജ്യത്തു ചെല്ലുകയും, അവർ നിയമിക്കുന്ന വഴികാട്ടികളും അകമ്പടിക്കാരുമൊന്നിച്ചു് ആ രാജ്യത്തിലെ പല ഭാഗങ്ങളും സന്ദർശിക്കുകയും ചെയ്തിട്ടുള്ള ഇൻഡ്യയിലെ പല പ്രമുഖ വ്യക്തികളും മടങ്ങിവന്നശേഷം ചെയ്തിട്ടുള്ള പ്രസ്താവങ്ങൾ മേൽപ്പറഞ്ഞ അഭിപ്രായങ്ങൾക്കു് താങ്ങായി ചൂണ്ടിക്കാണിക്കപ്പെടുന്നുമുണ്ടു്.

എന്നാൽ വേറൊരുഗണം ആളുകളുടെ അഭിപ്രായങ്ങളും സാക്ഷ്യങ്ങളും നേരെ വിപരീതങ്ങളാകുന്നു. അവരാകട്ടെ ഒരുകാലത്തു് സോവ്യററ്യൂണിയൻെറ മിത്രങ്ങളായിരുന്നവരും, ആ നിലയിൽ ആ രാജ്യത്തു് മിക്കവാറും സ്വതന്ത്രമായി സഞ്ചരിക്കുവാൻ സൗകര്യം ലഭിച്ചവരും ആണു്. അവരിൽത്തന്നെ ചിലർ ആ രാജ്യത്തു ദീർഘകാലം വസിക്കുകയും അവിടത്തെ ഗവർമ്മെൻറിൻെറ കീഴിൽ ഉത്തരവാദിത്വമുള്ള പല ജോലികൾ നിർവ്വഹിച്ചിരുന്നവരുമാണു്. മൂന്നാമതൊരുകൂട്ടർ ആ രാജ്യത്തിൽനിന്നുള്ള അഭയാർത്ഥികളാണു്. ഇവരെല്ലാം പ്രസംഗങ്ങളും പ്രബന്ധങ്ങളുംവഴിയായി സോവ്യററ്യൂണിയനിൽ തങ്ങൾ കണ്ടതും കേട്ടതും തങ്ങൾക്കനുഭവപ്പെട്ടതുമായ വിവരങ്ങൾ ലോകരെ അറിയിച്ചിട്ടുണ്ടു്. അവയിൽനിന്നു വ്യക്തമായി കാണാൻകഴിയും, സ്റ്റാലിൻെറ ഭരണത്തിൽ സോവ്യററ്യൂണിയനിലെ ജീവിതം ഏററവും ദുസ്സഹമാണെന്നു്; രാഷ്ട്രീയമോ, സാമ്പത്തികമോ, സാമുദായികമോ, സാംസ്കാരികമോ ആയ സ്വാതന്ത്ര്യങ്ങളും സുസ്ഥിതികളും അവിടെ ഇല്ലെന്നു്; ക്യാപ്പിററലിസ്റ്റു് എന്നു് അപലപിക്കപ്പെടുന്ന രാജ്യങ്ങളോടു് താരതമ്യപ്പെടുത്തിയാൽ സോവ്യററ്യൂണിയനിലെ സാമാന്യപൗരന്മാരുടേയും, തൊഴിലാളികളുടേയും കർഷകരുടേയും, ജീവിതസ്ഥിതി വളരെവളരെ മോശമാണെന്നു്.

### വിക്ടർ ക്രൗഞ്ചങ്കോയുടെ അനുഭവസാക്ഷ്യം

പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടുതരം അഭിപ്രായങ്ങളിൽ ആദ്യത്തേതിനെക്കാൾ വിശ്വാസയോഗ്യം രണ്ടാമത്തേതാണെന്നു്, അഭിപ്രായങ്ങൾ പറഞ്ഞിട്ടുള്ളവരുടെ സ്വഭാവവും അഭിപ്രായത്തിനു വിഷയകമായ സംഗതികൾ ശരിക്കു് അറിയുവാൻ അവർക്കുണ്ടായിരുന്ന അനുകൂലസാഹചര്യങ്ങളും തെളിയിക്കുന്നുണ്ടു്. എന്നാൽ ഈ ലക്ഷണങ്ങൾ മിക്കവാറും തികഞ്ഞിട്ടുള്ള അനുഭവസാക്ഷിയാണു് വിക്ടർ ക്രൗഞ്ചങ്കോ. അദ്ദേഹം രചിച്ച ഗ്രന്ഥമാണു് "സ്വാതന്ത്ര്യത്തിൻെറ ചേരിയിൽ" (I Chose Freedom) എന്ന അഭിധാനത്തിൽ പ്രതിമാസഗ്രന്ഥക്ലബ്ബിൻെറ 8-ം 9-ം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ളതു്. സോവ്യററ്യൂണിയനിൽ ജനിച്ചുവളർന്ന ക്രൗഞ്ചൻകോ 1929-മുതൽ റഷ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ അംഗമായിരുന്നു; സോവ്യററുഭരണത്തിൻകീഴിൽ പല വലിയ ഉദ്യോഗങ്ങളും വഹിച്ചിട്ടുണ്ടു്; മോസ്കോയിലുള്ള ചില വൻകിട വ്യവസായശാലകളുടെ ഡയറക്ടറായിരുന്നു; സോവ്യററുറിപ്പബ്ലിക്കിലെ ഏററവും വലിയ ഭരണഘടകമായ പീപ്പിൾസു് കമ്മിസാർ കൗൺസിലിനോടു് ബന്ധപ്പെട്ട ആയുധസംഭരണവകുപ്പിലെ ഒരു പ്രധാനിയുമായിരുന്നു; ചുവപ്പുസേനയിലെ ഒരു ക്യാപ്ററനുമായിരുന്നിട്ടുണ്ടു്. സോവ്യററധികാരികളുടെ വിശ്വാസത്തിനും പ്രീതിക്കും ഇത്രമേൽ പാത്രവാനായിരുന്നതിനാൽ, കഴിഞ്ഞ യുദ്ധകാലത്തു് സോവ്യററ്യൂണിയൻെറ വകയായി വാഷിംഗ്ടണിൽ സ്ഥാപിച്ചിരുന്ന സോവ്യററു് പർച്ചേയിസിംഗു് കമ്മീഷനിലെ ഒരുദ്യോഗസ്ഥനായി അദ്ദേഹം നിയമിക്കപ്പെട്ടു. സോവ്യററുജനതയ്ക്കു് അനുഭവപ്പെട്ടിരുന്ന നാനാതരമായ അടിമത്തം കണ്ടും അനുഭവിച്ചും ഹൃദയം വെന്തുനീറിയിരുന്ന, വല്ലവിധത്തിലും സോവ്യററ്യൂണിയനു് പുറത്തുകടന്നു് സ്വതന്ത്രവായു ശ്വസിക്കുവാൻ ഏററവുമധികം അഭിലഷിച്ചിരുന്ന, അദ്ദേഹത്തിനു് ഈ നിയമനം മോചനപ്രാപ്തിക്കുള്ള വഴി വെട്ടിത്തെളിച്ചുകൊടുത്തു. ആ ഉദ്യോഗം വഹിച്ചുകൊണ്ടു് വാഷിംഗ്ടണിൽ താമസിക്കവേ അദ്ദേഹം കമ്മ്യൂണിസ്റ്റുപാർട്ടിയിൽനിന്നു രാജിവച്ചു. രാജിയുടെ കാരണം ചുരുക്കത്തിൽ ചൂണ്ടിക്കാണിച്ച ഒരു പ്രസ്താവനയും പുറപ്പെടുവിച്ചു. ഇതെല്ലാം ഏററവും രഹസ്യത്തിലാണു് അദ്ദേഹം ചെയ്തതു്. രഹസ്യത്തിലല്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്. "എൻെറ പലായനവാർത്ത പരസ്യമാകുന്നതിനുമുമ്പു് ആയതു സോവ്യററു "രക്ഷാകർത്താക്കന്മാർ" അറിഞ്ഞിരുന്നെങ്കിൽ, തീർച്ചയായും വാഷിംഗ്ടണിലെ സോവ്യററു് എമ്പസി അമേരിക്കൻ സ്റ്റേററു് ഡിപ്പാർട്ടുമെൻററിനു് അറിവുകൊടുത്തു് എന്നെ ഒരു ജർമ്മൻകാരനായി പിടിപ്പിക്കുമായിരുന്നു; തുടർന്നു് ഉടൻതന്നെ റഷ്യയിലേക്കു നാടുകടത്താൻ ആവശ്യപ്പെടുകയും ചെയ്യുമായിരുന്നു." ഈ അപകടങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറി രക്ഷപെട്ടശേഷം അദ്ദേഹം പ്രസ്തുത ഗ്രന്ഥമെഴുതി പ്രസിദ്ധപ്പെടുത്തി.

### കോടതിവിധിമൂലം പ്രാമാണ്യം ലഭിച്ച വിശ്വഗ്രന്ഥം

സോവ്യററുസമ്പ്രദായത്തിൻെറ വൃത്തികേടുകളും ഭയങ്കരതകളും ലോകത്തിനു കാണിച്ചുകൊടുത്ത, ഹൃദയപരമാർത്ഥത ഉടനീളം തിരതല്ലുന്ന ആത്മകഥയടങ്ങിയ, പ്രസ്തുത ഗ്രന്ഥം വലിയൊരു സ്ഫോടകഗോളംപോലെ കമ്മ്യൂണിസ്റ്റുലോകത്തിൽ നിപതിച്ചു. കമ്മ്യൂണിസ്റ്റുകൾ അതെങ്ങനെ സഹിക്കും? അവർ ഗ്രന്ഥകാരനെ അവരുടെ ഭാഷയിൽ ചീത്തപറയാൻതുടങ്ങി. ഒടുവിൽ പാരീസിലെ ഒരു കമ്മ്യൂണിസ്റ്റു് സാഹിത്യവാരിക "ക്രവഞ്ചങ്കോയെ നിർമ്മിച്ചതെങ്ങനെ" എന്ന ശീർഷകത്തിൽ ഒരു വൃത്തികെട്ട ലേഖനം പ്രസിദ്ധപ്പെടുത്തി. അതിൽ ആ ഗ്രന്ഥത്തിൻെറ കർത്താവു് ഒരു നികൃഷ്ടജന്തുവാണെന്നും നീചനായൊരു കാരനാണെന്നും അമേരിക്കരുടെ പാവയാണെന്നും റഷ്യയെപ്പററി അതിൽ പറഞ്ഞിട്ടുള്ളവയെല്ലാം പച്ചക്കള്ളമാണെന്നും മററും എഴുതിപിടിപ്പിച്ചു. തന്നെ അപകീർത്തിപ്പെടുത്തിയതിനു് ആ പത്രത്തിൻെറ പ്രവർത്തകരെ പ്രതികളാക്കി ക്രൗഞ്ചങ്കോ കേസുകൊടുത്തു. 1949 ജനുവരി 24-ാംനു- വിചാരണ ആരംഭിച്ചു. സോവ്യററ്യൂണിയനെത്തന്നെ വിസ്തരിക്കുന്ന കേസാണു് അതെന്നു് ജനസാമാന്യം കണക്കാക്കി. സോവ്യററു് സർക്കാർപോലും അങ്ങനെതന്നെ ഗണിച്ചുകൊണ്ടു് തങ്ങളുടെ ജനറൽമാരേയും പ്രഫസർമാരേയും ഉദ്യോഗസ്ഥന്മാരേയും ക്രൗഞ്ചങ്കോയുടെ നുണകൾക്കു സാക്ഷ്യംവഹിക്കുവാൻ പാരീസിലേക്കയച്ചു. ക്രൗഞ്ചങ്കോയാകട്ടെ, തൻെറ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന വസ്തുതകളുടെ പരമാർത്ഥതയ്ക്കു് തെളിവു നൽകാനാവുന്നവരെ ക്ഷണിച്ചുകൊണ്ടു് ഒരു പത്രപ്രസ്താവന പുറപ്പെടുത്തി. റഷ്യൻ അഭയാർത്ഥികൾ ഉൾപ്പെടെ പല രാജ്യങ്ങളിൽനിന്നും അനേകമനേകമാളുകൾ സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഗ്രന്ഥത്തെ സാധൂകരിച്ചു സാക്ഷി പറയാൻ തയ്യാറായി. അവരിൽ 19 പേരെ ക്രൗഞ്ചങ്കോ തിരഞ്ഞെടുത്തു. സ്വീഡനിൽനിന്നുവന്ന ഒരു ജർമ്മൻകാരനും ചുരുക്കം ചില ഫ്രഞ്ചുകാരുമൊഴികെ ബാക്കിയെല്ലാം സോവ്യററുപൗരന്മാരായിരുന്നു. അവരുടെ ആത്മകഥകളും അവർ കോടതിയിൽ അവതരിപ്പിച്ച സോവ്യററുരേഖകളും ഗ്രന്ഥത്തിൻെറ സാധുതയെ നിസ്സംശയം സ്ഥാപിച്ചു. ഏപ്രിൽ 4-ാംനു- ആയിരുന്നു കോടതിയുടെ വിധിപ്രസ്താവം. പ്രതികളുടെമേൽ കററം സ്ഥാപിച്ചും, വാദിയായ ക്രൗഞ്ചങ്കോയ്ക്കു് പ്രതികൾ നഷ്ടപരിഹാരം ചെയ്യണമെന്നു് ആജ്ഞാപിച്ചും, വിധി മുഴുവൻ പ്രസ്തുത പത്രത്തിൻെറ ഒന്നാംപുറത്തുതന്നെ പ്രസിദ്ധീകരിക്കാൻ കല്പിച്ചും ഉള്ളതായിരുന്നു വിധി.

### ഗ്രന്ഥകർത്താവിൻെറ കുറിപ്പു

1948-ൽ പുറപ്പെടുവിച്ചതും ഈ മലയാളപരിഭാഷയുടെ മൂലഗ്രന്ഥമായി ഉപയോഗിച്ചിട്ടുള്ളതുമായ ഒരു സംക്ഷേപപതിപ്പിനു് ഗ്രന്ഥകർത്താവുതന്നെ ഒരു കുറിപ്പു് എഴുതിയിട്ടുണ്ടു്. അതു ചുവടെ ഉദ്ധരിക്കുന്നു:-

"രണ്ടു കൊല്ലം മുൻപു് (1946-ൽ) ഈ പുസ്തകം അമേരിക്കൻ ഐക്യനാടുകളിൽ പ്രസിദ്ധം ചെയ്തതിനുശേഷം ഫ്രാൻസു്, ഇംഗ്ലണ്ടു്, സ്വിററുസർലൻഡു്, നോർവേ, സ്വീഡൻ, ഡെൻമാർക്കു്, ഇററലി, ഹോളണ്ടു്, സ്പെയിൻ, പോർട്ടുഗൽ, ചൈനാ, അർജൻറയിൻ, ബ്രസീൽ, കാനഡാ എന്നീ രാജ്യങ്ങളിലും യൂക്രേനിയൻ ഭാഷയിലും അതു് പുനഃപ്രസിദ്ധീകൃതമായി എന്നു് അറിയുന്നതു് രസാവഹമായിരിക്കുമല്ലോ. അടുത്തുതന്നെ അതു ജർമ്മനി, ആസ്ത്രിയാ; ജപ്പാൻ, കൊറിയാ, ഈജിപ്തു് എന്നീരാജ്യങ്ങളിലും സ്വീഡനിൽഎസ്റ്റോണിയൻഭാഷയിലും, ഇൻഡ്യയിൽ ഉർദു, ബംഗാളിഭാഷകളിലും ചെക്കൊസ്ലോവാക്കിയൻ ഭാഷയിലും പ്രസിദ്ധപ്പെടുത്തുന്നതാണു്.

"ഇരുമ്പുമറയുടെ ഇങ്ങേഭാഗത്തു എൻെറ പുസ്തകത്തിനു് സിദ്ധിച്ചിരിക്കുന്ന ഈ വിജയം എനിക്കു് അത്യധികമായ ആനന്ദവും സംതൃപ്തിയും നൽകിയിരിക്കുന്നു. സോവ്യററു് സമ്പ്രദായത്തിൻെറ യാഥാർത്ഥ്യത്തെപ്പററി ലോകത്തോടു പറയുന്നതിനും, കമ്മ്യൂണിസ്റ്റു് വിപത്തിനെപ്പററി ലോകർക്കു് ഒരു മുന്നറിയിപ്പു നൽകുന്നതിനും എനിക്കു് അനുഭവിക്കേണ്ടിവന്ന ത്യാഗങ്ങൾ നിഷ്ഫലമായിട്ടില്ല; ഈ യത്നത്തിൽ എൻെറ പ്രതീക്ഷകളെയെല്ലാം കവച്ചുവയ്ക്കുന്ന ഫലങ്ങളാണുണ്ടായിരിക്കുന്നതു്.

"അമേരിക്കയിൽനിന്നും, ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങളിൽനിന്നും—എല്ലാത്തരം ജീവിതരീതികളിലുംപെട്ട പുരുഷന്മാരിലും സ്ത്രീകളിലുംനിന്നും— ആയിരക്കണക്കിനു് കത്തുകളാണു് എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നതു്. ഈ കത്തുകളിൽ സോവ്യററു് പ്രശ്നങ്ങളിൽ അവർക്കുള്ള അഗാധമായ താല്പര്യവും, കമ്മ്യൂണിസ്റ്റു് ഏകാധിപത്യം നടത്തുന്ന മർദ്ദനത്തിലും ദുർഭരണത്തിലും അവർക്കുള്ള അവജ്ഞയും ഭീതിയും, റഷ്യൻ ജനതയുടെ കഷ്ടാനുഭവങ്ങളിലുള്ള സഹാനുഭൂതിയും പ്രകടിതമായിരിക്കുന്നു. എൻെറ പ്രയത്നത്തിനും ത്യാഗത്തിനും ഈ കത്തുകൾ ഏററവുംനല്ലപ്രതിഫലമാണു്.

"കമ്മ്യൂണിസത്തിൽനിന്നു ഞാൻ ഭിന്നിച്ചുപോന്നപ്പോൾ ആരുടെ ദയക്കു ഞാൻ എന്നെത്തന്നെ സമർപ്പിച്ചുവോ, ആ അമേരിക്കൻ പൊതുജനാഭിപ്രായത്തോടും, എന്നെ സോവ്യററു് ഗവർമ്മെൻറിനു് പിടിച്ചു് ഏല്പിക്കാതെ, എനിക്കു് ഒരു സങ്കേതവും, സോവ്യററു് ഏകാധിപത്യത്തിൽപ്പെട്ടിരിക്കുന്ന എൻെറ രാജ്യത്തിൻേറയും എൻെറ ജനങ്ങളുടേയും യഥാർത്ഥചരിത്രം ലോകത്തോടു പറയുന്നതിനു് സന്ദർഭവും നൽകിയ ഐക്യനാടു ഗവർമ്മെൻറിനോടും എനിക്കു് അഗാധമായ കൃതജ്ഞതയാണുള്ളതു്.

"എൻെറ പുസ്തകം വായിച്ചിട്ടുള്ള ലക്ഷക്കണക്കിനു ജനങ്ങൾ, കമ്മ്യൂണിസംമൂലം റഷ്യയിലെ ജനങ്ങൾക്കു് ഉണ്ടായിരിക്കുന്നവിപത്തു മനസ്സിലാക്കുക മാത്രമല്ല, യഥാർത്ഥ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള മത്സരത്തിൽ സ്വന്തനാട്ടിലെ എല്ലാത്തരത്തിലുള്ള ഏകാധിപത്യങ്ങൾക്കും കമ്മ്യൂണിസത്തിനുമെതിരായുള്ള സമരത്തിൽ, തങ്ങൾ സജീവമായും പൂർണ്ണഹൃദയത്തോടുകൂടിയും ഭാഗഭാക്കാകാത്തപക്ഷം, ഈവിപത്തു തങ്ങൾക്കുതന്നെയും ഗുരുതരവും വിപുലവുമായ ഒരാപത്തായിരിക്കുമെന്നു ഗ്രഹിക്കുകയും ചെയ്തുകാണുന്നതിൽ എനിക്കതിയായ സന്തോഷമുണ്ടു്."

ഈ വിശിഷ്ടഗ്രന്ഥം മലയാളത്തിൽ തർജ്ജിമചെയ്തു് ഒന്നും രണ്ടും ഭാഗങ്ങളായി (നവമ്പർ 8, 9) പ്രസിദ്ധംചെയ്ത പ്രതിമാസക്ലബ്ബിനെ ഞങ്ങൾ സർവ്വാത്മനാ അഭിനന്ദിക്കുന്നു. അവ രണ്ടും വാങ്ങി വായിക്കണമെന്നാണു് പൊതുജനങ്ങളോടുള്ള ഞങ്ങളുടെ വിനീതമായ ശുപാർശ.

(ആവശ്യപ്പെടേണ്ടും മേൽവിലാസം: സെക്രട്ടറി, പ്രതിമാസഗ്രന്ഥക്ലബ്ബു്, എറണാകുളം)


### സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |


## അടുത്തയാഴ്ചയിൽ

മാർച്ച്

29 ഞാ: ഓശാനഞായർ

30 തി: ജോൺക്ലിമാക്കൂസ്

31 ചൊ: ബഞ്ചമിൻ

ഏപ്രിൽ

1 ബു: ഹ്യൂ

2 വ്യാ: തിരുവ്യാഴം ഫ്രാൻസിസ് പൗലാ

3 വെ: ദുഃഖവെള്ളി

4 ശ: ദുഃഖശനി

### ജപാപ്പസ്തോലന്ദ്യം

ഏപ്രിൽമാസത്തെ പൊതുനിയോഗം: മെത്രാന്മാർക്കും അവരുടെ ഭരണപരമായ ജോലികൾക്കും.

മിഷൻ നിയോഗം: മിഷൻ രാജ്യങ്ങളിലെ ഉപദേശികൾക്കുവേണ്ടി.

# പ്രസാധക കുറിപ്പുകൾ

### കമ്മ്യൂ ആരോപണത്തെ മുക്കർജി ഖണ്ഡിക്കുന്നു

റഷ്യയോടു ദേശഭക്തിയുള്ളവരും തന്മൂലം അമേരിക്കയോടും മററും ദ്വേഷമുള്ളവരുമായ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് സാമാജികന്മാർ കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും നിയമസഭകളിൽ നിത്യം ഉരുവിടാറുള്ള ആരോപണങ്ങളിലൊന്ന് നമ്മുടെ കോൺഗ്രസ്സ് ഗവർമ്മെൻറു പാശ്ചാത്യരാജ്യങ്ങളുടെ താളത്തിനു തുള്ളുകയാണെന്നാണല്ലോ. അത്തരം ഒരാരോപണം ഫെബ്രുവരി 25-ാംനു പാർലമെൻറിൽവച്ച് കമ്മ്യൂണിസ്റ്റ് ഗ്രൂപ്പിൻെറ ആക്ററിംഗ് ലീഡറായ പ്രൊഫസർ ഹിരൻ മുക്കർജി ഉന്നയിച്ചു. ജനസംഘനേതാവും പ്രതിപക്ഷഗ്രൂപ്പുകളിലെ പ്രമുഖാംഗവുമായ ഡോക്ടർ എസ്സ് പി മുക്കർജി "ലജ്ജാകരം" എന്നു വിശേഷിപ്പിച്ചുകൊണ്ട് ആരോപണത്തെ ഖണ്ഡിച്ചു. ഇൻഡ്യയിലെ ഏററവും വലിയ ചിത്തരഞ്ജൻ ലോക്കൊമോട്ടീവ് ഫാക്ടറി വിദേശീയ ടെക്ക്നീഷ്യന്മാരുടെ ആധിപത്യത്തിലാണെന്നായിരുന്നു പ്രൊഫ: മുക്കർജിയുടെ ആക്ഷേപം. "നമുക്ക് തല്ക്കാലം റഷ്യാക്കാർ എന്ന നിലവിട്ട്, ഇൻഡ്യാക്കാർ എന്ന നിലയിൽ കാര്യങ്ങൾ വീക്ഷിക്കാം" എന്നായിരുന്നു ഡോക്ടർ മുക്കർജി നൽകിയ മറുപടി. ലോക്കൊമോട്ടിവിൻെറ (തീവണ്ടിയുടെ) വിഭാഗങ്ങളിൽ 70 ശതമാനവും ചിത്തരഞ്ജൻഫാക്ടറിയിൽത്തന്നെയാണ് നിർമ്മിക്കപ്പെടുന്നതെന്നും, വ്യവസായീകരണത്തിൻെറ ആരംഭദശയിൽ വിദേശികളുടെ ടെക്ക്നിക്കൽ സഹായം സ്വീകരിക്കുന്നതിൽ ആക്ഷേപകരമായൊന്നുമില്ലെന്നും ഡോക്ടർ മുക്കർജി പ്രസ്താവിച്ചു. സോവ്യററ് റഷ്യയിൽ ജർമ്മൻകാരും അമേരിക്കാക്കാരുമായ ടെക്ക്നീഷ്യന്മാരുടെ സഹായവും പണവും ധാരാളം സ്വീകരിച്ചാണ് 1928 മുതൽ അവിടത്തെ വ്യവസായീകരണം കെട്ടിപ്പടുത്തുകൊണ്ടുപോന്നതെന്നുള്ള വസ്തുത ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്ക് അറിഞ്ഞുകൂടയോ? അതോ, അറിഞ്ഞിട്ടും അതു മനഃപൂർവ്വം അവർ മറച്ചുവയ്ക്കുകയാണോ?

### ബഡ്ജററ് വിമർശനങ്ങൾക്ക് പനമ്പള്ളിയുടെ മറുപടി

തിരു-കൊച്ചി നിയമസഭയിൽ ബഡ്ജററ് വിമർശനങ്ങൾ കഴിഞ്ഞപ്പോൾ മന്ത്രി ശ്രീ പനമ്പിള്ളി പ്രതിപക്ഷത്തിൻെറ കഴമ്പില്ലാത്ത വിമർശനങ്ങൾ ഓരോന്നിനും കുറിക്കു കൊള്ളുന്ന മറുപടി എണ്ണിയെണ്ണി നൽകി പ്രസംഗിച്ചു. ആ പ്രസംഗത്തിലെ സംഗതമായ ഭാഗങ്ങൾ താഴെ ചേർക്കുന്നു:-

സാമ്പത്തികസംയോജനക്കരാറിൽ ഒപ്പുവച്ചപ്പോൾ നമ്മുടെ വരുമാനങ്ങളെല്ലാം കേന്ദ്രത്തിനു "അടിയറവച്ചു" എന്ന പ്രയോഗം ഒന്നിലധികം മെമ്പറന്മാർ പ്രയോഗിച്ചുകേട്ടു. ആ പദപ്രയോഗം ഒരു കമ്മട്ടത്തിൽ ഉണ്ടാക്കിയതാണ്. ബ: ആലപ്പുഴ മെമ്പർ (സ: ടിവി) കൊണ്ടുവന്ന ഈ കള്ളനാണയം മററുപലരും ഉടനുപയോഗിക്കുകയായിരുന്നു. 1952-ൽ ഇന്ത്യയിൽ എല്ലാരാജ്യങ്ങൾക്കും ഭക്ഷ്യസബ്സിഡി (നഷ്ടം നികത്താനുള്ള സഹായം) നിർത്തിയപ്പോൾ നമുക്ക് 3 കോടിരൂപ സബ്സിഡി അനുവദിച്ചതു് നമ്മുടെ അടിയറമനോഭാവമാണെന്ന് കരുതുന്നവരോടു സഹതപിക്കാനേ നിവൃത്തിയുള്ളു. ധാന്യങ്ങൾ രാജ്യത്തിനകത്ത് അങ്ങുമിങ്ങും കൊണ്ടുപോകുന്നതിനുള്ള വ്യവസ്ഥകളിൽ കുറെ അയവു വരുത്തിയതിനെ പ്രതിപക്ഷം പ്രത്യേകിച്ചും അനുകൂലിച്ചാണ് കഴിഞ്ഞ കൊല്ലം ഈ സഭയിൽ അഭിപ്രായം പുറപ്പെടുവിച്ചതു്. പ്രതിപക്ഷത്തുനിന്നുള്ള നിർദ്ദേശങ്ങൾ കഴിയുന്നതും ആദരിച്ചുപോകണമെന്ന ഡെമോക്രസീതത്വങ്ങൾ പാലിച്ചാണ് അങ്ങനെ അയവുവരുത്തിയതു്. എന്നിട്ടും അതിനെപ്പററി ആക്ഷേപമുണ്ടായിരിക്കുന്നു. ചെയ്താലും ചെയ്തില്ലെങ്കിലും കുററം, എന്ന മനോഭാവമാണ് പ്രതിപക്ഷം കാണിക്കുന്നതെന്ന് ഈ ആക്ഷേപങ്ങൾ കൊണ്ട് അവർ തെളിയിച്ചുകാട്ടുകയാണ്. 100 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരുടെ എണ്ണം 59 മാത്രമാണ്. 50 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർ 2370 ആണ്. 50-ൽ താഴെ ഭൂമിയുള്ളവരുടെ സംഖ്യ 736466 ആണ്. ചെറിയ കർഷകർക്ക് ആശ്വാസം നൽകാൻ ലെവീസമ്പ്രദായത്തിൽ ഭേദഗതി വരുത്തുകയും നെല്ലു കടത്തിക്കൊണ്ടുപോകുന്ന നിയമത്തിൽ അയവു വരുത്തുകയും ചെയ്യണമെന്നുള്ള പൊതു അഭിപ്രായത്തെ ആദരിച്ച് ജനായത്തരീതികളെ മാനിച്ച് നടപടി നടത്തിയപ്പോൾ അതും കുററമായി. ജന്മികളെ സഹായിക്കാനാണ് എന്നു കുററം പറയുന്നതിൻെറ പൊള്ളത്തരം ബോദ്ധ്യപ്പെടാൻ വൻകിട ഭൂമിയുടമസ്ഥന്മാർ 859 പേർ മാത്രമാണെന്നുള്ള വസ്തുത മതിയാകുന്നതാണ്. പഞ്ചവത്സരപദ്ധതിയെപ്പററി ബ: ഭരണിക്കാവു മെമ്പർ (സ: എം എൻ) വളരെ ആക്ഷേപിച്ചു. "ഈ പഞ്ചവത്സരപദ്ധതി നശിക്കുകയേ ഉള്ളു" എന്നു ശപിച്ചു. ഈ പദ്ധതികൾകൊണ്ട് പ്രയോജനം സിദ്ധിക്കുന്ന ഈ രാജ്യത്തെ പരസഹസ്രം കർഷക ജനതയെയാണ് അദ്ദേഹം ശപിച്ചിരിക്കുന്നതു്. എന്നാൽ ആ ശാപം തീർച്ചയായും ഫലിക്കാൻ പോകുന്നില്ല. കർഷകജനത്തിൻെറ ഉന്നമനത്തിനുവേണ്ടി നടപ്പാക്കുന്ന ഈ പദ്ധതികൾ അവരുടെ സഹകരണത്തോടുകൂടി ഗവർമ്മെൻറ് പൂർത്തിയാക്കും. പഞ്ചവത്സരപദ്ധതി തുടങ്ങിയിട്ട് രണ്ടുകൊല്ലമായല്ലോ, ഇതേവരെ എന്തുമാത്രം ഉല്പാദിപ്പിച്ചു, എന്ന് ഭരണിക്കാവുമെമ്പർ ചോദിച്ചു. 5 കോടി രൂപാ മുടക്കി 5 കൊല്ലംകൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതിക്ക് രണ്ടുകൊല്ലത്തെ ഫലംനോക്കി വിധി നിർണ്ണയിച്ച മെമ്പറുടെ ഈ ആക്ഷേപം കേട്ടപ്പോൾ ഒരു വിദ്യാർത്ഥി നദിയുടെ ശരാശരി ആഴം കണക്കാക്കി നീന്തിനോക്കിയ കഥയാണ് ഓർമ്മയിൽ വരുന്നതു്. എണീററു നിന്നാലുടനെ ഈ ഗവർമ്മെൻറിനെ തകർക്കണം, ഈ ബഡ്ജററിനെ പരാജയപ്പെടുത്തണം എന്നുള്ള വിളികൾമാത്രം നടത്തുന്ന പ്രതിപക്ഷത്തോട് മനഃപൂർവ്വം വിചാരിച്ചാൽത്തന്നെയും ചിലപ്പോൾ ബഹുമാനം കാണിക്കാൻ സാധിക്കാതാകും.

ഇതിനകം 14 വകുപ്പുകളുടെ സംയോജനം പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. നടത്തിയിടത്തോളം സംയോജനംകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സംതൃപ്തി ഉണ്ടായിട്ടുണ്ടെന്നുള്ളതാണു പരമാർത്ഥം. ഉദ്യോഗസ്ഥന്മാരെ വിവിധഗ്രേഡുകളിൽ സ്ഥിരപ്പെടുത്തുകയും ഒരു സിവിൽലിസ്റ്റു തയാറാക്കുകയും ചെയ്യുന്നതിന് 3 പ്രമുഖ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി ഒരു കൺഫർമേഷൻ കമ്മററിയെ നിയമിച്ചിട്ടുണ്ട്. ഇതു ഒരു പോലീസുസ്റ്റേററാണ്, പോലീസിനുവേണ്ടി മുതലെടുപ്പിൻെറ വലിയഭാഗം ചിലവാക്കുന്നുവെന്നും മററും ഒരാക്ഷേപം പ്രതിപക്ഷത്തുനിന്നും ഉണ്ടായി. കുറെക്കാലമായി കൊടുക്കാൻ സാധിക്കാതെയിരുന്ന യൂണിഫാറം ആദിയായവ സപ്ലൈചെയ്യുന്നതിനും, ട്രഷറികളിലും മററും കാവൽനിൽക്കുന്നതിലേക്ക് പോലീസിനെ നിയമിക്കുന്നതിനുമായി ഇക്കൊല്ലം കുറെ കൂടുതൽ തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. പ്രവർത്തനത്തിലിരിക്കുന്ന ഏതൊരു ഗവർമ്മെൻറിനും പോലീസ് ആവശ്യമാണ്. പോലീസില്ലാത്ത രാജ്യം വല്ലതുമുണ്ടോ? ഇവിടത്തെ പോലീസിന് ഇൻഡ്യയിലെ മറേറതൊരു സംസ്ഥാനത്തെക്കാളും കുറഞ്ഞ ചിലവുമാത്രമേ അനുവദിച്ചിട്ടുള്ളു. പോലീസിനുവേണ്ടിയുള്ള ഇവിടത്തെ ചിലവ് ജനസംഖ്യയിൽ ആളൊന്നുക്ക് ഒരു രൂപാമാത്രമാണ്. ബോംബെ സംസ്ഥാനത്ത് ആളൊന്നുക്ക് 2 രൂപാ 6 അണ. പെപ്സുവിൽ 2 രൂപാ 4 അണ. ബംഗാളിൽ 2 രൂപാ 4 അണ. ഹൈദ്രബാദിൽ 2 രൂപാ. മൈസൂറിൽ 1 രൂപാ 2 അണ. ഇവിടെ പോലീസിനുവേണ്ടി ആളൊന്നിന് ഒരുരൂപാ ചിലവാക്കുമ്പോൾ വിദ്യാഭ്യാസത്തിനുവേണ്ടി ആളൊന്നിന് 4 രൂപായും, പൊതുമരാമത്തിനുവേണ്ടി 4·59 രൂപായും, ആരോഗ്യത്തിന് 1·38 രൂപായും, ഭക്ഷ്യത്തിന് 8·8 രൂപായും ചെലവാക്കുന്നു.

പ്രതിപക്ഷനേതാവ് ശ്രീ ടി. വി. തോമസ്സ് പ്രസ്താവിച്ചു. ഈ ബഡ്ജററ് ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണെന്ന്. ഇൻഡ്യൻ പാർലമെൻറിൽ കമ്മ്യൂണിസ്റ്റുമെമ്പർ പ്രസംഗിച്ചതു, പ്രസിഡൻറിൻെറ പ്രസംഗം ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണെന്നാണ്. അർത്ഥം എന്താണെന്നുള്ളതിനെക്കാൾ, പാർട്ടി അംഗീകരിച്ചിട്ടുള്ള പ്രയോഗങ്ങൾ ആവർത്തിക്കണമെന്നേ ഈ പ്രതിപക്ഷനേതാക്കന്മാർക്ക് ഉദ്ദേശമുള്ളു.

### പ്രതിപക്ഷത്തോടുള്ള നയം— ഹൈദ്രാബാദ് മന്ത്രിയുടെ മറുപടി

ഹൈദ്രാബാദ് നിയമസഭയിലെ പ്രതിപക്ഷനേതാവ് ആവശ്യപ്പെടുകയുണ്ടായി, പ്രതിപക്ഷപാർട്ടികളോടുള്ള ഗവർമ്മെൻറിൻെറ നിലവിശദമാക്കണമെന്ന്. അതിന് ആഭ്യന്തരമന്ത്രി മി. ബിന്ദു മാർച്ച് 13-ാംനു ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ മറുപടിപറഞ്ഞു:-

ഞങ്ങളുടെ നയം ആവർത്തിച്ചാവർത്തിച്ച് വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ. ജീവിക്കുകയും ജീവിക്കാനനുവദിക്കുകയും സകല രാഷ്ട്രീയപാർട്ടികൾക്കും പരിപൂർണ്ണവും സ്വാതന്ത്ര്യവുമായ പ്രവർത്തനങ്ങൾ അനുവദിക്കുകയുമാണ് ഞങ്ങളുടെ നയം. ഈ നയത്തിന് ഏററവും വലിയ തെളിവ്, അധികാരം ഏറെറടുത്തശേഷം ഞങ്ങൾ കമ്മ്യൂണിസ്റ്റു പാർട്ടിയുടെമേലുള്ള നിരോധനം നീക്കിയതാണ്. സംസ്ഥാനത്തിലെ ഡെററിന്യൂകളുടെ (തടങ്കലിൽ വച്ചിരിക്കുന്നവരുടെ) സംഖ്യ 600 ൽനിന്നും 3 ആയി ഞങ്ങൾ കുറച്ചു. ഡെററിന്യൂകളെല്ലാം മോചിതരായശേഷം രാഷ്ട്രീയതടവുകാരെന്നു സങ്കല്പിക്കപ്പെടുന്നവരുടെ കാര്യത്തിൽ ഒരു തൽക്കാലസന്ധി ആവശ്യപ്പെട്ടുകാണുന്നതിൽ തനിക്കാശ്ചര്യമുണ്ട്. ഇന്നു ജയിലിലിരിക്കുന്നവരും പ്രതിപക്ഷത്തിൻെറ ശുപാർശ്ശക്ക് വിഷയീഭവിക്കുന്നവരുമായ ആളുകൾ ഇൻഡ്യൻ പീനൽകോഡിലുള്ള പല കുററങ്ങൾക്ക് പ്രോസിക്യൂട്ട് ചെയ്യപ്പെടുകയും കോടതികളാൽ വിധിക്കപ്പെടുകയും ചെയ്തിട്ടുള്ളവരാണ്. ഈ തടവുകാരുടെ കാര്യവും രാഷ്ട്രീയമായ നിലയിൽ വീക്ഷിക്കപ്പെടണമെന്ന വാദം സ്വീകാര്യമല്ല. പ്രജായത്തഗവർമ്മെൻറിനെതിരായ സായുധസമരമൊന്നും നീതീകരിക്കാൻ തനിക്കു സാദ്ധ്യമല്ല. "പോലീസ് ആക്ഷനു" മുമ്പുണ്ടായതും മുൻഗവർമ്മെൻറിനെതിരായി നടത്തിയതുമായ സായുധസമരത്തെ വ്യത്യസ്തരീതിയിൽ പരിഗണിക്കാവുന്നതാണ്. എന്നാൽ പോലീസ് ആക്ഷനുശേഷം നടന്നിട്ടുള്ള സായുധസമരമാകട്ടെ, ഈ സംസ്ഥാനത്തെ നിയന്ത്രിക്കുന്ന ഇൻഡ്യാഗവർമ്മെൻറിനെതിരായ സായുധസമരമാണെന്നു ഞാൻ ഉറപ്പിച്ചുപറയുന്നു.

### ആയുധങ്ങൾ വെച്ചൊഴിഞ്ഞിട്ടില്ല

കൈവശമുള്ള ആയുധങ്ങളെല്ലാം തങ്ങൾ വെച്ചൊഴിയണമെന്ന് കമ്മ്യൂണിസ്റ്റുകാർ പറഞ്ഞിട്ടുള്ളതു് ഗവർമ്മെൻറിന് ബോദ്ധ്യമാകുന്നില്ല. അവർ വച്ചൊഴിഞ്ഞതിൻെറ പല ഇരട്ടി ആയുധങ്ങൾ അവരുടെ കൈവശമുണ്ടായിരുന്നെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. സായുധപോലീസ് ഗണങ്ങളെ പിരിച്ചുവിടണമെന്ന് പ്രതിപക്ഷം എന്നും ശക്തിയായി വാദിച്ചിട്ടുണ്ട്. അതിനോട് താൻ യോജിക്കുന്നില്ല. സായുധപോലീസിൻെറ ആവശ്യം ഉണ്ടെന്നുകാണുന്ന കാലത്തോളം, കുറെ പണം ലാഭിക്കുവാൻമാത്രം, അവരെ പിരിച്ചുവിടാൻ ഗവർമ്മെൻറു തയ്യാറില്ല. കമ്മ്യൂണിസ്റ്റ് പ്രവർത്തകന്മാരെ വല്ല കാരണവുംപറഞ്ഞ് പ്രോസിക്യൂട്ട് ചെയ്യണമെന്ന് പോലീസുദ്യോഗസ്ഥന്മാർക്കു സർക്കുലർ അയച്ചിട്ടുണ്ടെന്നുള്ള ആരോപണത്തെ താൻ നിഷേധിക്കുന്നു. എന്നാൽ നിയമപ്രകാരം ആരെയെങ്കിലും പ്രോസിക്യൂട്ട് ചെയ്യേണ്ട കാര്യത്തിൽ യാതൊരു പ്രത്യേകപാർട്ടിയുടേയും അംഗത്വം തടസ്സമായി നില്ക്കാൻ പാടുള്ളതല്ലെന്നു കാണിക്കുന്ന ഒരു സർക്കുലർ താൻ അയച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാരെ മാത്രമല്ല, കോൺഗ്രസ്സ് പ്രവർത്തകരേയും പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കേണ്ടതാണ്. ഈ വിഷയത്തിൽ യാതൊരു വ്യത്യസ്തഗണനയും ഗവർമ്മെൻറ് സ്വീകരിച്ചിട്ടില്ല.

### തിരു-കൊച്ചിയിലെ തൊഴിലാളിവകുപ്പു റിപ്പോർട്ട്

തിരു-കൊച്ചിയിലെ തൊഴിലാളിവകുപ്പിൻെറ 1951-52 ലെ ഭരണറിപ്പോർട്ട് പുറത്തായിരിക്കുന്നു. അതിലെ ചില വിവരങ്ങളാണ് താഴെ ചേർക്കുന്നതു്:

ആ കൊല്ലത്തിൽ ഫാക്ടറികളുടെ എണ്ണം 851-ൽനിന്ന് 933 ആയി വർദ്ധിച്ചു. സകല ഫാക്ടറികളിലുംകൂടി ജോലിചെയ്യുന്നവരുടെ ശരാശരി ആകെ സംഖ്യ 77,164. ലൈസൻസ് ഫീസായി 204,524 രൂപാ ലഭിച്ചു. ഫാക്ടറികളിൽ 1133 അപകടക്കേസുകൾ ആകെയുണ്ടായി. അവയിൽ 3 മരണകരവും, 40 ഗുരുതരവും, ബാക്കി ലഘുതരവും ആയിരുന്നു. അക്കൊല്ലത്തിൻെറ ആരംഭത്തിൽ 481 ട്രേയ്ഡ്‌യൂണിയനുകളാണ് പ്രവർത്തനം നടത്തിയിരുന്നതു്. അക്കൊല്ലത്തിൽ 163 യൂണിയനുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. 89 യൂണിയനുകളുടെ രജിസ്ട്രേഷൻ എടുത്തുകളഞ്ഞു. അങ്ങനെ കൊല്ലാവസാനത്തിൽ 555 യൂണിയനുകൾ പ്രവർത്തനം നടത്തിയിരുന്നു. 3009 വ്യവസായത്തർക്കങ്ങൾ ഉണ്ടായി. അവയിൽ 2,538 വകുപ്പുദ്യോഗസ്ഥന്മാരുടെ ശ്രമഫലമായി സൗഹാർദ്ദതയിൽ തീരുമാനിക്കപ്പെട്ടു. 3,616,785 രൂപാ ബോണസ്സ് നൽകി. തിരുവിതാംകൂർ പ്രദേശത്തു 10,877 പ്രസവകേസുകൾക്ക് വേതനമായി 29,320 രൂപാ നൽകപ്പെട്ടു.

ബീഡിതെറുപ്പുകാരുടെ മിനിമം (ഏററവും കുറഞ്ഞ) കൂലി നിശ്ചയിച്ചു. മിനിമംവേജസ്സ് ആക്ടിൽ 12 തരം തൊഴിലുകളാണുൾപ്പെടുത്തിയിരുന്നതു്. കയർപിരിയും കശുവണ്ടിയും തൊഴിലുകൾകൂടി അവയോടു ചേർക്കപ്പെട്ടു. പ്രസ്തുത ആക്ടനുസരിച്ച് തോട്ടംതൊഴിലാളികൾക്കായി നിയമിച്ച മിനിമംവേജസ്സ് കമ്മിററി അവരുടെ റിപ്പോർട്ട് ഗവർമ്മെൻറിനു സമർപ്പിച്ചു. കൊല്ലം അവസാനിച്ചപ്പോൾ ആ റിപ്പോർട്ട് ഗവർമ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയായിരുന്നു. കയറും കശുവണ്ടിയും തൊഴിലുകൾസംബന്ധിച്ചുള്ള മിനിമംവേജസ്സ് നിശ്ചയിക്കുവാൻ കമ്മററികൾ ഏർപ്പെടുത്തി. തോട്ടം വ്യവസായത്തിലാണ് സംസ്ഥാനത്ത് ഏററവുമധികം തൊഴിലാളികൾ ജോലിചെയ്യുന്നതു്. അവിടങ്ങളിലെ തൊഴിൽസാഹചര്യങ്ങൾ വളരെ ഭേദപ്പെട്ടിട്ടുണ്ട്. 1951 ജൂണിൽ തോട്ടങ്ങളുടെ കാര്യത്തിൽ ഒരു ത്രികക്ഷി കോൺഫറൻസ് ലേബർകമ്മീഷണർ വിളിച്ചുകൂട്ടി. സ്വാതന്ത്ര്യവും സൗഹാർദ്ദവുമായ ചർച്ചകളുടെ ഫലമായി അതിൽ പ്രധാനപ്പെട്ട പല തീരുമാനങ്ങളും ചെയ്യുകയുണ്ടായി. പ്രസ്തുത കൊല്ലത്തിൽ ആകെ വരവ് 209,747 രൂപയും ആകെ ചെലവ് 313,552 രൂപായുമാണ്.

### കോൺഗ്രസ്സ് — പി. എസ്സ്. പി. സംയോജനം നടക്കുമോയെന്നു സംശയം

മുൻ കോൺഗ്രസ്സ് പ്രസിഡൻറ് ശ്രീ കൃപലാനിയുടെ നേതൃത്വത്തിൽ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനുമുമ്പ് അഖിലേന്ത്യാതോതിൽ ഏർപ്പെടുത്തിയ സംഘടനയാണ് പ്രജാപാർട്ടി. അവരും, ശ്രീ ജയപ്രകാശിൻെറയും മററും നേതൃത്വത്തിലുള്ള ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയും യോജിച്ച്, രണ്ടിൻെറയും ലയനഫലമായി, ഒരു പുതിയ പാർട്ടിയുണ്ടായി. അതാണ് പ്രജാസോഷ്യലിസ്റ്റ്പാർട്ടി (പി. എസ്സ്. പി.). ഈ പാർട്ടിയും കോൺഗ്രസ്സുംതമ്മിൽ യോജിക്കുന്നകാര്യത്തെപ്പററി നെഹ്റുവിൻെറ ഉത്സാഹത്തിൽ കുറെനാളായി ആലോചനകൾ നടക്കുകയായിരുന്നു. നെഹ്റുവും ജയപ്രകാശും തമ്മിലാണ് ആലോചനകൾ നടന്നതു്. ഒരു നിവൃത്തിയുണ്ടെങ്കിൽ പി. എസ്സ്. പി. യും കോൺഗ്രസ്സുംതമ്മിൽ യോജിച്ച് ഒരു സംയുക്തഭരണം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും സ്ഥാപിക്കണമെന്ന് നെഹ്റുവിന് വളരെ താല്പര്യമുള്ളതായി കേട്ടിരുന്നു. എന്നാൽ ഈ ആലോചനകൾ ഇപ്പോൾ വിഫലങ്ങളായി പരിണമിച്ചെന്നാണ് കാണുന്നതു്. തങ്ങളുടെ സഹകരണം കോൺഗ്രസ്സിന് ഭരണത്തിൻെറ "സകല പദവികളിലും" നൽകുന്നതിന് ഏതേതു വ്യവസ്ഥകൾ പി. എസ്സ് പി. ആവശ്യപ്പെടുന്നുണ്ടെന്നായിരുന്നു പ്ര

ധാനമായ ആലോചനാവിഷയം. ഭൂനയപരിഷ്കരണവും ഭരണഘടനയിലെ ചില ഭേദഗതികളും ഉൾപ്പെട്ട ഒരു പരിപാടി പി. എസ്സ്. പി. തയാറാക്കിയെന്നും, അതിലെ വ്യവസ്ഥകളനുസരിച്ചേ സംയോജനത്തിനും സഹകരണത്തിനും അവർ തയാറുള്ളൂവെന്നും കാണുന്നു. ജന്മിത്വം നിർത്തലാക്കുന്നതും, രാഷ്ട്രം ജന്മികളിൽനിന്നെടുക്കുന്ന വസ്തുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതും സംബന്ധിച്ച് ഭരണഘടനയിൽ ഭേദഗതിവരുത്തണമെന്നു ജയപ്രകാശിനു നിർബന്ധമാണത്രെ. ആ ഭേദഗതികളുടെ കാര്യത്തിൽ നെഹ്റുവിനു സമ്മതമല്ലത്രെ. കൺസ്റ്റിറ്റ്യുവെൻറ് അസംബ്ലിയിൽ ഭരണഘടന രൂപീകരിക്കപ്പെട്ട അവസരത്തിൽ ഈ രണ്ടുകാര്യങ്ങളെക്കുറിച്ചും വലിയ വാദപ്രതിവാദം നടന്നു. അതിനുശേഷമാണ് ഭരണഘടനയിൽ അക്കാര്യങ്ങൾ ഉൾപ്പെടുത്തിയതു്. അഭിപ്രായവ്യത്യാസമുള്ള ആ സംഗതികളെപ്പറ്റി ഭരണഘടനയിൽ ഇപ്പോൾ ഭേദഗതികൾ വരുത്തുന്നതു് രാജ്യത്തിനു ഗുണകരമായിരിക്കുകയില്ലെന്നാണ് നെഹ്റുവിൻെറ അഭിപ്രായം. കോൺഗ്രസ്സ് ഗവമ്മെൻറ് സെമിന്ദാരി സമ്പ്രദായം നിർത്തലാക്കിക്കഴിഞ്ഞു. പഞ്ചവത്സരപദ്ധതി പ്രാവൎത്തികമാക്കുവാനാണ് ഗവമ്മെൻറ് ഇപ്പോൾ ബദ്ധപ്പെടുന്നതു്. അതിനു കോട്ടംതട്ടിക്കുന്ന യാതൊരു നടപടിയും സ്വീകരിക്കുവാൻ നെഹ്റുവിനു മടിയാണ്. പി. എസ്സ്. പി. തയാറാക്കിയ പരിപാടിയിൽ വേറെയും ചില കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് — നിയമസഭകളിലെ ഉപരിമണ്ഡലങ്ങൾ നിർത്തലാക്കുക, സഹകരണാടിസ്ഥാനത്തിൽ ഗ്രാമവ്യവസായങ്ങൾ സംവിധാനംചെയ്യുക, കൂടുതൽ വ്യവസായങ്ങൾ രാഷ്ട്രസാൽക്കരിക്കുക, ഭരണരീതിയിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുക എന്നിവ. പരിപാടിയിൽ ഇങ്ങനെ വിപുലങ്ങളായ പല കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട്, നെഹ്റുവും ജയപ്രകാശും തമ്മിൽ മാർച്ച് 16-ാംനു രാത്രി ഒരു മണിക്കൂർ ആലോചനകൾ നടന്നെങ്കിലും ഖണ്ഡിതമായ യാതൊരു തീരുമാനത്തിലും എത്തിച്ചേർന്നില്ല. ആകയാൽ രണ്ടു പാർട്ടികളും തമ്മിലുള്ള സംയോജനത്തിൻെറകാര്യം അനിശ്ചിതാവസ്ഥയിലാണ് ഇപ്പോൾ സ്ഥിതിചെയ്യുന്നതു്.

### "നമ്മുടെ പാർലമെൻറും സ്റ്റാലിൻെറ മരണവും"

മേൽക്കാണുന്ന ശീർഷകത്തിൽ, എസ്സ്. ആർ. നാരായണയ്യർ എന്നൊരു മാന്യൻ അയച്ച, പത്രാധിപക്കുള്ള ഒരു കത്തു് "ഹിന്ദു" പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതു് താഴെ ചേർക്കുന്നു:

നിഷ്ഠുരണമായി തോന്നുമെങ്കിലും എനിക്ക് ഒന്നു പറയാതെ നിവൃത്തിയില്ല: റഷ്യയിലെ പ്രധാനമന്ത്രിയുടെ നിര്യാണത്തിൽ നമ്മുടെ പാർലമെൻറിൻെറ നടപടികൾ തല്ക്കാലം നിർത്തിവയ്ക്കാൻ ഇടവരുത്തിയ നമ്മുടെ പ്രധാനമന്ത്രി നയതന്ത്രദൃഷ്ടിയിൽ ഗുരുതരമായ ഒരബദ്ധമാണ് ചെയ്തതു്. സകല രാജ്യങ്ങളിലും പ്രധാനമന്ത്രിമാരുണ്ടെന്നും, ആ രാജ്യങ്ങളുടെ തോതനുസരിച്ച് അവരെല്ലാം മഹാന്മാരാണെന്നും നമ്മുടെ പ്രധാധമന്ത്രി മറന്നുകളഞ്ഞു. അവരെല്ലാം ഏതെങ്കിലും ഒരു ദിവസം മരിക്കും, അവരിലാരെങ്കിലും മരിക്കുമ്പോൾ നമ്മുടെ പാർലമെൻറിലെ നടപടികൾ തല്ക്കാലം നിർത്തിവച്ചില്ലെങ്കിൽ അദ്ദേഹത്തിൻെറ രാജ്യം അതിൽ പരിഭവിക്കും. ഒട്ടും ആവശ്യമില്ലാത്ത ഈ നടപടിനിർത്തൽ മുഖേന നാം അനാവശ്യകമായി അസുഖങ്ങൾ ഭാവിയിലേക്ക് സൃഷ്ടിച്ചുവച്ചിരിക്കുകയാണ്. ഇതുമാത്രമോ? ഗാന്ധിജിയോടു് കടുകോളം സ്നേഹമുള്ള ഒരു ഇന്ത്യാക്കാരനും അദ്ദേഹത്തിൻെറ ദുഃഖപൂർണ്ണമായ മരണത്തിൽ റഷ്യ അവലംബിച്ച നില ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. ലോകമാകെ റഷ്യ മാത്രമാണ് അവളുടെ കൊടി താഴ്ത്തിക്കെട്ടാഞ്ഞതു്. മററു സകല രാജ്യങ്ങളും അവരുടെ കൊടികൾ താഴ്ത്തുകയും അവരുടെ പ്രമുഖനേതാക്കന്മാർ ഗാന്ധിജിയുടെ വധത്തിൽ അനുശോചിക്കുകയും ചെയ്തപ്പോൾ സ്റ്റാലിൻ മൗനമനുഷ്ഠിച്ചതേയുള്ളൂ. എന്നിട്ടും സ്റ്റാലിൻ മരിച്ചപ്പോൾ നമ്മുടെ കൊടി നാം താഴ്ത്തിക്കെട്ടി, ഒരനുശോചനസന്ദേശം നാം അയച്ചു, നമ്മുടെ പാർലമെൻറ്നടപടികൾ തല്ക്കാലം നിർത്തിവയ്ക്കപോലും ചെയ്തു. ഇതിൻെറയെല്ലാം ചിലവു് നികുതിദായകന്മാരാണ് വഹിക്കുന്നതു്. അന്നു പാർലമെൻറിനു് ഒഴിവുകൊടുത്തതുസംബന്ധിച്ചുള്ള ചിലവും അവർതന്നെ വഹിക്കേണ്ടിയിരിക്കുന്നു,

## കൈപ്പററി

അസംപ്ഷൻ കോളെജ് മാസിക, ചങ്ങനാശ്ശേരി,

"ദി ഐഡിയൽ", തേവര,

സെൻറ് മേരീസ് ഓർഫനേജ് കലണ്ടർ, തൃശ്ശൂർ

എന്നിവ കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

## നസ്രത്തു സഹോദരികൾ

എടക്കുന്നു പാലുവാപുരത്തു സ്ഥാപിതമായിരിക്കുന്ന "നസ്രത്തുസഹോദരിക"ളുടെ സഭയിൽപ്പെട്ട 9 പേർ മാർച്ച് 19-ാംനു എറണാകുളം അതിരൂപതാവികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി അവർകളുടെ കരങ്ങളിൽനിന്നും സഭാവസ്ത്രം സ്വീകരിച്ചു. വെരി റവ. ഫാദർ ജോർജ്ജ് കവലക്കാട്ടു് നവസന്യാസിനികളെ അനുമോദിച്ചും സന്യാസസഭയെ അഭിനന്ദിച്ചും ശ്രദ്ധേയമായ ഒരു പ്രസംഗംചെയ്തു. തദനന്തരം, പ്രസ്തുത സ്ഥാപനത്തോടനുബന്ധിച്ചു പണിചെയ്യുന്ന ശിശുപാലനമന്ദിരത്തിൻെറ ശിലാസ്ഥാപനകർമ്മവും മോൺ. വികാരിജനറാൾതന്നെനിർവ്വഹിച്ചു.

---

മഞ്ഞപ്ര ലൂർദ്ദ് ഗ്രോട്ടോയിലെ പരിശുദ്ധ അമലോത്ഭവമാതാവിൻെറ അനുഗ്രഹത്താലും വിശുദ്ധ യൗസേപ്പുപിതാവിൻെറ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പൗലോസ് ജെ. അവുപ്പാടൻ
മഞ്ഞപ്ര

---

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

ഏലമ്മ വറുഗീസ് താടിക്കാരൻ, മുഴിക്കുളം

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Ro., J. m s, K.loor

---

## വിജ്ഞാനവീഥി

### വത്തിക്കാനുമായുള്ള നയതന്ത്രബന്ധം

പേപ്പൽ സ്റ്റേററ് സെക്രട്ടറിയേററിൽനിന്നും ഈയിടെ പ്രസിദ്ധംചെയ്തിരിക്കുന്ന ഒരു പ്രസ്താവനയനുസരിച്ച് വത്തിക്കാനിലേക്ക് 19 രാഷ്ട്രങ്ങൾ അംബാസിഡർമാരെയും 16 രാഷ്ട്രങ്ങൾ മിനിസ്റ്റർമാരെയും നിയമിച്ചിട്ടുണ്ട്.

അംബാസിഡർമാരെ നിയമിച്ചിട്ടുള്ള രാഷ്ട്രങ്ങൾ: അർജെൻറീന, അസ്ട്രിയ, ബൽജിയം, ബൊളീവിയ, ബ്രസീൽ, ചിലി, കൊളംബിയ, ക്യൂബ, എൽ സാൽവഡോർ, ഫ്രാൻസ്, ഐർലൻറ, ഇററലി, പരാഗ്വേ, ഫിലിപ്പൈൻസ്, പെറു, പോളൻറ്, (രാജ്യഭ്രഷ്ടമായിരിക്കുന്ന പോളിഷ് ഗവർമ്മെൻറ്) പോർത്തുഗൽ, സാൻ ഡൊമിൻഗൊ, സ്പെയിൻ.

മിനിസ്റ്റർമാരെ നിയമിച്ചിട്ടുള്ള രാഷ്ട്രങ്ങൾ: കോസ്റ്ററിക്ക, ഈജിപ്ററ്, ഫിൻലൻറ്, ഗ്രേററ് ബ്രിട്ടൺ, ഹോളൻറ്, ഇൻഡ്യ, ഇൻഡൊനീഷ്യ, ജപ്പാൻ, ലബനോൺ, ലൈബീരിയ, ലിതേനിയ, മൊണാക്കോ, നിക്കാറാഗ്വ, പനാമ, സാൻമറിയാനൊ, ഉറുഗ്വേ.

കൂടാതെ, ദേശീയചൈന ഒരു ചാർജ് ഡി അഫയേഴ്സിനേയും നിയമിച്ചിട്ടുണ്ട്. മാൾട്ടായിലെ ഭരണകൂടവും ഒരു മിനിസ്റ്ററെ നിയമിച്ചിട്ടുണ്ട്. എക്വഡോർ, പാക്കിസ്ഥാൻ, വെനെസുവേല എന്നീരാജ്യങ്ങളും വത്തിക്കാനുമായിനയതന്ത്രബന്ധംഏർപ്പെടുത്തിട്ടുള്ളതാണെങ്കിലും ഇപ്പോൾ ആ സ്ഥാനങ്ങൾ ഒഴിഞ്ഞുകിടക്കുകയാണ്.

---

For favours received through the intercession of Sister ALPHONSA.

Excuse delay.

Mr. K. A. Peter (Karipat),
Ernakulam

---

## പ്രശസ്തസേവനം

എറണാകുളം ലേബർ ആഫീസർ ആയ ടി ഡി ജോസഫ് ബി എ ബി എൽ -നു് ഇക്കഴിഞ്ഞ സെൻസസ്സിൽ സൂപ്പർവൈസറായി ചെയ്ത പ്രശസ്ത സേവനത്തെ അഭിനന്ദിച്ചു ഇന്ത്യൻ പ്രസിഡണ്ടവർകൾ ഒരു സിൽവർ മെഡൽ സമ്മാനിച്ചതായി അറിയുന്നു. പരിശ്രമശാലിയും കർത്തവ്യനിരതനുമായ ശ്രീ ജോസഫ് എല്ലാ പ്രോത്സാഹനങ്ങളും അർഹിക്കുന്ന ഒരാളാണ്. ബഹുമതിലബ്ധിയിൽ അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

---

(5-ാംപേജ് തുടർച്ച)

കുടവയറു നൊന്തില്ലെങ്കിലും മനസ്സിനു വേദനതട്ടി.

തോമ്മാച്ചേട്ടൻ അവിടെ ഇല്ലായിരുന്നു. പഴയപടി ആരും കാപ്പി കൊണ്ടുവരുന്നില്ല; എന്നു തന്നെയല്ല മിണ്ടുന്നുപോലും ഇല്ല.

"തോമ്മാച്ചേട്ടൻ എന്ത്യേ?" ഒടുവിൽ കുഞ്ഞാക്കോച്ചൻ ചോദിച്ചു.

"ഇവിടില്ല" അടുക്കളയിൽനിന്നു് തറതിച്ചേടത്തി മറുപടി പറഞ്ഞു.

"എവിടെപ്പോയിരിക്കുവാ?"

"അറിയാമേലാ"

"എപ്പം വരും?"

"ഇന്നു വരത്തില്ല"

"എന്തിനു പോയേക്കുവാ?"

"കുഞ്ഞമ്മയ്ക്കൊരുത്താനുടെ കല്യാണം ആലോചിക്കാൻ."

കുഞ്ഞാക്കോച്ചൻ പിന്നീടു് ഒന്നും പറഞ്ഞില്ല. ഒന്നും പറയാതെതന്നെ അയാൾ ഇറങ്ങിപ്പോവുകയും ചെയ്തു.

പിന്നീടു് ഒരിക്കലും അയാൾ കൂരാൻ തോമ്മായുടെ വീട്ടിൽ കാലു കുത്തിയിട്ടില്ല; മീശ വടിപ്പിച്ചിട്ടുമില്ല.

---

## സ്വർണ്ണാവസരം

വി. ഫ്രാൻസിസ് ദെസാലസിൻെറ മിഷനറിമാർ എന്നറിയപ്പെടുന്ന സഭാംഗങ്ങൾ ഇൻഡ്യയിൽ വിശാഖപട്ടണത്തിലും നാഗപ്പൂരിലും മിഷൻപ്രവർത്തനം നടത്തുന്നു എന്നുള്ള വസ്തുത നിങ്ങൾക്കേവർക്കും അറിയാവുന്ന ഒരു കാര്യമാണല്ലോ. പ്രസ്തുത സഭാംഗങ്ങളായി ചേർന്നു് നാഗപ്പൂരിൽ ജോലിചെയ്യുന്നതിനാഗ്രഹിക്കുന്ന യുവാക്കന്മാർ താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക. സഭയിൽ വൈദികന്മാരാകുന്നതിനു് മട്രിക്കുലേഷൻ പരീക്ഷയെങ്കിലും ബ്രദർസഹോദരന്മാരാകുന്നതിനു് തേഡ്ഫോറം പരീക്ഷയെങ്കിലും വേണ്ടിയിരിക്കുന്നു. കോളെജ് ബിരുദധാരികളായ യുവാക്കന്മാരും ഞങ്ങളുടെ സഭയിൽ ചേർന്നു്, നാഗപ്പൂരിൽ ഒരൊററ കത്തോലിക്കാ കോളെജ് എങ്കിലും തുറക്കണമെന്നുള്ള ഞങ്ങളുടെ ആശയെ ഫലഭൂയിഷ്ഠമാക്കിത്തീർക്കുവാനപേക്ഷ.

Rev. Fr. Abraham Puthenkulam M. S. F. S.
Principal, St. Joseph's Technical School,
Nagpur M P.

---

## എറണാകുളത്തെ ഏകാന്തധ്യാനം

സെൻറ് വിൻസെൻറ് ഡി പോൾ സംഘം എറണാകുളം കോൺഫറൻസിൻെറ ആഭിമുഖ്യത്തിൽ സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽവച്ചു് നടത്താറുള്ള വാർഷിക ഏകാന്തധ്യാനം പതിവനുസരിച്ച് ഇക്കൊല്ലവും വലിയ ബുധനാഴ്ച 1-4-1953 വൈകുന്നേരം ആരംഭിച്ച് ഉയിർപ്പുഞായറാഴ്ച 5-4-1953 കാലത്തു് അവസാനിക്കുന്നതാണ്. ബ. തിയോഫിൻ ബി. എ., ഒ. സി. ഡി. എം. അവർകളാണ് ധ്യാനഗുരു. താമസത്തിനും ഭക്ഷണം മുതലായവയ്ക്കുംകൂടി 10 ക. യാണു് ചാർജ്. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരേണ്ടതാണ്.

സിക്രട്ടറി

---

## കാളൻ, നെല്ലായി

ഈ വിലാസത്തിൽ രോഗവിവരങ്ങൾ വിശദമായി എഴുതി അയക്കുന്നവർക്ക് ആവശ്യമായ വൈദ്യോപദേശങ്ങൾ ഉടനെ ലഭിക്കുന്നതാണ്.

---

## കൊ-തിവാർത്തകൾ

### നിയമസഭ

തിരുകൊച്ചി നിയമസഭയുടെ ഇപ്രാവശ്യത്തെ സമ്മേളനം മാർച്ച് 28-ാംനു അവസാനിക്കുമെന്നു നേരത്തെ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഏപ്രിൽ 1-ാംനു വരെ തുടർന്നു സമ്മേളിക്കുവാൻ ഇപ്പോൾതീരുമാനിച്ചിരിക്കുന്നു.

### അഞ്ചരലക്ഷംകേസ് സുപ്രീംകോടതി വിധി

അഞ്ചരലക്ഷംകേസിലെ ഒന്നാംപ്രതി മി. കെ. ദാമോദരൻ തൻെറ പേരിലുള്ള സ്പെഷൽ കോടതിയുടെ ശിക്ഷാവിധി തിരുക്കൊച്ചി ഹൈക്കോടതി ശരിവച്ചതിനെത്തുടർന്നു് സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കുകയുണ്ടായി. തത്സംബന്ധമായി സുപ്രീംകോടതി മാർച്ച് 20-ാംനു വിധിപ്രസ്താവിച്ചിരിക്കുന്നു. ദാമോദരനെ സംബന്ധിച്ച കീഴ്ക്കോടതി വിധി സുപ്രീംകോടതി ശരിവച്ചിരിക്കയാണെങ്കിലും പ്രതി തടവുശിക്ഷ ഇതുവരെ അനുഭവിച്ചതു മതിയാകുമെന്നു് ഉത്തരവായിരിക്കുന്നു.

### കോൺ. പാർട്ടി എക്സിക്യൂട്ടീവ്

കോൺഗ്രസ് പാർലമെൻററി പാർട്ടിയിലെ ലീഡറും ഡപ്യൂട്ടി ലീഡറും ഒഴിച്ചുള്ള എക്സിക്യൂട്ടീവ് ഭാരവാഹികൾ 1953-54 ലേക്കു് പുതുതായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പാർട്ടി സെക്രട്ടറിയായി മി. പി. സദാശിവൻപിള്ളയാണു് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്.

## ഇന്ത്യാവാർത്തകൾ

### ആന്ധ്രാ സംസ്ഥാനം

മദ്രാസ് അസംബ്ലിയിലെ ആന്ധ്രാ കോൺഗ്രസ് മെമ്പർമാർ ആന്ധ്രാ പി. സി. സി. പ്രസിഡൻറായമി.എൻ. സഞ്ജീവറെഡ്ഡിയെ തങ്ങളുടെ ലീഡറായി തിരഞ്ഞെടുക്കുകയും പുതിയ ആന്ധ്രാ സംസ്ഥാനത്തു് സുശക്തമായ ഒരു ഗവർമ്മെൻറ് രൂപവൽക്കരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ അദ്ദേഹത്തെ ഭരമേൽപ്പിക്കുകയും ചെയ്തിരിക്കുന്നു.

### പുതിയ ഡപ്യൂട്ടി മന്ത്രി

ഒരു പാർലിമെൻറംഗമായ മി അരുൺ ചന്ദ്രഗുഹയെ കേന്ദ്രധനകാര്യവകുപ്പിലെ ഒരു ഡപ്യൂട്ടി മന്ത്രിയായി നിയമിച്ചിരിക്കുന്നു.

### കൃഷക്‌ലോക് പാർട്ടി കോൺഗ്രസിലേക്കു്

മദ്രാസിലെകൃഷക്‌ലോക് നിയമസഭാകക്ഷിയിലുള്ള 16 അംഗങ്ങളും ആന്ധ്രാ കോൺഗ്രസ് നിയമസഭാകക്ഷിയിൽ അസോഷിയേററ് അംഗത്വം സ്വീകരിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. പുതിയ ആന്ധ്രാസംസ്ഥാനത്തു് ഒരുറച്ച ഗവർമ്മെൻറുണ്ടാക്കുകയാണ് ഈ സഖ്യത്തിൻെറ ലക്ഷ്യം എന്നു പറയപ്പെടുന്നു.

### വ്യോമസർവ്വീസ് ദേശീയവൽക്കരണം

ഇൻഡ്യയിലെ വിമാനസർവ്വീസുകൾ ദേശീയവൽക്കരിക്കുന്നതിനുള്ള ഒരു ബിൽ കേന്ദ്രമന്ത്രി ജഗജീവൻ റാം മാർച്ച് 22-ാംനു ജനസഭയിൽ അവതരിപ്പിച്ചിരിക്കുന്നു. നിലവിലുള്ള വിമാനക്കമ്പനികൾ ഏറെറടുക്കുന്നതിനായി രണ്ടു കോർപ്പറേഷനുകൾ സ്ഥാപിക്കപ്പെടുന്നതാണെന്നു് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

കുടുംബപംക്തി

# കത്തോലിക്കാകുടുംബവും സംതൃപ്തിയും

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

"കടലിൽ തിരമാലയില്ലാത്ത നേരമില്ല. അത്യാഗ്രഹിക്ക് ആകുലചിന്തയില്ലാത്ത സമയവുമില്ല." (വി. അമ്പ്രോസീസ്)

ഒരിക്കൽ ഒരു രാജാവു സായാഹ്നസമയം ഉദ്യാനത്തിൽ ലാത്തിക്കൊണ്ടിരിക്കയായിരുന്നു. അപ്പോൾ ആ ഉദ്യാനത്തിലുള്ള ചില വൃക്ഷലതാദികൾ അദ്ദേഹത്തെ ചില സങ്കടങ്ങൾ ബോധിപ്പിക്കാൻ തുടങ്ങിയത്രെ. റോസച്ചെടികളെപ്പോലെ മനോഹരവും സൗരഭ്യം



വീശുന്നതുമായ പുഷ്പങ്ങൾ പുറപ്പെടുവിക്കുവാൻ തനിക്കു സാധിക്കുന്നില്ലല്ലോ യെന്നു് ഓക്കുവൃക്ഷം രാജാവിന്റെ പക്കൽ പരാതിസമർപ്പിച്ചു. മുന്തിരിച്ചെടികളെപ്പോലെ ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള സാദ്ധ്യത തനിക്കില്ലാത്തതിൽ റോസച്ചെടി പരിഭവിച്ചു. ക്ഷീണിതരും സൂര്യാതപം സഹിക്കുന്നവരുമായ അഭയാർത്ഥികൾക്കു് ഓക്കുവൃക്ഷത്തെപ്പോലെ തണൽ നൽകുന്നതിനു തനിക്കു സാധിക്കുന്നില്ലായെന്നു മുന്തിരിച്ചെടി സങ്കടപൂർവ്വം ഉണർത്തിച്ചു. ശിരസ്സുകുലുക്കി, പുഞ്ചിരിതൂകി, രാജാവു യാത്രുടനും. ശുഭവസ്ത്രംപോലെ വെണ്മയുള്ള സൗരഭ്യവാഹിയായ പുഷ്പങ്ങൾ ആകാശത്തിലേക്കുയർത്തിപ്പിടിച്ചുകൊണ്ടു നിൽക്കുന്ന ലില്ലിച്ചെടിക്കഭിമുഖമായിനിന്നു് രാജാവു് ഇപ്രകാരം ചോദിച്ചു: "മറവുള്ളവൃക്ഷങ്ങളും ചെടികളും സങ്കടങ്ങൾ ഉണർത്തിച്ചും പരാതികൾ ബോധിപ്പിച്ചും കഴിഞ്ഞുകൂടവെ, നിന്നെ ഇത്ര സന്തോഷചിത്തയായി കാണുവാൻ കാരണമെന്താണു്?" ഉത്തരമായി ലില്ലിച്ചെടി പറഞ്ഞു: "സകലത്തേയും അടക്കിഭരിക്കുന്ന ദൈവം എന്നെയും പരിപാലിക്കുന്നുണ്ടെന്നു് എനിക്കറിയാം. ആയതിനാൽ ഉള്ളതുകൊണ്ടു് സംതൃപ്തയായി കഴിയുന്നതിനു ഞാൻ ശ്രമിക്കുന്നു."

ഇക്കാലത്തു് യാതൊരു പ്രകാരത്തിലും സംതൃപ്തിയടയുവാൻ സന്നദ്ധതയില്ലാത്ത വ്യക്തികൾക്കും, കുടുംബങ്ങൾക്കും, രാഷ്ട്രങ്ങൾക്കും ഇതിനെക്കാൾ മഹത്തായ ഒരു പാഠം ലഭിക്കുവാനില്ല. ഒരു സൂക്ഷ്മാവലോകനം നടത്തുകയാണെങ്കിൽ നമുക്കു മനസ്സിലാക്കാൻ സാധിക്കും, സംതൃപ്തി എന്ന വിശിഷ്ടഗുണം നമ്മിൽനിന്നു വളരെ അകലെയല്ലാ സ്ഥിതിചെയ്യുന്നതെന്നു്. ബാഹ്യമായ സാഹചര്യങ്ങളെക്കാൾ കൂടുതലായി ആന്തരികസ്ഥിതിയിലാണു് ഇതു് നിലകൊള്ളുന്നതു്. ഏതെങ്കിലും സമ്പത്തോ നിധിയോ ഒരാൾക്കു കൈവശമുണ്ടെങ്കിൽത്തന്നെയും അതിനാൽ അയാൾ സംതൃപ്തി കണ്ടെത്തിയെന്നു പറയാൻ സാദ്ധ്യമല്ല. ആറടി വലിപ്പമുള്ള തന്റെ ശരീരത്തെ ഉൾക്കൊള്ളുന്ന തൊട്ടി (tub) ഡയോജിനീസ് എന്ന തത്വശാസ്ത്രജ്ഞനു് വലുപ്പമുള്ളതായി അനുഭവപ്പെട്ടുവെങ്കിലും മഹാനായ അലക്സാണ്ടറിനു് ഭൂലോകം മുഴുവൻ അല്പമാത്രമായി തോന്നി. പൂർണ്ണതൃപ്തനായി ഒരുത്തനെയും കണ്ടുമുട്ടുവാൻ സാദ്ധ്യമല്ല. ആയതിനാൽ ഏതൊരു മനുഷ്യൻ തന്റെ ആവശ്യമനുസരിച്ചു് ആഗ്രഹം ക്രമീകരിക്കുന്നുവോ, അയാൾ ഭാഗ്യവാനാകുന്നു. ലോകത്തിലുള്ളവർ എല്ലാവരും അവരവർക്കുള്ള നിർഭാഗ്യങ്ങൾ ഒരുമിച്ചു് ഒരു സ്ഥലത്തു കൂട്ടുന്നുവെന്നു് വിചാരിക്കുക. അനന്തരം അവനവനു് ഇഷ്ടപ്പെട്ടഭാഗം തിരിച്ചുകൊണ്ടുപോകുവാൻ അവസരം ലഭിക്കുന്നപക്ഷം, ഓരോരുത്തനും അന്യന്റേതു് കൊണ്ടുപോകാതെ, സ്വന്തമായിട്ടുള്ളതു തിരിച്ചുകൊണ്ടുപോകുമെന്നതിനു സംശയമില്ല.

ചില മനുഷ്യർക്കു് ആവശ്യമുള്ളതു് എന്താണെന്നു് അവർക്കുതന്നെ അറിഞ്ഞുകൂടാ. അവർ താഴെപ്പറയുന്ന സ്ത്രീയെപ്പോലെയുള്ളവരാണു്. ഒരുദിവസം പ്രസ്തുത സ്ത്രീ തന്റെ മുറിയുടെ ഭിത്തികൾ പെയിൻറുചെയ്യുന്നതിനു് ഒരാൾക്കു ഓർഡർ കൊടുത്തു. വളരെ വിശിഷ്ടമായ നിറത്തിലുള്ള തന്റെ ചാമ്പൽപ്പാത്രത്തിന്റെ (ash-tray) നിറത്തിൽ ചുവരുകൾ പെയിൻറുചെയ്യണമെന്നു അവൾ നിഷ്കർഷിച്ചു. എത്രതന്നെ ശ്രമിച്ചിട്ടും ആ സ്ത്രീ നിർദ്ദേശിച്ചതരത്തിലുള്ള ചായം നിർമ്മിക്കാൻ പെയിൻറർക്കു സാധിച്ചില്ല. ആയതിനാൽ അയാൾ വേറൊരുതരം ചായമുണ്ടാക്കി ആദ്യംതന്നെ ചാമ്പൽപ്പെട്ടി പെയിൻറുചെയ്തു. അനന്തരം അതിന്റെ നിറമനുസരിച്ചു ഭിത്തികളും പെയിൻറുചെയ്തു. പ്രസ്തുത സ്ത്രീ യാത്രകഴിഞ്ഞു തിരിച്ചുവന്നു് പരിശോധിച്ചതിൽ ചാമ്പൽപ്പെട്ടിയുടെ നിറമനുസരിച്ചു ഭിത്തികൾ പെയിൻറുചെയ്തിരുന്നതിനാൽ സംതൃപ്തയായി നല്ല സമ്മാനവും അയാൾക്കു കൊടുത്തു.

ദാരിദ്ര്യത്തിൽ സംതൃപ്തി കണ്ടെത്തുകയെന്നതു് വളരെ വിഷമമേറിയ പ്രശ്നമാണു്. എന്നാൽ അപ്രകാരം കഴിഞ്ഞുകൂടുന്ന കുടുംബങ്ങളും ധാരാളമുണ്ടു്. ഉദാഹരണമായി, റേഷൻകാലത്തു് നടന്ന ഒരു സംഭവം പറയാം. റേഷൻതുണി വാങ്ങുന്നതിനു മത്തായിച്ചേട്ടൻ കടയിലേക്കു പോയി. അയാൾ കടയിൽ ചെല്ലുന്നതിനുമുമ്പുതന്നെ നല്ല തുണികൾ എല്ലാം ധനികന്മാരുടെ അലമാരികളിൽ "ഡബിൾ" ആയും സാരികളായും സ്ഥലംപിടിച്ചുകഴിഞ്ഞിരുന്നു. മത്തായിച്ചേട്ടനു കിട്ടിയതു് വിളുമ്പിൽ മൂന്നിഞ്ചുവീതിയിൽ ചുവന്നകരയുള്ള അതിലോലമായ 16 മുഴം സാരിയാണു്. കിട്ടിയതുകൊണ്ടു തൃപ്തനായി മത്തായിച്ചേട്ടൻ വീട്ടിൽ വന്നു് അതു മൂന്നായി മുറിച്ചു. 8 മുഴം, ഭാര്യക്കു ഒരു സാരി, 4 മുഴം മത്തായിച്ചേട്ടനു് ഒരു മുണ്ടു്, ബാക്കി 4 മുഴം മകൾ കത്രിപ്പെണ്ണിനു ഒരു ബ്ലൗസിനും പാവാടയ്ക്കും. ന്യായമായ ഈ പങ്കുവയ്ക്കലാണു് ആ കുടുംബാംഗങ്ങളെ സംതൃപ്തരാക്കിയതു്. അതുപോലെ, നാഴിയരിയിട്ടു കഞ്ഞിവയ്ക്കുന്ന വീട്ടിലെ ഗൃഹനായിക, പാകപ്പെടുത്തിയ കഞ്ഞി ഗൃഹനായകനും മക്കൾക്കും വീതിച്ചു് ബാക്കിയുള്ള കഞ്ഞിവെള്ളംകുടിച്ചു് തൃപ്തിയടയുന്നതായുള്ള ദൃഷ്ടാന്തങ്ങൾ നാം കണ്ടിട്ടില്ലേ? ഒരു ദിവസം ധനികനായ ഒരു മനുഷ്യൻ റോഡിൽക്കൂടി നടക്കവേ കന്നുകാലിത്തൊഴുത്തിന്റെ വാതില്ക്കൽ നില്ക്കുന്ന ഒരു ബാലനോടു ചോദിച്ചു: "കുഞ്ഞേ നീ എന്തു ജോലിയാണു ചെയ്യുന്നതു്? പ്രതിഫലമായി നിനക്കെന്തു ലഭിക്കുന്നു!" "ഞാൻ ഈ തൊഴുത്തിൽ ജോലിചെയ്യുന്നു. പ്രതിഫലമായി ഉടുക്കാനും കഴിക്കാനും ഉള്ളവ കിട്ടുന്നു." എന്നു് അവൻ മറുപടി പറഞ്ഞു. ഇതുകേട്ടു ആ ധനികൻ വീണ്ടും പറഞ്ഞു: "തൃപ്തിയടയുക. ഇതുതന്നെയാണു് എനിക്കും കിട്ടുന്നതു്. ഇതിനുവേണ്ടി ഞാനും ജോലിചെയ്യുന്നു." ഈ ധനികന്റെ ഉപദേശത്തിൽനിന്നും നാം മനസ്സിലാക്കേണ്ടതു്, ഓരോരുത്തനും അവനവനു ലഭിച്ചിരിക്കുന്ന ജീവിതസ്ഥിതികൊണ്ടു തൃപ്തിപ്പെടണമെന്നാണു്. വളരെ വിസ്തൃതമായ മേച്ചിൽസ്ഥലത്തു് ജീവിക്കുന്ന മലയാടു്, പുഷ്പത്തിന്റെ മീതെ പറന്നു തേൻശേഖരിക്കുന്ന ശലഭത്തെക്കാൾ കൂടുതൽ തൃപ്തി കണ്ടെത്തുന്നുണ്ടോ? ഇല്ല. മാർബിൾക്കുഴലിൽക്കൂടി പ്രവഹിക്കുന്ന ജലത്തിനു പുൽപ്പരപ്പിൽക്കൂടി ഒഴുകുന്ന വെള്ളത്തെക്കാൾ കൂടുതൽ രുചിയുണ്ടോ? ഇല്ല. സാധാരണമാംസംകൊണ്ടുണ്ടാക്കിയ ഭക്ഷണത്തെക്കാൾ കൂടുതൽ രുചി ശ്രവണസുന്ദരമായ സംഗീതം പുറപ്പെടുവിക്കുന്ന രാപാടിക്കുരുവിയുടെ (nightingale) നാവിലെ മാംസമെടുത്തു പാകപ്പെടുത്തിയ ഭക്ഷണത്തിനുണ്ടോ? ഇല്ല. ദാരിദ്ര്യദേവതയ്ക്കടിമപ്പെട്ടുകയാൽ സംതൃപ്തിയുടെ നിഴൽ ഒരിക്കലും പതിക്കാത്ത കുടുംബങ്ങളിൽ നിവസിക്കുന്ന അംഗങ്ങൾ ഒരു സംഗതി മനസ്സിലാക്കണം, അവരെക്കാൾ കൂടുതൽ ദാരിദ്ര്യദുഃഖമനുഭവിക്കുന്നവർ ലോകത്തിലുണ്ടെന്നു്. കഠിനശൈത്യമുള്ള ഒരു രാത്രിയിൽ തന്റെ പ്രിയപുത്രന്റെ ശരീരം മൂടുന്നതിനു് ഒരു പഴന്തുണിക്കഷണം കിട്ടാഞ്ഞയാൽ ഒരു സാധുവിധവ ഒരു കടലാസുകൊണ്ടു് തണുപ്പിന്റെ ഉഗ്രതയെ തെല്ലൊന്നു ശമിപ്പിച്ചു. അപ്പോൾ ആ കുഞ്ഞു്, അമ്മയോടു, മന്ദസ്മിതംതൂകി, സംതൃപ്തിയുടെ കണ്ണുനീർ ചൊരിഞ്ഞുകൊണ്ടു പറഞ്ഞു: "അമ്മേ, മഞ്ഞു കഠിനമായി വീശുന്ന ഈ രാത്രിയിൽ തങ്ങളുടെ കുഞ്ഞുങ്ങളുടെ ശരീരത്തിൽ ഒരു കടലാസുപോലും ഇടുവാൻ നിവൃത്തിയില്ലാത്ത തള്ളമാർ ഇപ്പോൾ എന്തുചെയ്യും?" അസംതൃപ്തിക്കു വഴിതെളിക്കുന്നതു് എപ്പോഴും ബുദ്ധിമുട്ടുകളാണു്. ബുദ്ധിമുട്ടുകൾക്കു വിധേയനാകാത്ത യാതൊരു വ്യക്തിയും ലോകത്തിലില്ല. സായാഹ്നസമയം ഉദ്യാനത്തിലെ ബഞ്ചിൽ ഇരുന്നു് ഭാഗ്യവാനെന്നമട്ടിൽ വിശ്രമസുഖമനുഭവിക്കുന്നവനും ബുദ്ധിമുട്ടുകൾ കാണും. അവനെ ക്ലേശിപ്പിക്കുന്നതു് നാളെയും സായാഹ്നസമയമുണ്ടാകുമോ, ആ ബഞ്ചിൽ തനിക്കു മുമ്പായി ആരെങ്കിലും നാളെ സായാഹ്നത്തിൽ ഇരിപ്പിടമുറപ്പിക്കുമോ, എന്നു തുടങ്ങിയ ചിന്തകളായിരിക്കും. ആയതിനാൽ വിചാരക്ലേശങ്ങളാകുന്ന ആ അപ്രിയനായ അതിഥി വരാതെ സൂക്ഷിക്കുവാൻ നമുക്കു നിവൃത്തിയില്ല. വന്നാൽ ഇരിക്കുന്നതിനു് ഇരിപ്പിടംകൊടുക്കാതിരിക്കയാണു കരണീയമായിട്ടുള്ളതു്.

നമ്മുടെ ഏതു പ്രവൃത്തികളിലും പരിതസ്ഥിതികളിലും സംതൃപ്തി കണ്ടെത്തുവാനുള്ള പോംവഴി, നമ്മുടെ ഇഷ്ടം എപ്പോഴും ദൈവേഷ്ടത്തിനു വിധേയമാക്കുക, നസ്രസ്സിലെ ഭവനത്തിലെ കുടുംബാംഗങ്ങൾ കിടന്നുകൊണ്ടു് ആ കുടുംബാംഗങ്ങൾ സംതൃപ്തികണ്ടെത്തിയതിനുള്ള കാരണങ്ങൾ മനസ്സിലാക്കുക, എന്നിവയത്രെ. രത്നഖചിതമായ സ്വർണ്ണസിംഹാസനത്തിൽ ഇരിക്കുന്നതിനും പബ്ലിക്കുറോഡ് വൃത്തിയാക്കുന്നതിനുമായി ദൈവം രണ്ടു മാലാഖമാരെ അയക്കുകയാണെങ്കിൽ രണ്ടുപേരും അവരുടെ കൃത്യം ശ്രേഷ്ഠമായി കരുതും. രണ്ടുപേരും കൃത്യനിർവ്വഹണത്തിൽ സംതൃപ്തി കണ്ടെത്തുന്നു. കാരണം ദൈവാഭീഷ്ടപൂർത്തീകരണമാണു് തങ്ങളുടെ ഉദ്ദേശമെന്നു് അവർ മനസ്സിലാക്കുന്നു. സുസ്ഥിരമായ ആത്മസംയമനത്താലും, അചഞ്ചലമായ ധൈര്യത്താലും, അവികലമായ ക്ഷമയാലും, അനുസ്യൂതമായ പ്രാർത്ഥനയാലും ഏതൊരു കുടുംബം കഴിഞ്ഞുകൂടുന്നുവോ അവിടെ സംതൃപ്തിയുടെ പ്രകാശകതിർ വീശുമെന്നുള്ളതിനു പക്ഷാന്തരമില്ല.

---

കത്തോലിക്കാ പ്രവർത്തനസംഘടന, തൃശ്ശൂർ രൂപത

## ഏകാന്തധ്യാനം, എൽത്തുരുത്തു്

വിശുദ്ധവാരത്തിൽ ബുധനാഴ്ചവൈകുന്നേരംആരംഭിച്ചു് ഉയിർപ്പുഞായറാഴ്ച കാലത്തു അവസാനിക്കും. ധ്യാനഗുരു: ബ. ജനേസിസ് ടി. ഒ. സി. ഡി. ബോർഡിങ്ങ് ചാർജ്ജ്: 9ക. മാത്രം. ശയ്യോപകരണങ്ങൾ കൊണ്ടുവരണം. മാർച്ച് 27-ാംനു-ക്കോ അതിനുമുമ്പോ താഴെകാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

റവ. ഫാ. ഫ്ളോറൻസ് ടി. ഒ. സി. ഡി.

റെക്ടർ, സെൻറ് അലോഷ്യസ് ബോർഡിങ്ങ്,

എൽത്തുരുത്തു്, തൃശ്ശൂർ

---

## യുവതികൾക്കു് ഏകാന്തധ്യാനം

പെരുമാനൂർ

പെരുമാനൂർ അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടാറുള്ള യുവതികൾക്കായുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും സ്ഥലം സെൻറ് തോമസ് സ്കൂളിൽ വച്ചു് ഏപ്രിൽമാസം 1-ാംനു- വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങുന്നതും, 14-ാംനു- ചൊവ്വാഴ്ച കാലത്തു് അവസാനിക്കുന്നതുമാണു്. ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരിയാണു്. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗ് ഫീസ് 7 രൂപാമാത്രം. ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 1-ാംനു-ക്കു് മുമ്പ് വിവരം അറിയിക്കേണ്ടതാണു്.

Mother Superior S. D., Perumanoor, Ernakulam

---

## സംഭവകഥകൾ

ശുശ്രൂഷ

വി. ഫ്രാൻസീസ് അസീസിയുടെ സഹപ്രവർത്തകനും ആദ്യശിഷ്യരിലൊരാളുമായിരുന്നു ബ്രദർ ജൂണിപ്പർ. നിഷ്കപടതയുടേയും നിഷ്കളങ്കസ്നേഹത്തിന്റേയും മൂർത്തീഭാവമായിരുന്ന അദ്ദേഹം ചരിത്രം സൃഷ്ടിച്ച ഒരസാധാരണവ്യക്തിയാണു്.

ഒരുദിവസം ആശ്രമശ്രേഷ്ഠൻ ബ്രദർ ജൂണിപ്പറെ ദീർഘനേരം ശകാരിക്കാനിടവന്നു. ആ കണ്ഠക്ഷോഭംനിമിത്തം അദ്ദേഹത്തിന്റെ സ്വരമടഞ്ഞു. അതിനു താനാണല്ലോ കാരണമെന്നോർത്തു് ബ്രദർ ജൂണിപ്പറിനു വലിയ കുണ്ഠിതമുണ്ടായി. അദ്ദേഹം എന്തു ചെയ്യുന്നോ? ചന്തയിൽചെന്നു മാവും വെണ്ണയും മറ്റും വാങ്ങിക്കൊണ്ടുവന്നു് കുറെ പായസമുണ്ടാക്കി. രാത്രി കുറെ വൈകിയപ്പോൾ ഒരു കൈയിൽ പായസപ്പാത്രവും മറേറ കൈയിൽ മെഴുകുതിരിയുമായി ശ്രേഷ്ഠനെ സമീപിച്ചു. അദ്ദേഹമാകട്ടെ, ആ നേരത്തു ചെന്നതിനു ജൂണിപ്പറെ കുററപ്പെടുത്തുകയും വേഗം തിരിച്ചുപോകാൻ ആജ്ഞാപിക്കയും ചെയ്തു.

എന്നാൽ ജൂണിപ്പർ അവിടെത്തന്നെ നിന്നു. പായസം കുടിക്കാൻ താൻ ചെയ്ത നിർബന്ധപൂർവ്വകമായ അഭ്യർത്ഥനകളെല്ലാം വിഫലമാകയാൽ ആ സ്വാമിഭക്തൻ പറഞ്ഞു: "പിതാവു് ഈ പായസം കുടിക്കയില്ലെങ്കിൽ അവിടുന്നു് എനിക്കുവേണ്ടി ഒരുകാര്യം ചെയ്യണം—ഈ മെഴുകുതിരിയൊന്നുപിടിക്കണം. പായസം ഞാൻതന്നെ കുടിച്ചുകൊള്ളാം." ശ്രേഷ്ഠൻ അയാളുടെ നിഷ്കളങ്കമനോഭാവവും സ്നേഹവും കണ്ടു് അനുകമ്പാർദ്രനായി, അയാളോടുകൂടി അവിടെ ഇരുന്നു പായസം കുടിച്ചുവത്രെ.

വിശുദ്ധദിനാചരണം

ഫ്രാൻസും പ്രഷ്യയും തമ്മിലുണ്ടായ പ്രസിദ്ധ സമരത്തിനുശേഷം, പാരീസിൽ താമസമുറപ്പിച്ചിരുന്ന ഒരു ജർമ്മനുദ്യോഗസ്ഥൻ ഒരു ഞായറാഴ്ചദിവസം അവിടത്തെയൊരു രത്നവ്യാപാരിയെ കണ്ടു് അദ്ദേഹത്തിന്റെപക്കൽ വില്പനയ്ക്കുള്ള രത്നങ്ങളൊന്നു പരിശോധിച്ചാൽ കൊള്ളാമെന്നു് ആഗ്രഹം പ്രദർശിപ്പിച്ചു. അന്നതിനു നിവൃത്തിയില്ലെന്നും തിങ്കളാഴ്ചവരെ കാത്താൽ എല്ലാം കാണിച്ചുകൊടുക്കാമെന്നും വ്യാപാരി പറഞ്ഞു. തനിക്കു തിങ്കളാഴ്ച കാലത്തേ പാരീസ് വിടാനുള്ളതാണു്, താൻ ഒരു വലിയ തുക ചെലവാക്കാൻ ഉദ്ദേശിച്ചാണു് വന്നിരിക്കുന്നതു്, എന്നിത്തരംന്യായങ്ങൾപറഞ്ഞു ഉദ്യോഗസ്ഥൻ ആ നല്ല ക്രിസ്ത്യാനിയെ പ്രലോഭിപ്പിക്കുവാൻ ശ്രമിച്ചു. രത്നവ്യാപാരിക്കു കടുത്താന്നു വില്പന നടത്താൻ ആഗ്രഹം തോന്നാതിരുന്നില്ല. എന്നാൽ അതിനെക്കാളാഗ്രഹം വിശുദ്ധദിനാചരണം സംബന്ധിച്ച ദൈവനിയമം പാലിക്കാനായിരുന്നു. ആകയാലദ്ദേഹം ഇളകിയില്ല. ജർമ്മനുദ്യോഗസ്ഥൻ ഭഗ്നാശനായി മടങ്ങിപ്പോന്നു. ആദ്യമല്പം അരിശംതോന്നിയെങ്കിലും, പിന്നീടു് ശാന്തമായി ആലോചിച്ചപ്പോൾ അദ്ദേഹമിങ്ങനെ ന്യായവാദംചെയ്യാൻതുടങ്ങി: "മതനിഷ്ഠനിമിത്തം വ്യക്തിപരമായ ആദായം ബലികഴിക്കാൻ സന്നദ്ധതയുള്ള ഈ മനുഷ്യൻ, തീർച്ചയായും വിശ്വാസയോഗ്യനായിരിക്കണം." ആകയാലദ്ദേഹം പിറേറദിവസംവരെ കാത്തുനില്ക്കയും ഒരു വലിയ തുകയ്ക്കു രത്നങ്ങൾ വാങ്ങിക്കുകയും ചെയ്തു. എന്നുതന്നെയല്ല, തന്റെ പല സ്നേഹിതന്മാരോടും നീതിമാനായ ആ കച്ചവടക്കാരനെപ്പററിപറകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന്റെ രത്നവ്യാപാരം നാൾക്കുനാൾ അഭിവൃദ്ധിപ്രാപിച്ചു. ദൈവം തന്റെ വിശ്വസ്തദാസന്മാർക്കു് ഇഹത്തിൽവച്ചുപോലും വലിയ പ്രതിസമ്മാനം നൽകാറുണ്ടു്.

# മരിയൻ സൊഡാലിററിയുടെ സർവ്വരാജ്യ ഫെഡറേഷൻ

(ഫാ. സാൽവദോർ ടി. ഒ. സി ഡി)

സൊഡാലിററി മദ്ധ്യസ്ഥയും നാഥയുമായ പ. കന്യകാമറിയത്തിൻെറ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചിട്ട് നൂറുസംവത്സരങ്ങൾ പൂർത്തിയാകുന്നതു് 1954 ഡിസംബർ 8-ാംനു-യാണല്ലോ. മരിയാംബിക സൗഭാഗ്യമരണമടഞ്ഞതിൻെറ 19-ാം ശതാബ്ദസ്മരണയും അക്കൊല്ലംതന്നെയാണ്. ഈ ഇരുമഹൽസംഭവങ്ങളേയും ആസ്പദമാക്കി 1954 നെ ഒരു ജൂബിലിവർഷമായി പ്രഖ്യാപിച്ചേക്കാനെളുപ്പമുണ്ടെന്നറിയുന്നു. ഏതായാലും ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അസംഖ്യം മരിയസഖ്യാംഗങ്ങൾ ഈ സുവർണ്ണാവസരത്തിൽ റോമിൽ സമ്മേളിക്കുമെന്നതും അവരുടെ എല്ലാം സാന്നിദ്ധ്യത്തിൽ മരിയസഖ്യങ്ങളുടെ ഒരു സർവ്വരാജ്യഫെഡറേഷൻ (International Federation of Marian Sodalities) ഉൽഘാടനം ചെയ്യുമെന്നുള്ളതും ഇതിനകം തീർച്ചയായിക്കഴിഞ്ഞിട്ടുണ്ട്. ഈ ഫെഡറേഷൻ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും നിയമാവലിയുടെ കരടുകോപ്പികളും ദേശീയപ്രമോട്ടറന്മാർക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരുണത്തിൽ മരിയൻ സൊഡാലിററിയെപ്പററി സാമാന്യമായും നമ്മുടെ നാട്ടിലെ മരിയസഖ്യങ്ങളെ സംബന്ധിച്ച് പ്രത്യേകമായും അല്പം ചിന്തിക്കുന്നതു് സംഗതവും ഉപകാരപ്രദവുമെന്നു വിശ്വസിക്കുന്നു.

പ. സിംഹാസനത്തിൽനിന്നും അംഗീകരണം സിദ്ധിച്ചതും, തദംഗങ്ങളെ പ. കന്യകാമറിയത്തോടുള്ള വിശേഷവിധിയായ സ്നേഹവും ഭക്തിയും വഴിയായി, വ്യക്തിപരമായ ജീവിതവിശുദ്ധിയിലേക്കാനയിക്കുകയും, അപ്പസ്തോലവൃത്തിക്കും തിരുസ്സഭയുടെ സംരക്ഷണത്തിനുമായി സജ്ജീകരിക്കുകയും ചെയ്യുന്നതുമായ ഒരു മതസംഘടന (Religious body) യെന്നു് മരിയൻ സൊഡാലിററിയെ വ്യവഹരിക്കാം. ഈ നിർവചനത്തിൽനിന്നും മരിയസഖ്യം വെറുമൊരു സംഘടനയല്ലെന്നും പ്രത്യുത അതൊരു ജീവിതരീതികൂടെയാണെന്നും, ജീവിതവിശുദ്ധിയാണ് അതിൻെറ പ്രഥമവും പ്രധാനവുമായ ലാക്കെന്നും സിദ്ധിക്കുന്നു. ജീവിതപരിശുദ്ധിയിൽ നിന്നും അവശ്യം നിർഗ്ഗമിക്കുന്നതും, പരിശുദ്ധിയുടെ മാററു വർദ്ധിപ്പിക്കുന്നതുമായ കത്തോലിക്കാ പ്രവർത്തനമാണ് രണ്ടാമത്തെ ലക്ഷ്യം. കത്തോലിക്കാ പ്രവർത്തനമെന്ന പദത്തിൽ മതപ്രചരണവും സഭാസംരക്ഷണവും അവയോടു ബന്ധപ്പെട്ട മറെറല്ലാ കാര്യങ്ങളും ഉള്ളടങ്ങിയിട്ടുണ്ട്. ഈ ലക്ഷ്യദ്വയങ്ങൾ സമ്പാദിക്കുന്നതിനുള്ള മാർഗ്ഗം, അഥവാ ആ ലക്ഷ്യങ്ങളിലേക്കു പ്രചോദനം നൽകി ആനയിക്കുന്ന ശക്തിവിശേഷമാണ് മരിയാഭക്തി. സൊഡാലിററി അംഗങ്ങൾ "ദൈവജനനിയായ പരിശുദ്ധ കന്യകാമറിയത്തിനു് തങ്ങളെ സ്വയം പ്രതിഷ്ഠിക്കുന്നു. ഈ പ്രതിഷ്ഠയാകട്ടെ ശാശ്വതമായ ഒന്നാണുതാനും.

ഏതാണ്ടു് നാനൂറുകൊല്ലങ്ങൾക്കു് (1563) മുമ്പു് റോമിലെ ഈശോസഭക്കാരുടെ കോളെജിൽ ഫാ. ലെവുനീസ് എറവ്. ജെ. സമാരംഭിച്ച സൊഡാലിററി പ്രസ്ഥാനത്തിനു് 1584-ൽ തിരുസ്സഭയുടെ ഔദ്യോഗികമായ അംഗീകരണം സിദ്ധിച്ചു. വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഇതു് ആദ്യം സ്ഥാപിതമായതെങ്കിലും പിന്നീടു് സ്ത്രീപുരുഷഭേദമോ, പ്രായവ്യത്യാസമോ കണക്കാക്കാതെ എല്ലാ ജീവിതാവസ്ഥയിലുള്ളവർക്കും ഇതിൽ പ്രവേശനം അനുവദിച്ചു. ഈശോസഭയുടെയും, മാർപ്പാപ്പാമാരുടെയും, മററു വൈദികമേലദ്ധ്യക്ഷന്മാരുടെയും നിരന്തരപരിലാളനങ്ങൾ മൂലം വിവിധരാജ്യങ്ങളിലായി, ലോകത്തിലാകെ, ഇപ്പോൾ അറുപത്തിനാലായിരം സൊഡാലിററിസംഘങ്ങളും, അവയിൽ എഴുപതുലക്ഷത്തിലധികം അംഗങ്ങളുമുണ്ടെന്നു് കണക്കാക്കപ്പെടുന്നു.

സുപ്രസിദ്ധരായ ലിപ്‌സിയുസ്, ബൊളാൺഡസ് തുടങ്ങിയവരെപ്പോലുള്ള നിരവധി ശാസ്ത്രകോവിദന്മാരെക്കൊണ്ടും, ബൊസ്സേ, സിഞ്ഞോരി ആദിയായവരെപ്പോലുള്ള അനേകം വാഗീശന്മാരെക്കൊണ്ടും, റുബോൻസിനെപ്പോലുള്ള പലസഹസ്രം സുകുമാരകലാവിദഗ്ദ്ധന്മാരെക്കൊണ്ടും, ഫ്രാൻസിസ് സാലെസ്, കൊച്ചുത്രേസ്യാ എന്നിവരുൾപ്പെടെ മുപ്പതിൽപ്പരം നാമകരണം ചെയ്യപ്പെട്ട സിദ്ധന്മാരെക്കൊണ്ടും മരിയസഖ്യം ധന്യമാക്കപ്പെട്ടിട്ടുണ്ട്. പതിനേഴാം നൂററാണ്ടിൽത്തന്നെ എൺപതു കർദ്ദിനാളന്മാരും ഏഴു മാർപ്പാപ്പാമാരും സൊഡാലിററി അംഗങ്ങളായി ഉണ്ടായിരുന്നുവെന്നു് ഔദ്യോഗികരേഖകളിൽനിന്നും മനസ്സിലാക്കാം. എത്ര മഹനീയമായ പാരമ്പര്യവും വിപുലമായ ആത്മീയസമ്പത്തും കൈവന്നിട്ടുള്ള ഒരു സഖ്യമാണ് മരിയൻ സൊഡാലിററിയെന്നു നോക്കുക.

(തുടരും)

## ഇടവകവാർത്തകൾ

ചെറുപുഷ്പപുരം— കൂട്ടുകാടു: ഇടവകയിൽ വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ വികാരി റവ ഫാദർ ആൻറണി പിടഞ്ഞരോ അവർകൾ മാർച്ച് 1-ാംനു- ഉൽഘാടനം ചെയ്തിരിക്കുന്നു. യോഗത്തിൽ ശ്രീ കെ വി ജോസഫ് ഒരു പ്രസംഗം ചെയ്തു.

—കണ്ടശാങ്കടവു: പൂവത്തിങ്കൽ പറ.. ഔസേപ്പു് അവർകളുടെ വകയായി 5 അടി ഉയരമുള്ള വി. യൗസേപ്പുപിതാവിൻെറ ഒരു പ്രതിമ മാർച്ച് 3-ാം തീയതി സ്ഥലം ഫൊറോനാപള്ളിയുടെ വലിയ അൾത്താരയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

—കടക്കച്ചിറ: വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ വലിയ ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു് ഉയിർപ്പു ഞായറാഴ്ച രാവിലെ അവസാനിക്കത്തക്ക വിധത്തിൽ ഒരേകാന്തധ്യാനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ധ്യാനഗുരു വെരി റവ ഫാദർ ജേക്കബ്ബ് വെള്ളരിങ്ങാട്ടു് അവർകളായിരിക്കും.

—തുരുത്തി: കാത്തലിക് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ നോമ്പിലെ എല്ലാ ഞായറാഴ്ചകളിലും വൈകിട്ടു് 5 മണിക്കു് പ്രസംഗപരമ്പര നടത്തിവരുന്നു.

—കൊടകര മററത്തൂർ വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറയും മരിയാസഖ്യത്തിൻെറയും സംയുക്തവാർഷികത്തോടനുബന്ധിച്ചു് മി. ജോസഫ് കൈമാപറമ്പൻ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

—സൗദിപ്പള്ളി: ദർശനസമൂഹത്തിൻെറ ആഭിമുഖ്യത്തിൽ കൂടിയ സമ്മേളനത്തിൽ മി. കൈമാപറമ്പൻ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

—കുണിഞ്ഞി: വിവിധ ഭക്തസഖ്യങ്ങളുടെ സംയുക്തവാർഷികം മാർച്ച് 9-ാംനു- റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മി സി. സി. ചാണ്ടി ഒരു പ്രസംഗം ചെയ്തു. യോഗാനന്തരം "സ്നേഹത്തിൻെറ രണ്ടുജ്ജ്വലതാരങ്ങൾ" എന്ന പ്രഹസനം സൊഡാലിററിബാലന്മാർ അഭിനയിക്കയുണ്ടായി.

—ആളൂർ: റവ ഫാ. ജേക്കബ്ബ് ചൊവ്വല്ലൂർ അവർകളുടെ അദ്ധ്യക്ഷതയിൽ മാർച്ച് 15-ാംനു- കൂടിയ യോഗത്തിൽവച്ചു് ഒരു സ്കൗട്ടുസംഘം ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

— ഇടക്കൊച്ചി: വിൻസെൻറു് ഡി പോൾ സഖ്യം സെൻറു് മേരീസ് കോൺഫറൻസിൻെറ പ്രഥമവാർഷികം ബ്ര ബി. എം. പീററരുടെ അദ്ധ്യക്ഷതയിൽ മാർച്ച 8-ാംനു- കൊണ്ടാടപ്പെട്ടു. ബ്ര. ആൻറണി പരിമണം പ്രസംഗിച്ചു.

—ആരക്കുഴ: ഇടവകയിലെ വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ പ്രഥമവാർഷികയോഗം മാർച്ച് 8-ാംനു- റവ്. ഫാ. തോമസ് വെള്ളത്തേടത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മെ. ഡേവിഡ് മഹാപിള്ള, പോൾ മാൻവെട്ടം ബി എ, ബി എൽ, സി. പി. സേവ്യർ ബി എ എന്നിവർ പ്രസംഗിച്ചു.

—കിഴക്കമ്പലം: ഇടവകയിലെ സെൻറു് വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറയും, സൊഡാലിററിയുടെയും സംയുക്തവാർഷികം റവ. ഫാ. തോമസ് വെള്ളത്തേടത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. തദവസരത്തിൽ മെ. ഡേവിഡ് മഹാപിള്ള, സി. പി. സേവ്യർ ബി എ, പോൾ മാൻവെട്ടം ബി എ, ബി എൽ, വി. ജോർജ്ജ് എന്നിവർ ഓരോ പ്രസംഗം ചെയ്തു.

## ചരമം

പെരുമാനൂർ സുറിയാനി കർമ്മലീത്താ സഭാ പ്രൊവിൻഷ്യാൾ വെ റവ. ഫാദർ ജോൺ ബക്കുമൻസ് സി ഡി അവർകളുടെ സഹോദരനും റവ. സിസ്റ്റർ റോസലിൻറു് അവർകളുടെ പിതാവുമായ പെരുമാനൂർ കോയിത്ര കണ്ണൂർകാട്ടു് വക്കി ഔസേപ്പു് 75-ാമത്തെ വയസ്സിൽ മാർച്ച് 13-ാംനു- കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം സ്വസഹോദരൻെറ പ്രധാനകാർമ്മികത്വത്തിലും മററനവധി വൈദികരുടെ സാന്നിദ്ധ്യത്തിലും കോന്തുരുത്തിപ്പള്ളിയുടെ സിമിത്തേരി കപ്പേളയിൽ നടത്തപ്പെട്ടിരിക്കുന്നു. റവ ഫാദർ മങ്കുഴിക്കരി അവർകളാണു ചരമപ്രസംഗം നടത്തിയതു്.

—കുമരകം നവനസ്രത്തുപള്ളി ഇടവക തൈപ്പറമ്പിൽ കുരുവിള അവിരാ മാർച്ച് 16-ാംനു- പ്രമേഹസംബന്ധമായ സുഖക്കേടുമൂലം നിര്യാതനായിരിക്കുന്നു.

—ക. നി. മൂ. സ. ബ. തോമാച്ചൻെറ ജ്യേഷ്ഠസഹോദരൻ മിത്രക്കരികാഞ്ഞിരക്കരി ശ്രാമ്പിക്കൽ ചാക്കൊ കുര്യൻ അവർകൾ 68-ാമത്തെ വയസ്സിൽ ഫെബ്രു. 27-ാംനു- നിര്യാതനായിരിക്കുന്നു.

— പെരുമാനൂർ: സെൻറു് ജോർജ്ജ്പള്ളി ഇടവക പള്ളിപ്പുറമ്പിൽ വക്കോ അവർകളുടെ പുത്രൻ മൈക്കൾ മാർച്ച് 2-ാംനു- 30-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

R. I. P.

(3-ാം പേജ് തുടർച്ച)

ചാടാനും തുടങ്ങി. വയറാകെ തകർന്നു വേദനയെടുത്തതുകൊണ്ടു് മുക്കുവൻ ഞെളിഞ്ഞു നിലവിളിച്ചു. അടുത്തോടിയെത്തിയ ആളുകൾക്കൊന്നുംചെയ്യാൻ സാധിച്ചില്ല.

പാവപ്പെട്ട ആ മീൻപിടുത്തക്കാരൻ വേദനകൊണ്ടു മരിച്ചു. അതോടൊത്തു് ആ ചെറിയ മീനും ചത്തു. അങ്ങനെ നിസ്സാരമായ ഒരശ്രദ്ധ ഒരുവൻെറ ജീവിതം പെട്ടെന്നവസാനിപ്പിച്ചു.

ഏതു പ്രവൃത്തികൾ ചെയ്യുമ്പോഴും നിങ്ങൾ സുരക്ഷിതരാണോ എന്നു് തനിയെ ഒന്നു ചോദിക്കണം. തങ്ങൾക്കു് അപകടത്തിനു് വഴിയില്ലെന്നു് ബോദ്ധ്യപ്പെട്ടതിക്കൊണ്ടേ ആ പ്രവൃത്തി തുടങ്ങാവൂ. എന്തെന്നാൽ ഏതൊന്നിനെക്കാളും വിലയേറിയതാണ് നിങ്ങളുടെ ജീവിതം. നല്ല രണ്ടു കണ്ണുകളും രണ്ടു കൈകളും രണ്ടു കാലുകളും തലയും വയറും നെഞ്ചുമെല്ലാം ജീവിതത്തിനത്യന്താപേക്ഷിതമാണെന്ന വസ്തുത മറക്കാതിരിക്കുക.

"ഒരാൾക്കു് ഏതെങ്കിലും വസ്തുവിനോടു് ക്രമംവിട്ട പക്ഷം ഉണ്ടാകുമ്പോൾ അയാൾ അസ്വസ്ഥനാകുന്നു. അഹങ്കാരിയും ധനേച്ഛുവുമായ മനുഷ്യനു് സമാധാനമില്ല. ദരിദ്രനും വിനയശീലനുമായ മനുഷ്യനോ എപ്പോഴും പൂർണ്ണസമാധാനത്തിൽ ജീവിക്കുന്നു."


(ക്രിസ്ത്വാനുകരണം)

(11-ാം പേജ് തുടർച്ച)

പ്പോഴത്തെ സെഷനിൽത്തന്നെ നിയമിക്കണമെന്നു് ഞാൻ ജനറൽ അസംബ്ലിയോടു് അഭ്യർത്ഥിച്ചിട്ടുള്ളതു്." തൻെറ കാലാവധിയുടെ അവസാനംവരെ പ്രസ്തുതസ്ഥാനം വഹിക്കുവാൻ താൻ തികച്ചും സന്നദ്ധനായിരുന്നുവെന്നും, സോവ്യററു യൂണിയൻെറ ആക്രമണങ്ങൾ തുടർന്നു സഹിക്കുവാനുള്ള വിഷമംകൊണ്ടു മാത്രമല്ല താൻ രാജിവയ്ക്കുന്നതെന്നും, സെക്രട്ടറി ജനറലിൻെറ ഉദ്യോഗം അതിനുള്ള വ്യവസ്ഥാപിതമായ സ്വാധീനശക്തികൾക്കു് യാതൊരു ഭംഗവുംകൂടാതെ നിലനിന്നുപോരണമെന്നുള്ള ഗണനയാണു് തൻെറ രാജിക്കു് പ്രധാനപ്രേരകമായിരിക്കുന്നതെന്നും മി. ലയി പ്രസ്താവിച്ചു.

യു. എൻ. ഒ. ലോകസമാധാനത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള സർവ്വരാജ്യസംഘടനയാണു്. വീറേറാ അധികാരത്തോടുകൂടിയ അതിലെ 5 പ്രധാന അംഗരാജ്യങ്ങളിൽ ഒന്നായ സോവ്യററു് റഷ്യ 57 പ്രാവശ്യം വീറേറാ അധികാരം ഉപയോഗിച്ചു് ലോകസമാധാനത്തിനായുള്ള സംഘടനയുടെ പ്രവർത്തനങ്ങൾക്കു് ഇടംകോലിട്ടിട്ടുണ്ടു്. ചെക്കൊസ്ലോവാക്കിയാ, പോളൻറു് തുടങ്ങി അവരുടെ പിടിയിലുള്ള അംഗഗവർമ്മെൻറുകളും അവരോടു് ചേർന്നുനിന്നാണ് സാമാന്യേന വോട്ടുകൾ നൽകിയിട്ടുള്ളതു. ഈ കമ്മ്യൂണിസ്റ്റു് ഗവർമ്മെൻറുകളുടെ സമാധാനസന്ദേശങ്ങളും പ്രചരണങ്ങളും വെറും അടവുകളാണെന്നുള്ളതിനു് സെക്രട്ടറിജനറലിൻെറ സാക്ഷ്യം എത്രയോ വിലയുള്ളതു്!

## വിനോദവീഥി




ഭരണകക്ഷിയിലെ ഒരു പ്രാസംഗികൻ: "പ്രിയപ്പെട്ട നാട്ടുകാരേ!! പല പുതിയ വാഗ്ദാനങ്ങളുമായി പല പാർട്ടികളും നിങ്ങളെ സമീപിച്ചേക്കാം. ഇവരിന്നീത്തരുന്ന വാഗ്ദാനങ്ങൾതന്നെ പന്ത്രണ്ടുവർഷങ്ങൾക്കുമുമ്പുമുതൽ ഞങ്ങൾ പറയാൻ തുടങ്ങിയതല്ലേ? എന്താണിതിലിത്ര പുതുമ?"

○ ○ ○




പോലീസുകാരൻ: "സൈക്കിളിനു ബെല്ലില്ലാതെ പോയപ്പോൾ ഞാൻ വിസ്സിലടിച്ചതു കേട്ടില്ലേ? എന്നിട്ടെന്താടോ നിറുത്താഞ്ഞതു്."

"ബ്രേയിക്കില്ലാഞ്ഞിട്ടാരുന്നേമാന്നേ നിറുത്താഞ്ഞതു്."

○ ○ ○

പ്രതിവക്കീൽ: "എൻെറ കക്ഷി ബാങ്കു കുത്തിപ്പൊളിക്കയും മററും ചെയ്തിട്ടില്ല. തുറന്നുകിടന്ന ജനലിൽക്കൂടി കൈയിട്ടു ഏതോ ചില സാധനങ്ങൾ എടുത്തെന്നു മാത്രമേയുള്ളു. ശരീരത്തിലെ ഒരവയവം ചെയ്ത കുററത്തിനു്, ആളെ മുഴുവൻ ശിക്ഷിക്കുന്നതു ന്യായമാണോ?"

ജഡ്ജി: "കൊള്ളാം. പ്രതിയുടെ കൈയിനെ ഒരുകൊല്ലത്തെ കഠിനതടവിനു വിധിച്ചിരിക്കുന്നു. പ്രതിക്കു കൈയിനെ അനുഗമിക്കുകയോ അനുഗമിക്കാതിരിക്കുകയോ ചെയ്യാം."

അപ്പോഴിതാ, എല്ലാവരേയും അത്ഭുതസ്തിമിതരാക്കിയ ഒരു സംഭവം അവിടെയുണ്ടായി. പ്രതി റബ്ബർകൊണ്ടുണ്ടാക്കിയിരുന്ന തൻെറ കൈ അവിടെ മാററിവച്ചിട്ടു്, സ്വതന്ത്രനായി പുറത്തിറങ്ങി നടകൊണ്ടു.

○ ○ ○

റുമേനിയായിലെ വിദേശകാര്യമന്ത്രിണിയായ ആന പൗക്കർ സ്റ്റാലിൻ ടൗണിലെ മേയറോടു് 1 ലക്ഷം തൊഴിലാളികളെ അന്നു വൈകുന്നേരത്തെ തൻെറ പ്രസംഗം കേൾക്കാനായി കൊണ്ടുവരണമെന്നാവശ്യപ്പെട്ടു. നിഷ്പ്രയാസം മേയർ കാര്യം സാധിച്ചു. അതുകണ്ടു് ആശ്ചര്യഭരിതയായ മന്ത്രിണി അതെങ്ങനെ സാധിച്ചുവെന്നു മേയറോടു ചോദിച്ചു.

മേയർ: "അതിനൊരു പ്രയാസവുമുണ്ടായില്ല. നിങ്ങളെ ഇന്നു വൈകുന്നേരം ഈ മൈതാനത്തുവെച്ചു് തൂക്കിക്കൊല്ലുവാൻ പോകയാണെന്നും, അതു് കാണാനാഗ്രഹിക്കുന്നവർ സമയത്തിനുമുമ്പായി സ്ഥലത്തെത്തണമെന്നും ഞാനവരോടു പറഞ്ഞു."

(Pathfinder)

വിമർശനവീഥി

# സോവ്യററു റഷ്യക്കു വേണ്ടതു് സമാധാനമല്ല, യുദ്ധമാണ്

യു എൻ ഒ യുടെ 7-ാമതു സമ്മേളനം അമേരിക്കയിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. അതിലെ യു എസ് ഡെലഗെററായ മി ഹെൻറിലോഡ്ജ് (Lodge) ജനറൽ അസംബ്ളിയുടെ പൊളിററിക്കൽ കമ്മിററിയിൽ ഫെബ്രുവരി 25-ാംനു സോവ്യററു യൂണിയനെതിരായി ഗൗരവാവഹമായ ആരോപണം നടത്തി. കൊറിയായിലെ കമ്മ്യൂണിസ്റ്റുകാരെ സോവ്യററു യൂണിയൻ സഹായിച്ചുകൊണ്ടിരിക്കുന്നു എന്നായിരുന്നു ആരോപണം. "സോവ്യററു യൂണിയനിലെ ഭരണകർത്താക്കൾക്കു അവർ വേണമെന്നു വിചാരിക്കുമ്പോൾ കൊറിയൻ യുദ്ധം അവസാനിപ്പിക്കുവാൻ കഴിയും. മി. വിഷിൻസ്കിക്കു (സോവ്യററു പ്രതിനിധി) അതറിയുകയും ചെയ്യാം." ചൈനയിലെയും കൊറിയായിലേയും കമ്മ്യൂണിസ്റ്റുകൾക്കു റഷ്യയിൽനിന്നു "സാധകമായ സഹായം" കിട്ടാതിരുന്നെങ്കിൽ "കൊറിയായിലെ യുദ്ധം അവസാനിക്കുമായിരുന്നു. കൊറിയായിലെ സമരം അവസാനിക്കാത്തതിന്റെ കാരണം യുദ്ധം തുടന്നുകൊണ്ടുപോകണമെന്നു കമ്മ്യൂണിസ്റ്റുകാർ ഉള്ളുതുറന്നു പ്രഖ്യാപിച്ചിട്ടുള്ള അഗ്രഹമാകുന്നു." ചൈനാക്കാർക്കും വടക്കെ കൊറിയാക്കാർക്കും റഷ്യ നൽകുന്ന സഹായങ്ങളുടെ യാഥാർത്ഥ്യം തെളിയിക്കുവാൻ "10 വസ്തുതകൾ" അടങ്ങിയ ഒരു ലിസ്റ്റ് മി. ലോഡ്ജ് വായിച്ചു. തദനന്തരം അദ്ദേഹം തുടർന്നു:- "ചിലയാളുകൾക്കു ഇവിടെവന്നു പുണ്യഭാവത്തോടുകൂടി ലോകസമാധാനത്തെ പരാമർശിച്ചു് പ്രസംഗങ്ങൾ ചെയ്യാനുള്ള പ്രാകൃതസ്വഭാവമുണ്ടു്. സത്യം എന്താണെന്നു് ലോകത്തിനു മുഴുവൻ അറിയുകയും ചെയ്യാം. തങ്ങൾക്കു സ്വന്തമായ പ്രത്യേകതരം മാഹാത്മ്യത്തോടും ഔദാര്യത്തോടുംകൂടി സോവ്യററു യൂണിയൻ തീരുമാനിച്ചിരിക്കുകയാണു് അവസാനചൈനാക്കാരൻ മരിക്കുന്നതുവരെ യുദ്ധം നടത്തിക്കൊണ്ടുപോകണമെന്നു്. ഒട്ടകപ്പക്ഷി മണലിൽ തല പൂഴ്ത്തിക്കൊണ്ടു് തന്നെ ആരും കാണുന്നില്ലെന്നു വിചാരിക്കുന്നതുപോലെ സോവ്യററു യൂണിയനിലെ ഭരണകർത്താക്കൾ അവരുടെ സ്വന്തം പ്രചരണത്താൽ ആത്മവഞ്ചിതരായിരിക്കുന്നു. ലോകസമാധാനത്തിനെതിരായ ഈ മഹാപാതകത്തെ സഹായിക്കുകയും പിൻതാങ്ങുകയും ചെയ്യുന്നതിൽ അവരെ ലോകാഭിപ്രായം എത്രമാത്രം ഉത്തരവാദികളാക്കുന്നുണ്ടെന്നു് അവർ മനസ്സിലാക്കുന്നില്ല." തുടന്നു തന്റെ ആരോപണത്തെ തെളിയിക്കുന്ന "10 വസ്തുതകൾ" അദ്ദേഹം സഭയിൽ വെളിപ്പെടുത്തി.

## റഷ്യയുടെ യുദ്ധസഹായം തെളിയിക്കുന്ന 10 വസ്തുതകൾ

1. ആദ്യത്തെ ആക്രമണം സോവ്യററുകാരുടെ പ്ലാനനുസരിച്ചാണു് പ്രേരിപ്പിക്കപ്പെട്ടതു്. അതു് പിന്നീടു് സോവ്യററുകാർ നൽകിയ പരിശീലനവും ഇറക്കുമതികളും വഴിയായി നിലനിത്തപ്പെട്ടു. പ്രത്യേകിച്ചും സോവ്യററുകാരുടെ വിമാനങ്ങളും ആർട്ടിലറികളും ടാങ്കുകളും ആട്ടൊമാററിക് ആയുധങ്ങളും വഴിയായി.

2. അമേരിക്കൻ സൈന്യം 1950- ജൂലൈമാസത്തോടുകൂടി ഇഞ്ചോണിൽ (Inchon) ഇറങ്ങിയശേഷം നശിപ്പിക്കപ്പെട്ടുമെന്നു കാണപ്പെട്ട വടക്കെ കൊറിയൻ സൈന്യങ്ങൾ യാലുനദിക്കപ്പുറം കൊറിയയിലേക്കു് അപ്പോൾ പ്രവേശിച്ചുകൊണ്ടിരുന്ന ചൈനീസു് കമ്മ്യൂണിസ്റ്റുകളുടെ മറപിടിച്ചു് ഓടി രക്ഷപെട്ടു. ശീതകാലത്തിന്റെ അവസാനത്തോടുകൂടി സോവ്യററുകാർ നിർമ്മിച്ച ആയുധങ്ങളുടെ സഹായത്താൽ പുനഃസംഘടിതരായും മിക്കവാറും പരിപൂർണ്ണമായി സജ്ജീകൃതരായും അവർ യുദ്ധരംഗത്തു് വീണ്ടും വന്നെത്തി.

3. സോവ്യററു് സജ്ജീകരണങ്ങളുടെ പ്രവാഹംഅനുസ്യൂതവും സുസ്ഥിരവുമായിരിക്കുന്നു; കഴിഞ്ഞകൊല്ലം ശത്രുക്കൾക്കു സമരത്തിലുണ്ടായ കാര്യക്ഷമതയുടെ വർദ്ധനവിനു് കാരണം അതാണു്.

4. ചൈനീസു കമ്മ്യൂണിസ്റ്റുകൾ സമരത്തിൽ ഏപ്പെട്ടുതുടങ്ങിയതു് സാമാന്യമായ ലഘുസജ്ജീകരണങ്ങളോടുകൂടിയാണു്. അവരിപ്പോൾ സോവ്യററു് യൂണിയൻ നൽകിക്കൊണ്ടിരിക്കുന്ന കനത്ത സജ്ജീകരണങ്ങളോടുകൂടിയാണു് സമരം ചെയ്യുന്നതു്.

5. കൊറിയൻ സമുദ്രതീരത്തുനിന്നു പെറുക്കിയെടുത്തതോ അവിടെ അടിഞ്ഞുകേറിയതോ ആയ വളരെയധികം നാവികമൈനുകൾ സോവ്യററുകാർ നിർമ്മിച്ചിട്ടുള്ള മൈനുകളാകുന്നു.

6. വടക്കെ കൊറിയായിൽ യു എൻ കമാൻററിനു് നേരിടേണ്ടിവന്നിട്ടുള്ള വിമാനങ്ങൾ സോവ്യററു് യൂണിയനിൽ നിർമ്മിക്കപ്പെട്ടതും അവരാൽ നൽകപ്പെട്ടതുമാണു്.

7. അടുത്ത കാലത്തു് ഒരു പുതിയതരം സോവ്യററു് വിമാനത്തെ യു എൻ സൈന്യങ്ങൾക്കു് നേരിടേണ്ടിവന്നു. അതിപ്പോൾ വടക്കെക്കൊറിയായിലെ കമ്മ്യൂണിസ്റ്റു് ആക്രമണകാരികളുടെ വിമാനശക്തികളിൽ ഒരു ഭാഗമായിത്തീന്നിരിക്കുന്നു.

8. വലിയ നഷ്ടങ്ങൾ ഉണ്ടായിട്ടും ചൈനീസു് കമ്മ്യൂണിസ്റ്റുകളുടെയും വടക്കേ കൊറിയാക്കാരുടെയും വിമാനശക്തികൾ വളന്നു ഇപ്പോൾ 2500 എണ്ണം വരെ ആയിട്ടുണ്ടു്. അവയിൽ പകുതിയും സോവ്യററു് യൂണിയനിൽ നിർമ്മിച്ചിട്ടുള്ളതും അവിടെനിന്നു നൽകിയിട്ടുള്ളതുമായ ജററു വിമാനങ്ങളാണു്.

9. വടക്കെ കൊറിയായ്ക്കു മീതെ യു എൻ സൈന്യങ്ങൾ വെടിവച്ചു വീഴ്ത്തിയിട്ടുള്ള ഈ വിമാനങ്ങൾക്കു പകരം സോവ്യററു് യൂണിയനാണു് നൽകിക്കൊണ്ടിരിക്കുന്നതു്. ഞങ്ങളിൽ വിദഗ്ധന്മാരുടെ കണക്കനുസരിച്ചു കൊറിയായിൽ യു എൻ ഒ ക്കെതിരായി സമരം ചെയ്യാൻ 4400-ലധികം വിമാനങ്ങൾ സോവ്യററു യൂണിയൻ സംഭാവനചെയ്തിട്ടുണ്ടു്.

10. വടക്കെ കൊറിയായിലെ വിമാനവിരുദ്ധത്തോക്കുകൾ സോവ്യററു്കാർ നിർമ്മിച്ചിട്ടുള്ളവയാണു്.

ഈ 10 വസ്തുതകളുംചൂണ്ടിക്കാണിച്ചശേഷം മി ലോഡ്ജ് സോവ്യററു റഷ്യയുടെ വർഗ്ഗീയവും മതപരവുമായ വ്യത്യസ്തഗണനകളെപ്പററി പരാമർശിച്ചു.

'വർഗ്ഗീയമോ മതപരമോ ആയ വ്യത്യസ്തഗണനകൾ ഉള്ളിടത്തോളംകാലം സമാധാനം നീണ്ടുനീണ്ടുപോകും. ഈ വിഷയത്തിൽ ഒരു രാജ്യത്തിലും സ്ഥിതിഗതികൾ പരിപൂർണ്ണമല്ല. എന്നാൽ പലേടത്തും—എന്റെ സ്വന്തം രാജ്യത്തിൽ ഇതു വാസ്തവമാണെന്നെനിക്കറിയാം—മഹത്തും വിജയകരവുമായ അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. എന്നാൽ സോവ്യററു് യൂണിയനിൽ കുറെക്കാലമായി ക്രിസ്ത്യാനികൾക്കും മുസ്ലീമങ്ങൾക്കും യഹൂദർക്കും എതിരായി നടന്നുകൊണ്ടിരിക്കുന്ന പീഡനത്തെ അമർഷത്തോടുകൂടി ഞങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഈ വ്യത്യസ്തഗണന ദുഷ്ടമാണെന്നു മാത്രമല്ല അതു പരിദേരെദം വിഫലമായി അവസാനം കലാശിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ മനുഷ്യപ്രകൃതിയിൽ പിടിച്ചടക്കാൻ സാധിക്കാത്ത ഒരു ഗുണവിശേഷമുണ്ടു്; മതപരവും വർഗ്ഗപരവുമായ സ്വാതന്ത്ര്യത്തെ നശിപ്പിക്കുവാനുള്ള സർവ്വാധിപത്യശ്രമങ്ങളെ അതു് എല്ലായ്പ്പോഴും എതിത്തുകൊണ്ടിരിക്കും." സമാധാനം കെട്ടിപ്പടുക്കണമെങ്കിൽ ദാരിദ്ര്യദുർഭ്രതത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കണമെന്നു് മി. ലോഡ്ജ് പറഞ്ഞു. "പട്ടിണി കിടക്കുന്ന മനുഷ്യനോടു് സ്വാതന്ത്ര്യത്തെയോ ഡെമോക്രസിയെയോ പററി സംസാരിച്ചിട്ടു് യാതൊരു ഫലവുമില്ല. ഈ രീതികളിലെല്ലാം സമാധാനത്തിനുവേണ്ടി പ്രവത്തിക്കുവാൻ സന്നദ്ധരായിട്ടാണു് ഞങ്ങൾ നില്ക്കുന്നതു്." അദ്ദേഹം ഇങ്ങനെ ഉപസംഹരിച്ചു:

"സമാധാനപ്രശ്നം മറേറതൊരു മഹത്തായ മാനുഷികപ്രശ്നത്തെപ്പോലെ ഉത്തമമായി പരിഹരിക്കപ്പെടുന്നതു് ജനങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഗവർമ്മെൻറുകളാലാണു്. അവിടെ പബ്ളിക് ഉദ്യോഗസ്ഥന്മാർ ജനങ്ങളുടെ ദാസന്മാരാകുന്നു. ആ രാജ്യങ്ങളിൽ "സ്വേച്ഛാധിപത്യം" എന്നപദംചീത്തപ്പദമാകുന്നു. നേരെ മറിച്ചു് ഉദ്യോഗസ്ഥന്മാർ സ്വേച്ഛാധിപത്യത്തിൽ അഹങ്കാരത്തോടുകൂടി അഭിമാനംകൊള്ളുകയുംതൊഴിലാളിസ്വേച്ഛാധിപത്യം എന്നവഴിപിഴപ്പിക്കുന്ന നാമം അതിനു നൽകുകയും ചെയ്യുന്ന രാജ്യങ്ങളാലല്ല സമാധാനപ്രശ്നം പരിഹരിക്കപ്പെടുന്നതു്. ചുരുക്കംപേരെക്കാൾ സൗമനസ്യരായ അനേകംപേരുടെ ആലോചനയിൽ നിന്നാണു് സംഘടിതമായ വിവേകബുദ്ധി ഉത്ഭവിക്കുന്നതെന്നാണു് ഞങ്ങളുടെ വിശ്വാസം. ഞങ്ങൾ ജനങ്ങളിൽ വിശ്വസിക്കുന്നു. ജനങ്ങൾക്കു് അവരുടെസ്വന്തം തീരുമാനങ്ങൾ ചെയ്യാൻ പ്രാപ്തിയുണ്ടെന്നും ഒരാൾ സർവ്വശക്തനായിത്തീന്നുകൊണ്ടു് അയാൾ സർവ്വജ്ഞനായിത്തീരുന്നില്ലെന്നും ഞങ്ങൾ വിശ്വസിക്കുന്നു."

## സോവ്യററു് പ്രതിനിധിയുടെ മറുപടി

അമേരിക്കൻ പ്രതിനിധി മി. ലോഡ്ജിന്റെ ഈ ആരോപണങ്ങൾക്കു് സോവ്യററു് വിദേശകാര്യമന്ത്രിയും യു. എൻ. ഒ. യിലെ സ്ഥിരംപ്രതിനിധിയുമായ മി. വിഷിൻസ്കി വികാരാവേശത്തോടും അവഹേളനഭാഷയിലും ഒരു പ്രസംഗംചെയ്തു് മറുപടിപറയാൻ ശ്രമിച്ചു. പുതിയ അമേരിക്കൻ പ്രസിഡൻറിന്റേയും കോൺഗ്രസ്സിന്റേയും നയം കൊറിയൻയുദ്ധം വ്യാപിപ്പിക്കുകയാണെന്നു് അദ്ദേഹം പ്രസ്താവിച്ചു. ഐസനോവറിന്റേയും ചില കമാൻഡർമാരുടേയും ചില സെനറർമാരുടേയുംപ്രസ്താവനകൾ അതിനു തെളിവായി അദ്ദേഹം ഉദ്ധരിച്ചു. കൊറിയായിൽ യുദ്ധവിരാമമുണ്ടാകുവാൻ ഇൻഡ്യൻ പ്രതിനിധി നൽകിയതും യു. എൻ. ഒ. യിൽ ബഹുഭൂരിപക്ഷത്തോടെ പാസ്സായതുമായ പ്രമേയം കമ്മ്യൂണിസ്റ്റ്ചൈന നിരസിച്ചതു്, യു. എൻ. ജനറൽ അസംബ്ളിയുടെ പ്രസിഡൻറായ ക്യാനഡാക്കാരൻ മി. ലെസ്റ്റർ പിയേഴ്സൺ ആ പ്രമേയം കമ്മ്യൂ. ചൈനയ്ക്കയച്ചുകൊടുത്തതിൽ "പക്ഷപാതബുദ്ധിയും വിവേകശൂന്യമായ ഭാഷയും" ഉണ്ടായിരുന്നതുകൊണ്ടാണെന്നു് വിഷിൻസ്കി വാദിച്ചു. കൊറിയൻ പ്രശ്നം സമാധാനമായി തീരുമാനിക്കാൻവേണ്ടി ഒരു കമ്മീഷൻ ഏപ്പെടുത്തണമെന്നുള്ള റഷ്യയുടെ നിദ്ദേശം ചൈനീസും വടക്കെ കൊറിയനും ഗവർമ്മെൻറുകൾ പരിപൂർണ്ണമായി സ്വീകരിച്ചെന്നും, നേരെമറിച്ചു് യു. എസ്സും കൂട്ടകാരും അതു നിരസിക്കയാണുണ്ടായതെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇങ്ങനെ പടാകൃതികൾ പലതും പറഞ്ഞതല്ലാതെ യു. എസ്സ്. പ്രതിനിധി ഖണ്ഡിതമായി ഉന്നയിച്ചുപോയതിനു് റഷ്യൻപ്രതിനിധി മറുപടി പറഞ്ഞില്ല. അതുസംബന്ധിച്ചു് അല്പം പറഞ്ഞ മറുപടിയിൽ ആരോപണം പരോക്ഷമായി സമ്മതിക്കുകയാണുണ്ടായതു്. സോവ്യററു് യൂണിയൻ തങ്ങളുടെ സൈന്യങ്ങളെ വടക്കെ കൊറിയായിൽനിന്നും യുദ്ധാനന്തരം പിൻവലിച്ചപ്പോൾ തങ്ങളുടെ കൈവശമുണ്ടായിരുന്ന യുദ്ധോപകരണങ്ങൾ വടക്കെ കൊറിയാക്കാക്കു് വിററുവെന്നും ചൈനയും റഷ്യയും തമ്മിൽ ചെയ്ത ഉടമ്പടിയനുസരിച്ചു് റഷ്യ ചൈനയ്ക്കു് ആയുധങ്ങൾ വിററുവെന്നുമുള്ള സംഗതികളായിരുന്നു ഈ സമ്മതം.

വിഷിൻസ്കിയുടെ ഈ മറുപടിക്കു്മറുപടിയായി മി. ലോഡ്ജ് ചുരുക്കിപ്പറഞ്ഞ പ്രസംഗത്തിൽ, കമ്മീഷൻ ഏപ്പെടുത്തണമെന്നുള്ള റഷ്യയുടെ സന്ദേശം സ്വീകരിക്കാഞ്ഞതിന്റെ കാരണം ചൂണ്ടിക്കാണിച്ചു. കമ്മീഷനിൽ 11 രാഷ്ട്രങ്ങൾ അംഗങ്ങളായിരിക്കണമെന്നും, അവയിൽ 4 കമ്മ്യൂണിസ്റ്റു് രാഷ്ട്രങ്ങളായിരിക്കണമെന്നും, മൂന്നിൽ രണ്ടുഭാഗം അംഗങ്ങൾ വോട്ടുചെയ്യുന്ന തീരുമാനങ്ങൾക്കേ സാധുത്വമുണ്ടാകയുള്ളുവെന്നുമായിരുന്നു റഷ്യൻ നിദ്ദേശം. 11 അംഗങ്ങളിൽ കമ്മ്യൂണിസ്റ്റു് രാഷ്ട്രങ്ങളായ 4-ം കഴിച്ചാൽ ശേഷിക്കുന്നതു് 7 ആയിരിക്കുന്നതുകൊണ്ടു് ഒരിക്കലും മൂന്നിൽ രണ്ടുഭാഗം വോട്ടുകൾ കിട്ടുവാൻ ഒരു സാദ്ധ്യതയും ഇല്ല. ആ സ്ഥിതിക്കു് കമ്മീഷന്റെ ഏതു തീരുമാനത്തേയും റഷ്യക്കു് ഫലത്തിൽ വീറേറാ ചെയ്യാൻ സാധിക്കും. ഇക്കാരണത്താലാണു് ആ റഷ്യൻ നിദ്ദേശം സ്വീകരിക്കപ്പെടാഞ്ഞതെന്നു് ലോഡ്ജ് മറുപടി പറഞ്ഞു.

ഈ വാദപ്രതിവാദങ്ങളെപ്പററി ബൽജിയം പ്രതിനിധി (Van Langenhove) പ്രകാശിപ്പിച്ച അഭിപ്രായം എത്ര യഥാർത്ഥം! "സോവ്യററുയൂണിയനു് ഇപ്പോഴുള്ള ആഗ്രഹം, (കൊറിയായിൽ) പാൻ മൊൺ ജോണിൽവച്ചു് വളരെ ബുദ്ധിമുട്ടി എത്തിച്ചേർന്ന തീരുമാനം വീണ്ടും തുറന്നിട്ടു ചർച്ച ചെയ്യണമെന്നാണു്. സോവ്യററു്യൂണിയന്റെ ഈ നിലയെ പെക്കിംഗിലേയും വടക്കെ കൊറിയായിലേയും ഗവർമ്മെൻറുകൾ സ്വീകരിക്കുന്നതിൽ ആശ്ചര്യമില്ലതന്നെ. ഈ സംഗതികൾ വീണ്ടും വെളിപ്പെടുത്തുന്നതു് വിഘ്നകരമായ തന്ത്രങ്ങളാകുന്നു. യുദ്ധാനന്തരമുള്ള കൂടിയാലോചനകൾ ഈ തന്ത്രങ്ങളാൽ നിറഞ്ഞതുമാകുന്നു. ഏററവും സുപരിചിതങ്ങളായിരിക്കുന്ന ഈ തന്ത്രങ്ങളാൽ ആരും വഞ്ചിക്കപ്പെടാൻ പോകുന്നില്ല. കൊറിയൻയുദ്ധത്തിന്റെ ഉത്ഭവത്തിനും അതിന്റെ തുടർച്ചയ്ക്കും ഉത്തരവാദികൾ ആരാണെന്നു് സ്പഷ്ടമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു." അതെ, ഇതിന്റെയെല്ലാം ഉത്തരവാദിത്വം വഹിക്കേണ്ടതു് സോവ്യററു്യൂണിയൻതന്നെയാണു്. സമാധാനത്തിനുവേണ്ടിയല്ല, പ്രത്യുത അവസരം നോക്കിയുള്ള യുദ്ധത്തിനുവേണ്ടിയാണു് അവർ നിലകൊള്ളുന്നതു്.

## കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ വിഘ്നകാരികൾ

യു. എൻ. ഒ. എന്ന സർവ്വരാജ്യസംഘടനയുടെ ആദ്യം മുതലുള്ള ജനറൽസിക്രട്ടറിയാണു് നോർവെക്കാരനായ മി. ലയി (Trygve Li). ആദ്യത്തെ കാലാവധി കഴിഞ്ഞപ്പോൾ അദ്ദേഹം 1950-ൽ വീണ്ടും മൂന്നുകൊല്ലത്തേക്കു് തിരഞ്ഞെടുക്കപ്പെട്ടു. അതിന്റെ കാലാവധി കഴിയുന്നതിനുമുമ്പായി അദ്ദേഹം പ്രസ്തുതസ്ഥാനം ഇപ്പോൾ രാജി വച്ചിരിക്കുന്നു. രാജിക്കുള്ള കാരണം അദ്ദേഹം പറയുന്നതു് സംഘടനയിലെ അംഗരാജ്യങ്ങളായ സോവ്യററുറഷ്യക്കും അവളുടെ പിടിയിലുള്ള 4 ഗവർമ്മെൻറുകൾക്കും തന്നോടുള്ള വിരോധമാണെന്നാണു്. ചാർട്ടർ അനുസരിച്ചുള്ള തന്റെ രാഷ്ട്രീയമായ ഉത്തരവാദിത്വങ്ങൾ കഴിഞ്ഞ 7 വർഷങ്ങളായി താൻ ഉറപ്പായി പ്രയോഗിക്കുകയും പരിരക്ഷിക്കുകയും ചെയ്തുപോന്നു. സെക്രട്ടറിജനറൽ എന്ന നിലയിൽ സംസാരിക്കുവാനും പ്രവത്തിക്കുവാനും തനിക്കുള്ള അവകാശത്തെ അംഗഗവർമ്മെൻറുകൾ, ഒരു കൂട്ടക്കാരൊഴിച്ചു്, അംഗീകരിച്ചിട്ടുണ്ടു്. ആ കൂട്ടക്കാർ ആരാണെന്നു് അദ്ദേഹം പറയുന്നു:

"ഒരേ ഒരു വ്യത്യസ്തം സോവ്യററു്യൂണിയനും അവരോടു് സഖ്യത്തിലിരിക്കുന്ന 4 അംഗഗവർമ്മെൻറുകളും ആണു്. കൊറിയായിലെ സായുധമായ ആക്രമണത്തിനെതിരായി യു. എൻ. ഒ. യുടെ പ്രവൃത്തിയെ ഞാൻ പിൻതാങ്ങിനിന്നതുകൊണ്ടു് ഈ 5 അംഗഗവർമ്മെൻറുകളും 1950-നുശേഷം എന്നെ സെക്രട്ടറിജനറലായി അംഗീകരിക്കാൻപോലും വിസമ്മതിച്ചിട്ടുണ്ടു്. ഈ ദുഃസ്ഥിതിയെ ഏകദേശം മൂന്നുകൊല്ലത്തേക്കു് മൗനമായി ഞാൻ സഹിച്ചുപോരുകയാണു്. വ്യവസ്ഥാപിതമായ പല നടപടിക്രമങ്ങളും അവർ ലംഘിച്ചിട്ടുള്ളതും ഞാൻ വിസ്മരിച്ചിരുന്നു. എന്നാൽ ചാർട്ടറിലെ 100-ാം ആർട്ടിക്കിളിന്റെ ഏററവും ഗുരുതരമായ ലംഘനമാണു് ഈ പ്രവൃത്തിയെന്നുള്ള എന്റെ അഭിപ്രായം തുറന്നുപറയാൻ ഇപ്പോൾഅവസരം വന്നിരിക്കുകയാണെന്നു് ഞാൻ വിശ്വസിക്കുന്നു. സോവ്യററു്ഗവർമ്മെൻറിന്റേയും അതിന്റെ സഖികളുടേയും നയം ഹേമത്തിന്റെ ഏററവും പ്രാകൃതമായ രൂപത്തിലുള്ള നയമായിരുന്നു, ആയിരിക്കുകയും ചെയ്യുന്നു. ഈ ഹേമം എനിക്കെതിരായി മാത്രമുള്ളതല്ല; പിന്നെയോ ചാർട്ടറനുസരിച്ചു് തന്റെ കത്തവ്യമെന്നു തോന്നുന്നതു് ചെയ്യുന്നതുമൂലം സോവ്യററു്യൂണിയന്റെ അതൃപ്തിക്കു് പാത്രമായേക്കാവുന്ന ഏതൊരു ഭാവിസെക്രട്ടറി ജനറലിനെതിരായും ഉള്ളതാണു് അതു്. സോവ്യററുകാരുടെ ഈ നില നിമിത്തമാണു് പ്രധാനമായും ഞാൻ രാജി സമപ്പിച്ചിരിക്കുന്നതു്; എന്റെ അനുഗാമിയെ ഇ

(ശേഷം 10-ാം പേജിൽ)

Sathya Deepam

Vol. 26 Ernakulam March 25, 1953 No. 31

## യുവതികൾക്കു് ഏകാന്തധ്യാനം

ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടാറുള്ള യുവതികൾക്കായുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെൻറു് മേരിസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ചു് ഏപ്രിൽമാസം 14-ാംതീയതി ചൊവ്വാഴ്ച വൈകുന്നേരം തുടങ്ങുന്നതും, 18-ാംതീയതി ശനിയാഴ്ച കാലത്തു് അവസാനിക്കുന്നതുമാണു്. ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരിയാണു്. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംങ്ങ് ഫീസ് 8 രൂപാ മാത്രം. ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 5-ാംതീയതിക്കകം വിവരം അറിയിക്കേണ്ടതാണു്.

Mother Superior S. D., Chunangamvely, Alwaye

# വിവിധവൃത്താന്തങ്ങൾ

### വത്തിക്കാൻബന്ധം പിരിഞ്ഞ ടിറേറാ ഗവമ്മെൻറു

യുഗോസ്ലാവിയായിലെ കമ്മ്യൂണിസ്റ്റു ഗവർമ്മെൻറു വത്തിക്കാനുമായുള്ള നയതന്ത്രബന്ധം വിച്ഛേദിച്ചിരിക്കയാണല്ലോ. ടിറേറായുടെ വിദേശകാര്യമന്ത്രി തൽസംബന്ധമായ ഒരു പ്രസ്താവനയിൽ പറയുന്നു: "യുഗോസ്ലാവിയായിലെ കത്തോലിക്കാസഭയുമായി ഒരു തീരുമാനത്തിലെത്തുന്നതിനു് അതു് ആവശ്യകമാണെന്നു ഞങ്ങൾ കണ്ടു. സ്റ്റെപ്പിനാക്കിനെ കർദ്ദിനാൾ പദത്തിലേക്കുയർത്തിയിരിക്കുന്നു. രാജ്യദ്രോഹവും അക്രമങ്ങളുമാണു് അദ്ദേഹത്തിനു് ഈ സ്ഥാനം നേടിക്കൊടുത്തതു്. ഇതു യുഗോസ്ലാവിയായോടുള്ള ഒരു വെല്ലുവിളിയല്ലാതെന്താണു്? ഇവിടെ മതഭിന്നതയുണ്ടാക്കാനായി കല്പിച്ചുകൂട്ടിച്ചെയ്തിട്ടുള്ള ഒരു ധിക്കാരമാണു്. ഈ രാഷ്ട്രത്തിൻെറ ഐക്യത്തെ ഉന്മൂലനം ചെയ്യാനുള്ള ഒരുദ്യമമാണു്." കമ്മ്യൂണിസ്റ്റു് സ്വേച്ഛാധിപതികളോടുസന്ധിസംസാരത്തിനടുക്കുന്നതു നിഷ്പ്രയോജനമാണെന്നു ബ്രിട്ടീഷുകാരും മററും ഇപ്പോൾ മനസ്സിലാക്കിയിരിക്കണം എന്നത്രെ "ഇൽതേംപോ" എന്ന ഇററാലിയൻപത്രം ഇതുസംബന്ധിച്ചു പറഞ്ഞിരിക്കുന്നതു്.

### ദക്ഷിണാഫ്റിക്കയിലെ പ്രഥമ ഏതദ്ദേശീയ മെത്രാൻ

തെക്കെ ആഫ്റിക്കയിലെ ബാസുറേറാലാണ്ടിൽ ഈയിടെ നവമായി സൃഷ്ടിച്ച ലെറിബേരൂപതയുടെ മെത്രാനായി എമ്മാനുവേൽ മാബത്തോനാ എന്ന ഏതദ്ദേശീയനെ നിയമിച്ചിരിക്കുന്നു. ദക്ഷിണാഫ്റിക്കയിലെ കൃഷ്ണവർണ്ണക്കാരിൽനിന്നുള്ള ഒന്നാമത്തെ മെത്രാനാണിദ്ദേഹം. ബാസുറേറാ ജാതിക്കാരുടെ സ്ഥാപകനും "ഗിരികേസരി" എന്ന പേരിൽ പ്രസിദ്ധനുമായ മോസേഷ് ഇദ്ദേഹത്തിൻെറ പ്രപിതാമഹനായിരുന്നു. 48 വയസ്സു മാത്രമുള്ള ഈ വന്ദ്യദേഹം അമലോത്ഭവ ഓബ്ളേററുസഭയുടെ അംഗവും അദ്വിതീയനായ ഒരു പണ്ഡിതനുമാണു്. റോമിലും ലണ്ടനിലുമുള്ള സർവ്വകലാശാലകളിൽ ഉന്നതപഠനങ്ങൾ നടത്തിയിട്ടുണ്ടു്. ബാസുറേറാ ജാതിക്കാരിൽനിന്നുള്ള ഒന്നാമത്തെ വൈദികനായി 1934-ലാണു് ഇദ്ദേഹം ഗുരുപ്പട്ടമേററതു്. ബാസുറേറാഭാഷാവിഷയകമായി ബിരുദംനേടിയിട്ടുള്ള ഒരു പ്രസിദ്ധസാഹിത്യപണ്ഡിതനായും പുതിയ മെത്രാൻ അറിയപ്പെടുന്നു.

### സൃഷ്ടികർത്താവിൻെറ അത്ഭുതകൃത്യങ്ങൾ

കാനഡായിലുള്ള സെൻറു് ജോർജ്ജു ഇടവകയിലെ ഒരു കത്തോലിക്കാ കുടുംബം ഇന്നു ലോകത്തിനു് ഒരു അത്ഭുതവിഷയമായിത്തീർന്നിരിക്കുന്നു. ഭർത്താവിനും ഭാര്യക്കും 29 വയസ്സു പ്രായമേയുള്ളു. വിവാഹം കഴിഞ്ഞിട്ടു ഇപ്പോൾ 6 കൊല്ലമായി. ഇതിനിടയ്ക്കു 6 പ്രസവത്തിലായി 11 സന്താനങ്ങൾ അവർക്കുണ്ടായിട്ടുണ്ടു്. ഒരു പ്രസവംമാത്രമേ ഒററയായിട്ടുള്ളു. മറേറതെല്ലാം ഇരട്ടയായിരുന്നു. ഇതിൽ ഒരാൺകുട്ടിമാത്രം മരിച്ചുപോയി. ബാക്കി 5 ആൺകുട്ടികളും 5 പെൺകുട്ടികളും ഇപ്പോഴും സസുഖം ജീവിച്ചിരിക്കുന്നു. അവരുടെ കുടുംബവൈദ്യനായ ഡോക്ടർ ബേർജെറോൺ പറയുന്നു: "വൈദ്യശാസ്ത്രചരിത്രത്തിൽ ഇങ്ങനെയൊരു സംഭവം ഇതിനുമുമ്പൊരിക്കലും ഞാൻ കേട്ടിട്ടില്ലതന്നെ." വെറും കൂലിവേലക്കാരനായ ഈ കുടുംബപിതാവിനെ, ഡോക്ടരുടെയും താല്പര്യപ്രകാരം സമീപസ്ഥരായ ഉദാരമതികൾ ധാരാളമായി സഹായിച്ചുവരുന്നുണ്ടു്.

## പുസ്തകാഭിപ്രായം

### ദീനൻെറ ജീവിതം

(കവിത. വില 8 ണ. പേജ് 30 + 9. കർത്താ: വിദ്വാൻ എൻ. കെ. ജോൺ, പട്ടം, തിരുവനന്തപുരം.)

തിരുവനന്തപുരത്തെ പുതിയ സഹായമെത്രാനവർകളുടെ പട്ടാഭിഷേകസ്മാരകമായി കവനകർത്താവു് പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുകൃതിയാണിതു്.

1 ധൂർത്തകുമാരൻ
2 സമ്പന്നവിഡ്ഢി
3 വിത്തശനും ലാസറും
4 വമ്പിച്ച സദ്യ

ബൈബിളിൽ നിന്നെടുത്ത ഈ നാലുകഥകളെ ഉപജീവിച്ചാണു ശ്രീമാൻ ജോണവർകൾ തൻെറ ആദ്യപദ്യകൃതി രചിച്ചിട്ടുള്ളതു്. ഇപ്പോൾ സർവ്വസാധാരണമായി കഴിഞ്ഞിട്ടുള്ള മഞ്ജരിവൃത്തംതന്നെ ശ്രീ ജോണും സ്വീകരിച്ചിരിക്കുന്നു. ഈ ഗാനങ്ങൾ കൊച്ചുകുട്ടികളെ പ്രത്യേകം ഉദ്ദേശിച്ചു് രചിക്കപ്പെട്ടവയാണെന്നു കാണാം. അത്രമാത്രം ലളിതവും ആർഭാടരഹിതവുമാണു പ്രതിപാദനം. പ്രാസദീക്ഷയും അലങ്കാരപ്പകിട്ടും ഒന്നും കാണുന്നില്ല പ്രസ്താവ്യമായിട്ടു്. ഭാവനാസമ്പന്നമോ അകൃത്രിമരമണീയമോ ഒന്നുമല്ല ഈ ഈരടികൾ. ധൂർത്തപുത്രൻെറ കഥയും മററും ഒരു കവിയുടെ മനോധർമ്മസാമ്രാജ്യത്തിൽക്കൂടി കടന്നുപോകുന്നപക്ഷം, എത്രയെത്ര കാവ്യഗ്രന്ഥങ്ങൾതന്നെ രചിച്ചുകൂടാ.

നിരൂപണവിഷയമായ ബുക്കിൽ 50 ഈരടികൾപോലുമില്ല. പക്ഷെ, ഉള്ളതു മൂലത്തോടു് യോജിച്ചിരിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. ഒരു ടിപ്പണവും കാണുന്നു. ഗ്രന്ഥകർത്താവു് പ്രോത്സാഹനവും അഭിനന്ദനവും അർഹിക്കുന്നു. (സി. കെ. എം.)

### സമരം

(കഥാപ്രസംഗം. വർഗ്ഗീസു് മേച്ചേരി, എ. സി. എഫ്. ബുക്കു് സ്റ്റാൾ, തൃശ്ശൂർ. വില 2 ണ)

തൊഴിലാളി സമരത്തിൻെറ ധാർമ്മികനിലവാരം ഉയർത്തിക്കാണിക്കുവാനും, സഖാക്കളുടെ ചതിപ്രയോഗങ്ങൾ തുറന്നുകാണിക്കാനും ഉതകുന്ന ഒരു കഥാവസ്തു രൂപീകരിക്കുന്നതിൽ ശ്രീ മേച്ചേരി, കലാകാരന്മാരുടെ ഗണത്തിലും "മേച്ചേരി"യിൽത്തന്നെയാണെന്നു പറയാം. പക്ഷെ ഇതിവൃത്തംകൊണ്ടുമാത്രം കാവ്യശരീരം സുന്ദരമാകുകയില്ല. അതു കവിതയുടെ അസ്ഥിക്കൂടമായിട്ടേ കരുതാൻ പാടുള്ളു. മാംസപേശികളും മജ്ജാവ്യൂഹവും സിരാതന്തുക്കളും യഥായുക്തം ചേർന്നിണങ്ങുമ്പോഴേ കലാസൌകുമാര്യം പാകപ്പെടൂ എന്നുള്ളതു് വിസ്മരിക്കാൻ പാടില്ല. സമരത്തിലെ കവിതാഭാഗങ്ങൾ സാഹിത്യരംഗത്തു മുന്നേറുവാൻകൂടെ "സമരം" ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. എന്നിരിക്കിലും കഴിവുകളുള്ള തൂലികയാണു ശ്രീ മേച്ചേരിയുടേതു്. എഴുതിത്തഴങ്ങുമ്പോൾ അതിൽനിന്നും ഉപര്യുപരി സുന്ദരമായ കലാസൃഷ്ടികൾ നമുക്കു പ്രതീക്ഷിക്കാം. സാഹിതീക്ഷേത്രത്തിലേക്കുള്ള നടപ്പാതയിൽ കടന്നുനിൽക്കുന്ന യുവസുഹൃത്തിനു് ഭാവുകാശംസകൾ. (മണിമല)

"സദുപദേശം നൽകുന്ന ആൾ ഒരു കൈകൊണ്ടു് നിർമ്മിക്കുന്നു; സദുപദേശം നൽകുകയും മാതൃക കാണിച്ചുകൊടുക്കുകയും ചെയ്യുന്ന ആൾ രണ്ടു കൈകൊണ്ടും നിർമ്മിക്കുന്നു. എന്നാൽ ഉപദേശം നൽകുകയും ദുർമാതൃക കാണിച്ചുകൊടുക്കുകയും ചെയ്യുന്നവനാകട്ടെ, ഒരു കൈകൊണ്ടു് നിർമ്മിച്ചു് മറുകൈകൊണ്ടു് തകർക്കുകയാണു ചെയ്യുന്നതു്."

(ബേക്കൺ)




ഇരിക്കാൻ സ്ഥലമില്ലെന്നും പറഞ്ഞു് ഉറങ്ങിക്കിടന്നവനെ വിളിച്ചെഴുന്നേല്പിച്ചശേഷം സ്വയം കിടന്നുറങ്ങാൻ ശ്രമിക്കുന്ന സ്വാർത്ഥമതിയായ യാത്രക്കാരൻ.

## അച്ചടിച്ചു തയ്യാറാക്കിയിരിക്കുന്നു

### റഷ്യയെപ്പററിയുള്ള ലഘുലേഖകൾ

പൂനായിലെ "സോഷ്യൽ ഇൻസ്റ്റിററ്യൂട്ടു്" പ്രവർത്തകരിലൊരാളും സാമ്പത്തികസാമുദായിക വിഷയങ്ങളിൽ വിദഗ്ദ്ധനുമായ ഫാ. ക്ലമ്പു് (Cumi) എസ് ജെ സോവ്യററുറഷ്യയിലെ നാനാവിധങ്ങളായ കുഴപ്പങ്ങൾ, റഷ്യൻപത്രങ്ങളുടെ സാക്ഷ്യങ്ങളോടുകൂടി വിവരിച്ചു് എഴുതി പ്രസിദ്ധംചെയ്തിട്ടുള്ള 10 ഇംഗ്ലീഷ് ലഘുലേഖകളിലെ കാര്യങ്ങൾ ഉള്ളടക്കി മോൺ. ജേക്കബ്ബ് നടുവത്തുശേരി എഴുതിയ 10 മലയാളലഘുലേഖകൾ അച്ചടിച്ചു തയ്യാറാക്കിയിരിക്കുന്നു. ഓരോലഘുലേഖയിലും വിവരിച്ചിട്ടുള്ള വിഷയങ്ങൾ താഴെ കാണുന്നവയാണു്: 1) റഷ്യയിലെ സ്വാതന്ത്ര്യം; 2) റഷ്യയിലെ വിദ്യാഭ്യാസം; 3) റഷ്യയിലെ തൊഴിലാളിക്ഷേമം; 4) റഷ്യയിലെ കൂട്ടകൃഷി; 5) റഷ്യയിലെ നീതിന്യായംനടത്തൽ; 6) റഷ്യയിലെ കൂലിയും വിലയും; 7) റഷ്യയിലെ ശുദ്ധീകരണങ്ങൾ; 8) റഷ്യയിലെ നിർബന്ധവേല; 9) റഷ്യയുടെ സാമ്രാജ്യദുഷ്പ്രഭുത്വം; 10) റഷ്യയുടെ ആക്രമണങ്ങൾ. ഈ പത്തു ലഘുലേഖകളും ഓരോ പ്രതി ഉൾപ്പെടുന്ന സെററു് ആവശ്യക്കാർക്കു് ലഭിക്കുന്നതാണു്. സെററു് ഒന്നുക്കു് വില 1ണ. 8സ. പോസ്റ്റേജ് ആവശ്യക്കാർ വഹിക്കണം. പോസ്റ്റേജ് റേററു് ആദ്യത്തെ 5 രൂപാതുക്കത്തിനു് 9 പൈ; തുടർന്നുള്ള ഓരോ രണ്ടര രൂപാതുക്കത്തിനും 3 പൈ; രണ്ടുസെററു് ലഘുലേഖ ഏകദേശം 5 രൂപാതൂക്കം വരും. വിലയും പോസ്റ്റേജുംകൂടി ഒരു രൂപായിൽതാഴെ വരുന്നെങ്കിൽ അതിനു സ്റ്റാമ്പയച്ചാൽ മതിയാകും. അതിൽ കൂടുതലുള്ള തുക മണിയോർഡർ അയക്കണം.

ഓരോ ലഘുലേഖയുടേയും 1000 പ്രതികൾമാത്രമേ അച്ചടിച്ചിട്ടുള്ളു.

ആവശ്യപ്പെടേണ്ടും മേൽവിലാസം:
സേവാസംഘം,
വിൻസെൻഷ്യൻ ഹൗസ്
തോട്ടകം, വൈക്കം

N. B. ഈ ലഘുലേഖകളുടെ വൈശിഷ്ട്യം, അവയിലുദ്ധരിച്ചിരിക്കുന്ന സാക്ഷ്യങ്ങളെല്ലാം കമ്മ്യൂണിസ്റ്റുകാർക്കു് നിഷേധിക്കുവാൻ സാദ്ധ്യമല്ലാത്ത റഷ്യൻ കമ്മ്യൂണിസ്റ്റുപത്രങ്ങളുടെ പ്രസ്താവങ്ങളാകുന്നു എന്നതാണു്.

## ASSISI SISTERS OF MARY IMMACULATE

ഈ സന്യാസിനീസമൂഹത്തിൽ ചേരുന്നതിനു് ആഗ്രഹമുള്ള VI Form ജയിച്ചതോ അതിൽ കൂടുതൽ പഠിപ്പുള്ളതോ ആയ പെൺകുട്ടികളെ ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾ ഇവിടത്തെ സ്ഥാപനങ്ങളും കന്യകാമഠങ്ങളും നേരിട്ടു സന്ദർശിച്ചോ താഴെ കാണുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചോ അറിയുക.

ASSISI CONVENT, GREEN GARDENS,
SHERTALLAY

യുവഫ്റാൻസിസ്കൻ മൂന്നാംസഭയുടേയും സത്യാരാധനാസഖ്യാംഗങ്ങളുടേയും ആഭിമുഖ്യത്തിൽ 1953 ഏപ്രിൽ 20-ാംനു വൈകുന്നേരം 6 മണിമുതൽ 24-ാംനു കാലത്തു് 8 മണിവരെ ചങ്ങനാശ്ശേരി സെൻറു് ബർക്കുമൻസ് കോളെജിൽവച്ചു് ഒരു ഏകാന്തധ്യാനം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ധ്യാനഗുരു ഒരു കപ്പൂച്ചിൻ വൈദികൻ. ആഗ്രഹമുള്ള ഏവർക്കും ഇതിൽ സംബന്ധിക്കാവുന്നതാണു്. വിവരം കാലേകൂട്ടി താഴെകാണുന്ന മേൽവിലാസത്തിൽ അറിയിക്കുകയും ഏപ്രിൽ 2-ാംനു കിട്ടത്തക്കവണ്ണം ആൾ ഒന്നിനു് 5 രൂപാവീതം അയച്ചുതരുകയും വേണം.

ബ. ലിയൊ അച്ചൻ,
വി. അന്തോനീസിൻെറ ആശ്രമം, കൊല്ലം

## External Manifestation of God

'Show me your God!' the doubter cries.
I point him out the smiling skies;
I show him all the woodland greens;
I show him peaceful sylvan scenes;
I show him winter snows and frost;
I show him waters tempest-tossed;
I show him hills rock-ribbed and strong;
I bid him hear the thrush's song;
I show him flowers in the close-
The lily, violet and rose;
I show him rivers, babbling streams;
I show him youthful hopes and dreams;
I show him stars, the moon, the sun;
I show him deeds of kindness done;
I show him joy, I show him care,
And still he holds his doubting air,
And faithless goes his way, for he
Is blind of soul, and cannot see!

J. K. Bangs